കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# കളമശ്ശേരി നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website : www.ksad.kerala.gov.in
e-mail:lfadekm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(എം.2)2001/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
**തീയതി : 02.03.2020**

ജോയിന്റ് ഡയറക്ടർ

ചെയർമാൻ,
കളമശ്ശേരി നഗരസഭ (സെക്രട്ടറി മുഖാന്തിരം)

സർ,

വിഷയം:- കളമശ്ശേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കളമശ്ശേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ 1-13, 1-31, 1-42, 1-49 ഖണ്ഡികകളിലേയ്ക്കും ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23 കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :-

1) ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3) ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, എറണാകുളം.
5) ഓഫീസ് കോപ്പി.

നം.കെ.എസ്.എ-ഇ.കെ.എം(എം.2)2001/2019 തീയതി: 02.03.2020

## <u>എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

## <u>ഓഡിറ്റ് റിപ്പോർട്ട്</u>

***(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)***

എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 62 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### <u>എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി.,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.11.2019 മുതൽ<br>03.12.2019 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>:

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മൈക്കിൾ.കെ.എ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി. ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ. ഗോപകുമാർ. എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. പ്രസാദ്.പി.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| [illegible] | [illegible] |

| | |
|---|---|
| ശ്രീ. സന്തോഷ് കുമാർ.എം | ഓഡിറ്റർ (ഹ.ഗ്രേ.) |
| ശ്രീമതി. ബെറ്റ്സി സി.എക്സ് | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി. റുഖിയ ജമാൽ | 1.4.2018<br>31.3.2019 |
| വൈസ് ചെയർമാൻ & ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ. ടി.എസ്.അബൂബക്കർ | 1.4.2018<br>31.3.2019 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി. ലൈബി ബാബു | 1.4.2018<br>31.3.2019 |
| ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി. വീണമോൾ വർഗ്ഗീസ് | 1.4.2018<br>17.7.2019 |
| | ശ്രീമതി. സുൽഫത്ത് ഇസ്മായേൽ | 18.7.2018<br>31.3.2019 |
| വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി. സബീന ജബ്ബാർ | 1.4.2018<br>31.3.2019 |
| പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ. എ.കെ.ബഷീർ | 1.4.2018<br>31.3.2019 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീ. ഷാജഹാൻ കടപ്പിള്ളി | 1.4.2018<br>31.3.2019 |
| സെക്രട്ടറി | ശ്രീ. എസ്.ശ്രീകുമാരൻ സൂപ്രണ്ട്- (സെക്രട്ടറി- ഇൻ-ചാർജ്ജ്) | 01.04.2018<br>13.06.2018 |
| | ശ്രീ. സാംജി ഡേവിഡ് | 14.6.2018<br>26.09.2018 |
| | ശ്രീ. എസ്. ശ്രീകുമാരൻ (സെക്രട്ടറി- ഇൻ-ചാർജ്ജ്) | 27.09.2018<br>11.11.2018 |
| | ശ്രീ. സാംജി ഡേവിഡ് | 12.11.2018<br>02.01.2019 |
| | ശ്രീ.എസ്.ശ്രീകുമാരൻ(സെക്രട്ടറി- ഇൻ-ചാർജ്ജ്) | 03.01.2019<br>29.01.2019 |
| | ശ്രീ. സാംജി ഡേവിഡ് | 30.01.2019<br>31.01.2019 |
| | ശ്രീ. എസ്.ശ്രീകുമാരൻ (സെക്രട്ടറി- ഇൻ-ചാർജ്ജ്) | 01.02.2019<br>07.03.2019 |
| | ശ്രീ. ബി.അനിൽകുമാർ | 08.03.2019<br>31.03.2019 |

മറ്റു നിർവ്വഹണോദ്യോഗസ്ഥരുടെ പേരുവിവരം

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി. മഞ്ജുബാല കെ.ടി. | 1.04.2018 | 07.06.2018 |
| | ടൈറ്റസ് | 08.06.2018 | 13.08.2018 |
| | ഷിബു നൽപ്പാട്ട് (അധികച്ചുമതല) | 14.08.2018 | 20.08.2018 |
| | സുജാ കുമാരി | 21.08.2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സൗമ്യ വി.എസ്. | 1.4.2018 | 19.06.2018 |
| | ശ്രീ.അനിയൻ കുഞ്ഞ് എൻ.ജി. | 20.06.2018 | 15.12.2018 |
| | ശ്രീമതി. സൗമ്യ വി.എസ്. | 16.12.2018 | 27.02.2019 |
| | ശ്രീ.അനിയൻ കുഞ്ഞ് എൻ.ജി. | 28.02.2019 | 06.03.2019 |
| | ശ്രീ.ഡിറ്റോ ദാസ് | 07.03.2019 | 31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി.ശ്രീബാല | 1.4.2018 | 31.3.2019 |
| വെറ്ററിനറി സർജൻ | ഡോ. പ്രസന്ന | 1.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീ സർ, (പിഎച്ച്.സി.) | ഡോ. നസീർ വി. | 1.4.2018 | 31.3.2019 |
| മെഡിക്കൽ ഓഫീ സർ, (ആയുർവ്വേദം ) | ഡോ. ബീന വർഗ്ഗീസ് | 1.4.2018 | 31.3.2019 |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി. ഹണിമോൾ ജെ. കട്ടക്കയം | 1.4.2018 | 31.3.2019 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അനഘ പി.വി. | 1.4.2018 | 31.3.2019 |
| ഹെഡ്മിസ്ട്രസ് , ഗവ.എച്ച്.എസ്. | ശ്രീമതി. ജയലക്ഷ്മി. | 1.4.2018 | 31.3.2019 |
| ഹെഡ്മിസ്ട്രസ് , ഗവ.എച്ച്.എസ്.എസ്. | ശ്രീമതി. രേഖ | 1.4.2018 | 31.3.2019 |
| പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ്. | ശ്രീമതി. നവീന | 1.4.2018 | 31.3.2019 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. പ്രിയ എസ്. | 1.4.2018 | 31.3.2019 |
| ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അഞ്ജുകുര്യൻ | 1.4.2018 | 31.3.2019 |
| 1st ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (പ്രോജക്ട് ഓഫീസർ) | ശ്രീ. മാത്യൂ ജോർജ് | 1.4.2018 | 31.3.2019 |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. അനിൽകുമാർ എൻ.വി. | 1.4.2018 | 31.3.2019 |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് ഇംപാക്റ്റ്- അധികം നല്കിയ തുക തിരിച്ചടച്ചു. | 1-12 |
| 13 | സർക്കാർ ഉത്തരവിനു വിരുദ്ധമായി അച്ചടിച്ച രസീതുകൾ ഉപയോഗിക്കുന്നു | 1-13 |
| 14 | ഡി ആന്റ് ഒ ലൈസൻസ് ഫീ-അപാകതകൾ | 1-14 |
| 15 | വാടക അപാകതകൾ | 1-15 |
| 16 | ടൗൺ ഹാൾ വാടക-അപാകതകൾ | 1-16 |
| 17 | ബങ്കുകളുടെ വാടക ഈടാക്കിയില്ല | 1-17 |
| 18 | വസ്തു നികുതി- അപാകതകൾ | 1-18 |
| 19 | വസ്തു നികുതി-അടവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-19 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കൃത്യമായി ഈടാക്കുന്നില്ല | 1-20 |
| 21 | തൊഴിൽ നികുതിയിനത്തിലെ അപാകതകൾ | 1-21 |
| 22 | മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല | 1-22 |
| 23 | ഫൈനൽ ബില്ലിൽ നിന്ന് GST ഈടാക്കിയിട്ടില്ല | 1-23 |
| 24 | നഗരസഭയിൽ കേസുകൾ സംബന്ധിച്ച് സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-24 |
| 25 | അനധികൃത നിർമ്മാണം ക്രമവൽക്കരിക്കൽ- വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-25 |
| 26 | ജി എച് എസ്.കളമശ്ശേരി, ജി എൽ പി എസ് എച് എം ടി കോളനി -അമിത വെള്ളക്കരം പരിശോധിക്കേണ്ടതാണ്. | 1-26 |
| 27 | കേരളവാട്ടർ അതോറിട്ടിയിൽ നിക്ഷേപപ്രവൃത്തികൾ- സെന്റേജ് ചാർജ്ജ് അധികം നല്കി | 1-27 |
| 28 | വൈദ്യുതി ബിൽ - കൺസ്യൂമർ നമ്പറുകൾ ഏത് ആസ്തികളുടേതെന്ന് വ്യക്തമല്ല. | 1-28 |
| 29 | നഗരസഭയുടെ സയൻസ് പാർക്ക്-പ്രത്യേക അക്കൗണ്ട് സൂക്ഷിക്കണം | 1-29 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 30 | ഇ ഗവേണൻസ് പദ്ധതി- പ്ലാൻഫണ്ടിൽ നിന്നും വേതനം നൽകിയത് പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം | 1-30 |
| 31 | മുൻവർഷങ്ങളിലെ തനത് ഫണ്ട് പ്രവൃത്തികളുടെ ബിൽ തുക നൽകൽ -കൃത്യമായ കണക്കുകൾ ഇല്ല | 1-31 |
| 32 | ആധുനിക രീതിയിലുള്ള കൺവെൻഷൻ സെന്റർ- ഫീസിബിലിറ്റി പഠനം നടത്താതെ ആർക്കിടെക്ചറൽ.സ്ട്രക്ചറൽ ഡിസൈൻ-പദ്ധതി നടപ്പിലായില്ല | 1-32 |
| 33 | യു ഡഎെഡിഎസ് എസ് എം ടി -ഡി പി ആർ തയ്യാറാക്കൽ -കൺസൾട്ടൻസി ഫീസ് ബാധ്യത | 1-33 |
| 34 | സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ- പദ്ധതി പൂർത്തീകരിച്ചില്ല. | 1-34 |
| 35 | ഉറവിട മാലിന്യ സംസ്കരണ പ്ലാന്റ്-വിൻഡ്രോ കമ്പോസ്റ്റ് (തുമ്പൂർമുഴി മോഡൽ)- പദ്ധതി പൂർത്തീകരിച്ചില്ല | 1-35 |
| 36 | പൂർത്തീകരണത്തിന് കാലതാമസം- നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്. | 1-36 |
| 37 | വയോജനങ്ങളുടെ ശാരീരിക മാനസിക ഉന്നമനത്തിനായി ഉല്ലാസയാത്ര- പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം | 1-37 |
| 38 | വികലാംഗ ക്ഷേമ സഹായ ഉപകരണങ്ങൾ മുഴുവനായും വിതരണം ചെയ്തിട്ടില്ല. | 1-38 |
| 39 | ബാലസഭ പ്രവർത്തനങ്ങൾ | 1-39 |
| 40 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ | 1-40 |
| 41 | ദേശീയ വഴിയോര കച്ചവട നിയമം നടപ്പാക്കിയില്ല | 1-41 |
| 42 | നഗരസഭാ ബസ് സ്റ്റാന്റ് നിഷ്ക്രിയ ആസ്തിയായി തുടരുന്നു | 1-42 |
| 43 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-അപാകതകൾ | 1-43 |
| 44 | ബി.എസ്.യു.പി ഫണ്ട് – അക്കൗണ്ട് ക്ലോസ് ചെയ്ത് തുക തിരിച്ചടച്ചില്ല. | 1-44 |
| 45 | സാങ്ഷൻഡ് പോസ്ററിനേക്കാൾ അധികം ജീവനക്കാരെ നിയമിച്ചിരിക്കുന്നു | 1-45 |
| 46 | പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല | 1-46 |
| 47 | തനത് ഫണ്ട് അക്കൗണ്ടുകൾ- കണക്കുകൾ കൃത്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. | 1-47 |
| 48 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-പദ്ധതി അപാകതകൾ | 1-48 |
| 49 | എസ് സി ഷോപ്പിംഗ് കോംപ്ലക്സ് - അഞ്ചു വർഷമായി നിഷ്ക്രിയാസ്തിയായി തുടരുന്നു. | 1-49 |
| 50 | ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ മാലിന്യസംസ്കരണത്തിന് ഫീസ് അടവാക്കൽ-തനത് | 1-50 |

| | | |
|---|---|---|
| | ഫണ്ട് വിനിയോഗിക്കണം | |
| 51 | മാലിന്യ ശേഖരണം-യൂസർഫീ കൃത്യമായി ഈടാക്കുന്നില്ല. | 1-51 |
| 52 | ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം യഥാസമയം നൽകുന്നില്ല. | 1-52 |
| 53 | ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ | 1-53 |
| 54 | വർക്ക് ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-54 |
| 55 | കുടുംബശ്രീ -സി.ഡി.എസിന് മുൻകൂർ നല്കിയ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-55 |
| | <u>ഭാഗം 2</u> | |
| 56 | റോഡ് കട്ടിംഗ് - റെസ്റ്റോറേഷൻ ഫീസ് ഈടാക്കിയതിലെ അപാകതകൾ | 2-1 |
| 57 | ലൈസൻസ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കി | 2-2 |
| 58 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - രൂ.18054/- | 2-3 |
| 59 | ടെണ്ടർ ഫോറം വില ഈടാക്കിയത് കുറവ് | 2-4 |
| 60 | പിരിച്ച മുഴുവൻ തുകയും നഗരസഭയിൽ അടവാക്കിയില്ല | 2-5 |
| | <u>ഭാഗം 3</u> | |
| 61 | ബസ് ടെർമിനൽ നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ | 3-1 |
| 62 | അധിക അളവിൽ ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു. രൂ. 16023 നഷ്ടം | 3-2 |
| | <u>ഭാഗം 4</u> | |
| 63 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 64 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 65 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 66 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 67 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 68 | സ്ഥിര നിക്ഷേപം | 4-6 |
| 69 | ഓഡിറ്റ് റിക്കവറി | 4-7 |
| 70 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 71 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 72 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 73 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 74 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |

| | | |
|---|---|---|
| 75 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 76 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 77 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |

.

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018-ാം തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 02.03.19-ാം തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31,07.2019 | 19.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13,15,41,081 |
| വരവ് | 45,06,47,397 |
| ആകെ | 58,21,88,478 |
| ചെലവ് | 36,13,76,119 |
| നീക്കിയിരിപ്പ് | 22,08,12,359 |

## 1-4 ഫണ്ട് വിനിയോഗം

.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 56274820 | 56274820 | 51004001 | 5270819 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 23880000 | 23880000 | 23880000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1533000 | 1533000 | 823000 | 710000 |
| മെയിന്റനൻസ്, റോഡ് (ACR | 0 | 30276000 | 30276000 | 30276000 | 0 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 11876000 | 11876000 | 11876000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 76567997 | 76567997 | 36655967 | 39912030 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | |
| SWTP- Syndicate Bank-58986 | 5942986 | 241308 | 6184294 | 0 | 6184294 |
| NULM- Union Bank-15255 | 306774 | 3276882 | 3583656 | 3188763 | 394893 |
| IDSMT- Syndicate Bank-75600 | 909815 | 68215 | 978030 | 0 | 978030 |
| Physio- Syndicate Bank- | 231 | 18 | 249 | 0 | 249 |
| SM(Biogas) -Syndicate Bank – 8636 | 3217260 | 162351 | 3379611 | 0 | 3379611 |
| BSUP- Syndicate Bank | 5725852 | 0 | 5725852 | 3037980 | 2687877 |
| SM- Baroda of Bank | 468021 | 3667 | 471688 | 372876 | 98812 |
| PMAY- Axis Bank-2028 | 21746893 | 54683336 | 76430229 | 65575865 | 10854364 |
| ISUI- Bank of India | 728919 | 86690 | 815609 | 0 | 815609 |
| Punjab National Bank-8083 | 2666148 | 110066 | 2776214 | 188104 | 2588110 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ-** KURDFC(Loan) - SBT -1435 | 5844 | 251 | 6051 | 223 | 5872 |
| AUEGS- Syndicate Bank-75595 | 795908 | 2862255 | 3658163 | 1378905 | 2279258 |
| ബി ഫണ്ട് | 0 | 72677400 | 72677400 | 72677400 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (*) | 0 | 26753284 | 26753284 | 26753284 | 0 |
| തനത് ഫണ്ട് — ബാങ്ക് അക്കൗണ്ട് SBT -2221 | 63841396 | 342233266 | 406074662 | 291162514 | 114912148 |
| തനത് ഫണ്ട് — ട്രഷറി അക്കൗണ്ട് | 22284010 | 88802745 | 111086755 | 37635024 | 73451731 |
| മറ്റിനം-PVR A/c –Federal Bank-331176 | 249905 | 9196 | 259101 | 0 | 259101 |
| Regular Pension- SBI-1937 | 15147 | 272 | 15419 | 0 | 15419 |
| SBI -Own fund- 1412 | 493913 | 14045 | 507958 | 102399 | 405559 |
| TPA-313 | 9356 | 29142 | 38498 | 0 | 38498 |
| Science Park – Syndicate Bank-83411 | 73149 | 5485 | 78634 | 0 | 78634 |
| Bank of Baroda-11162 | 3528 | 2846 | 6374 | 2846 | 3528 |
| SBI- 31583330137 | 701303 | 0 | 701303 | 701303 | 0 |

(*) 2018-19 വർഷത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 2,67,53,284/- രൂപ വന്നിരുന്നു. ഈ തുക STSB -16 എന്ന ട്രഷറിയിലെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 283540531 | 168 | 152842405 | 29 | 40 | 71% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളിൽ ചിലത്</u>

1) സ്വയം തൊഴിലിന് ടാക്സി കാർ (വനിത)- 1,50,000/-

2)സ്വയം തൊഴിലിന് ടാക്സി പിക് അപ് - 2,00,000/

3) മൃഗാശുപത്രിക്ക് ഇൻസിനേറ്റർ- 90,000/-

4) ശുദ്ധീകരിച്ച കുടിവെള്ളം- 31,00,000/-

5) പബ്ലിക് ടോയ്‌ലെറ്റ് നിർമ്മാണം - 30,38,000/-

പ്രൊജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്തിരുന്ന 6,93,29,700/- രൂപ യുടെ അടങ്കൽ തുകയിൽ 3,61,86,412/- രൂപ മാത്രമേ 2018-19 വർഷം ചെലവഴിച്ചിട്ടുള്ളൂ. കേവലം 52% മാത്രം ചെലവാണ് വന്നിരിക്കുന്നത്. "ലൈഫ് ഭൂരഹിത- ഭവന രഹിതപദ്ധതിക്കുവേണ്ടി സ്ഥലം വാങ്ങൽ" എന്ന പ്രൊജക്ടിന് വകയിരുത്തിയ 2 കോടി രൂപയും ചെലവഴിക്കാനായിട്ടില്ല.

ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്തിരുന്ന 13 പ്രൊജക്ടുകൾക്ക് വകയിരുത്തിയ 2,69,83,887/- രൂപയിൽ 5 പ്രൊജക്ടുകൾക്കായി 98,58,763/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ശുദ്ധീകരിച്ച കുടിവെള്ളം, പബ്ലിക് ടോയ്‌ലെറ്റ് നിർമ്മാണം എന്നീ പ്രൊജക്ടുകൾ നടപ്പിലാക്കാത്തവയിൽ ഉൾപ്പെടുന്നു.

ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്തിരുന്ന 8 പ്രൊജക്ടുകൾക്കായി 58,90,000/- രൂപ ഗുണഭോക്തൃവിഹിതം ഉൾപ്പെടെ വകയിരുത്തിയ 75,05,000/- രൂപയിൽ നടപ്പിലാക്കിയ 3 പ്രൊജക്ടുകൾക്കായി 4,10,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 795910 | | | | 2279260 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 2883755 | 3679665 | 1400405 | |
| ആകെ | 795910 | 2883755 | 3679665 | 1400405 | 2279260 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിച്ചെലവുകൾ വാർഷികധനകാര്യപ്പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22200 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 2224000 | 198 |
| വിധവാപെൻഷൻ | 20382000 | 1793 |
| വാർദ്ധക്യകാലപെൻഷൻ | 44766000 | 3777 |
| വികലാംഗപെൻഷൻ | 7614300 | 440 |
| 50 വയസ്സിന് മുകളിലുള്ള പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 870800 | 58 |

വികലാംഗ പെൻഷൻ, അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2019 ന് റവന്യൂ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34,361/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 അഭ്യന്തര നിയന്ത്രണം

**(1) ഡി.ആന്റ് ഒ.ലൈസൻസ് – അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ വീഴ്ചകൾ**

1. ഫീൽഡ് പരിശോധന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. ലൈസൻസിനുള്ള അപേക്ഷകളിലും ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷകളിലും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
3. അപേക്ഷകന്റെ ഒപ്പും തീയതിയും ഇല്ലാതെ ലഭിച്ച അപേക്ഷകൾക്കും ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നതായി കാണുന്നു.
4. 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള ഭൂരിഭാഗം അപേക്ഷകളിലും, ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നതിൽ, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരായ സെക്രട്ടറിയുടേയോ ഹെൽത്ത് ഓഫീസറുടേയോ, അംഗീകാരം കാണുന്നില്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ പ്രാഥമിക ശുപാർശ മാത്രം കാണുന്നു.
5. ലൈസൻസ് അനുവദിച്ച വിവരങ്ങൾ ചേർത്തിരിക്കുന്ന രജിസ്റ്ററിൽ ലൈസൻസ് നമ്പറുകൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

**(2) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ അപാകതകൾ**

നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കുന്ന പ്രൊജക്ടുകളിൽ സാധനസാമഗ്രികൾ വാങ്ങി വിതരണം ചെയ്യുന്നത് സ്റ്റോക്കിൽ ചേർക്കുന്നതിൽ കൃത്യത പാലിക്കുന്നില്ല. ഉദാഹരണമായി ഗവ.ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ നടപ്പാക്കിയ 4 പ്രൊജക്ടുകളിൽ കമ്പ്യൂട്ടർ അനുബന്ധസാമഗ്രികൾ, വാട്ടർ പ്യൂരിഫൈയർ എന്നീ സാമഗ്രികൾ വാങ്ങിയത് സ്റ്റോക്കിലെടുക്കുകയോ, ഇഷ്യൂ ചെയ്തതായി കാണിക്കുകയോ ചെയ്തിട്ടില്ല.

**(3) <u>ബാങ്ക് റീകൺസിലിയേഷൻ കൃത്യമല്ല</u>**

നഗരസഭയുടെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത 2010 ജൂൺ മാസം മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിലെ ചെക്കുകളുടെ കണക്കാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഈ ചെക്കുകളുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല.

**(4) <u>ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത</u>**

നഗരസഭയുടെ ക്യാഷ് ബുക്ക് പ്രതിമാസമോ, വാർഷികമോ ആയിപ്പോലും ക്ലോസ്സ് ചെയ്ത് ബാങ്ക്/ട്രഷറി റീകൺസിലിയേഷൻ നടത്തി പരിപാലിക്കുന്നില്ല. ഓരോ മാസാവസാനവും ക്യാഷ് ബുക്കിൽ പേജുകൾ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. ക്യാഷ് ബുക്കിൽ പേജുകൾ ഒഴിച്ചിടുന്നത് ശരിയായ നടപടിക്രമമല്ല.

**(5) <u>വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.</u>**

തനത് ഫണ്ട് വൗച്ചറുകളിൽ ഒരേ ആവശ്യത്തിന് വേണ്ടി ഒരേദിവസം ഒന്നിലധികം വൗച്ചറുകൾ എഴുതിയതായി കാണുന്നു. ഉദാഹരണത്തിന് CLR ജീവനക്കാരുടെ വേതനം നല്കുന്നതിന് എല്ലാ ജീവനക്കാർക്കും കൂടി ഒരു ദിവസം ഒരു വൗച്ചറിൽ തന്നെ രേഖപ്പെടുത്താമെന്നിരിക്കെ ഓരോ ജീവനക്കാർക്കും പ്രത്യേകം വൗച്ചറുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇപ്രകാരം വൗച്ചറുകളുടെ ആവർത്തനം ഒഴിവാക്കാവുന്നതാണ്.

**(6) <u>ചട്ടപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>**

(1) 2018 ലെ കേരള നഗരസഭാ (അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കൽ) ചട്ടങ്ങൾക്ക് വിധേയമായി റഗുലറൈസ് ചെയ്ത എല്ലാ അനധികൃത നിർമ്മാണങ്ങളുടേയും വിശദവിവരം രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതും അതിൽ അപേക്ഷകന്റെ പേര്, സർവ്വെ നം,എത്ര നിലകൾ, ഓരോ നിലയുടേയും തറവിസ്തീർണ്ണം, ഏത് ചട്ടലംഘനമാണ് റഗുലറൈസ് ചെയ്തത്, സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ അനുവാദം തുടങ്ങിയ വിവരങ്ങൾ ഉണ്ടായിരിക്കണമെന്നും അതേ ചട്ടങ്ങളിലെ ചട്ടം 6(18)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയിൽ അത്തരത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലാണ് റഗുലറൈസേഷനുള്ള അപേക്ഷകളും ചേർക്കുന്നത്. അതിൽത്തന്നെ അപേക്ഷ ലഭിച്ച വിവരം മാത്രമേ രേഖപ്പെടുത്തിക്കാണുന്നുള്ളൂ. നഗരസഭയിൽ ചട്ടപ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(2)മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കളമശ്ശേരി നഗരസഭയിൽ 2018-19 വർഷം 131 പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. എന്നാൽ തൻവർഷം നടപ്പാക്കാൻ സാധിച്ചത് 86 പ്രൊജക്ടുകൾ മാത്രമാണ്. അതായത് 66% മാത്രം. ടെൻഡർ നടപടികൾ പൂർത്തിയാക്കിയ പ്രൊജക്ടുകൾ പോലും അതാത് സാമ്പത്തിക വർഷം പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യമുണ്ട്. ഇതിനൊരു കാരണം ടെൻഡർ നടപടികൾ കഴിഞ്ഞ് കരാർ വെച്ച് സൈറ്റ് ഏറ്റെടുത്തതിന് ശേഷം പോലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന പ്രവണത കാണുന്നു എന്നതാണ്.

**(7) <u>വർക്ക് ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>**

നഗരസഭാ കൌൺസിലിന്റെ തീരുമാനപ്രകാരം വിവിധ ഡിവിഷനുകളിൽ തനത് ഫണ്ട് ഉപയോഗിച്ച്

മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. അപ്രകാരം തൻവർഷം തുക നൽകിയ പല പ്രവൃത്തികളും 2014-15, 2015-16, 2016-17 വർഷങ്ങളിൽ ഭരണാനുമതിയും ടെണ്ടർ അംഗീകാരവും നൽകപ്പെട്ടവയാണ്. രണ്ടോ മൂന്നോ വർഷങ്ങൾക്ക് മുമ്പ് പൂർത്തിയാക്കപ്പെട്ട പ്രവൃത്തികൾക്ക് കരാറുകാർ ക്ലയിം സമർപ്പിക്കുമ്പോൾ ഈ പ്രവൃത്തികളുടെ തുക ഇതിന് മുമ്പ് കൊടുത്തിട്ടുള്ളതാണോ എന്ന് പരിശോധിക്കാനുള്ള ഒരു സംവിധാനവും നഗരസഭയിൽ നിലവിലില്ല. നിയമപ്രകാരം സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട വർക്ക് ബിൽ രജിസ്റ്റർ സൂക്ഷിക്കാത്തത് മൂലം സമർപ്പിക്കപ്പെടുന്ന ക്ലയിമുകൾ യാതൊരു പരിശോധനയും കൂടാതെ കരാറുകാർക്ക് നൽകപ്പെടുകയാണ് ചെയ്യുന്നത്. വർക്ക് ബിൽ രജിസ്റ്റർ ആധികാരികമായി എഴുതി സൂക്ഷിക്കേണ്ടതാണ്. 50,000/- രൂപയ്ക്ക് മുകളിൽ അടങ്കലുള്ള തനത് ഫണ്ട് പ്രവൃത്തികൾ ഡി.പി.സി. അംഗീകാരം നേടേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.12.2018 | 2017-18 | 30.04.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.10.2019 | 2018-19 | ലഭിച്ചിട്ടില്ല |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് പരിഹരിക്കുവാൻ അവശേഷിക്കുന്ന പരാമർശങ്ങൾ

1. 31.03.2019ലെ ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ " Pension and Gratuity Payable" എന്ന ലയബിലിറ്റി ഹെഡിൽ 40,17,209/- രൂപ (-) ve തുകയായി ചേർത്തിരിക്കുന്നു.

B-9ഷെഡ്യൂളിൽ 350 300 700 – Goods and Service Tax-CGST-എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും, 350 300 800- Goods and Service Tax- SGST- എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും യഥാക്രമം 7,37,117/- , 7,37,125/- രൂപ (-) ve തുകയായി ചേർത്തിട്ടുണ്ട്.

നഗരസഭ അടയ്ക്കാനുള്ള തുകയാണ് B-9 ഷെഡ്യൂളിൽ ലയബിലിറ്റി ഹെഡിൽ കാണിക്കുന്നത്. എന്നാൽ ഈ തുകകൾ മൈനസ് തുകകളായി രേഖപ്പെടുത്തുമ്പോൾ ഇത്രയും തുക ബന്ധപ്പെട്ട ഹെഡിൽ അധികം അടച്ചതായി കണക്കാക്കേണ്ടിവരുന്നു. ഈ അപാകത പരിഹരിക്കേണ്ടതാണ്.

2. ബാലൻസ് ഷീറ്റിലെ B-14 ഷെഡ്യൂളിൽ 430 100 200 – Purchase of Materials -stores-എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 38,19,643/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് തുല്യമായ സ്റ്റോർസ് സ്റ്റോക്കിൽ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

3.ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ 431 409 902 – Other Receivables –എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2,74,81,263/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് ഏതിനത്തിൽ കിട്ടാനുള്ള തുകയാണെന്ന് വ്യക്തമാക്കാൻ കഴിഞ്ഞിട്ടില്ല. 2017-18 ലെ ബാലൻസ് ഷീറ്റിലും 31.03.2018ൽ 2,04,65294/- രൂപ കിട്ടാനുണ്ടെന്ന് രേഖപ്പെടുത്തിയിരുന്നു.

4. B-21 ഷെഡ്യൂളിൽ 432 100 100 " Provision for Outstanding Property Tax" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ (-) 76,01,686/- രൂപ കാണിച്ചിട്ടുണ്ട്. പ്രോപ്പർട്ടി ടാക്സിലെ കിട്ടാക്കടമായി ഇത്രയും തുക

നിർണ്ണയിച്ചത് എങ്ങനെ എന്ന് വ്യക്തമാക്കിയിട്ടില്ല.

5. കളമശ്ശേരി നഗരസഭയുടെ അധീനതയിലുള്ള സയൻസ് പാർക്കിൽ നിന്നുള്ള വരുമാനം 24,82,850/- രൂപ റസീപ്റ്റ് & പേമെന്റ് പത്രികയിലെ ആസ്തി ഹെഡായ 410 100 102 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നഗരസഭയുടെ വരുമാനം എന്ന നിലയിൽ വരവ് ഹെഡിൽ ചേർക്കേണ്ട ഈ തുക ആസ്തി ഹെഡിൽ ചേർത്തത് ശരിയായ അക്കൗണ്ടിംഗ് രീതിയല്ല.

6. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യപ്പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ 2019-20 അക്കൗണ്ടിൽ പരിഹരിച്ച് അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

# 1-12 ഓഡിറ്റ് ഇംപാക്റ്റ്- അധികം നല്കിയ തുക തിരിച്ചടച്ചു.

കളമശ്ശേരി നഗരസഭയിൽ 2018-19 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര പരിപാടി എന്ന പ്രൊജക്ടിന്റെ ഭാഗമായി നഗരസഭയിലെ 42 വാർഡുകളിലായുള്ള 49 അംഗൻവാടികളിലേക്ക് അരി, മറ്റ് ഭക്ഷണസാമഗ്രികൾ എന്നിവ എത്തിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിനെത്തുടർന്ന് സമർപ്പിക്കപ്പെട്ട 3 ക്വട്ടേഷനുകളിൽ ശ്രീ. മഹേഷ് ജി.യുടെ 3/- രൂപ/കി.ഗ്രാം എന്ന കുറഞ്ഞ നിരക്ക് 22/05/2018 ലെ 7-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ച് നൽകി. അതുപ്രകാരം 06/07/2018ൽ കരാർ വെച്ച് കരാറുകാരൻ സാമഗ്രികൾ അംഗൻവാടികളിൽ എത്തിച്ചതിന് തുക കൈപ്പറ്റിയിട്ടുണ്ട്.

കരാർ പ്രകാരം കിലോഗ്രാമിന് 3/- രൂപ നിരക്കിൽ മാത്രമാണ് കടത്തുകൂലി നൽകേണ്ടത് എന്നിരിക്കേ, 10/2018 ൽ ശ്രീ. മഹേഷിന് കിലോഗ്രാമിന് 3.25/- രൂപ നിരക്കിൽ തുക നല്കിയത് മൂലം 2038/- രൂപ അധികം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നല്കിയ തുക | അനുവദിക്കാവുന്നത് | അധികം നല്കിയത് |
|---|---|---|
| 6152 x 3.25= 19,994 | 6152 x 3 = 18,456 | 1538/- |
| 2000 x 3.25= 6,500 | 2000 x 3 = 6,000 | 500/- |
| ആകെ | | 2038 |

മേൽപ്പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ 2038/- രൂപ ട്രഷറിയിൽ തിരിച്ചടച്ചു. (ചലാൻ നം.KL0111163687019 തീയതി.30.11.2019)
കൂടാതെ SO 52/18-19, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം എഞ്ചിനിറിംഗിന് പഠിക്കുന്ന ആതിര സജീവൻ എന്ന വിദ്യാർത്ഥിക്ക് അനുവദനീയമായ 25,000/ രൂപക്ക് പകരം -30,000/- രൂപ അനുവദിച്ചിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി(നം 40/25.11.19) പ്രകാരം അധികം കൈപ്പറ്റിയ 5000/- രൂപ പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടച്ചു.

# 1-13 സർക്കാർ ഉത്തരവിനു വിരുദ്ധമായി

# അച്ചടിച്ച രസീതുകൾ ഉപയോഗിക്കുന്നു

സർക്കാർ ഉത്തരവ് (ജി.ഒ.(എം.എസ്.)നം.246/2011/എൽ.എസ്.ജി.ഡി. തീയതി 13.10.2011) പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയം വഴിയാണ് രസീതിന്റെ അച്ചടി ജോലികൾ നിർവ്വഹിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും നഗരസഭയിൽ 2018-19 വർഷത്തേക്ക് ആവശ്യമായ രജിസ്റ്ററുകളും ഫോറങ്ങളും അച്ചടിച്ചിട്ടുള്ളത് സ്വകാര്യ സ്ഥാപനമായ മെസ്സേഴ്സ് ബിന്ദിയ പ്രന്റേഴ്സാണ്. അതിന് ചെക്ക് നം. 110503 തീയതി 09.08.2018 പ്രകാരം രൂ.13,56,627/- നൽകിയിട്ടുണ്ട്. ഈ രസീതുകൾ 1 മുതൽ 50000 വരെ ക്രമ നമ്പറിട്ടാണ് അച്ചടിക്കുന്നത്. അത് തീരുന്നതിനു മുമ്പ് തന്നെ അടുത്ത സെറ്റ് രസീതുകൾ 1 മുതൽ 50000 വരെ ക്രമ നമ്പറിട്ട് വീണ്ടും അച്ചടിച്ചിട്ടുണ്ട്. സ്റ്റോക്കിലെടുക്കാത്ത 50001 മുതൽ 50500 വരെയുള്ള രസീതുകൾ 15.02.2018-ൽ ഉപയോഗിച്ചിരിക്കുന്നതായും കാണുന്നു. വീണ്ടും 20.02.2018-ൽ 1 മുതൽ ക്രമനമ്പറിൽ രസീത് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഇവയിൽ നിന്നും 8001 മുതൽ 8028 വരെയും 32225 മുതൽ 32268 വരെയും 35919, 35920വരെയും 36001 മുതൽ 36011 വരെയും ഉള്ള രസീതുകൾ നഷ്ടപ്പെട്ടതായി രസീത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. കോടിക്കണക്കിന് രൂപയുടെ തനത് വരുമാനമുള്ള നഗരസഭയിൽ സാംഖ്യ രസീത് അതീവ ജാഗ്രതയോടും ഗൗരവത്തോടും കൂടി കൈകാര്യം ചെയ്യേണ്ടതാണ്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി നിയമസാധുതയില്ലാത്ത രസീതുകൾ ഈ സ്ഥാപനത്തിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്നുവെന്നു മാത്രമല്ല അവ നഷ്ടപ്പെട്ടിരിക്കുന്നതായും കാണുന്നു. തന്മൂലം നഗരസഭയ്ക്കുണ്ടായ വരുമാന നഷ്ടത്തിന് യാതൊരുവിധ വ്യക്തതയുമില്ല. ഇത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 29-11-2019 ൽ 57-ാം നമ്പറായി ഓഡിറ്റ് എൻക്വയറി കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

സർക്കാർ ഉത്തരവിനനുസരിച്ച് മാത്രം സാംഖ്യ, മാനുവൽ രസീതുകൾ അച്ചടിക്കേണ്ടതും സ്റ്റോക്കിലെടുക്കേണ്ടതും അവ ഇഷ്യൂ ചെയ്യുന്നത് ഉൾപ്പെടെയുള്ള വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. നിയമാനുസൃതമായി രസീത് കൈകാര്യം ചെയ്തില്ലെങ്കിൽ തനതുവരുമാനത്തിൽ ഉണ്ടാകാവുന്ന നഷ്ടം വളരെ വലുതാണെന്നതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

# 1-14 ഡി ആന്റ് ഒ ലൈസൻസ് ഫീ-അപാകതകൾ

(1) ഡി.ആന്റ് ഒ. ലൈസൻസ് ഫീ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല. 2018-19 വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൻവർഷ കുടിശ്ശികയായി 344152/-രൂപയും മുൻവർഷ കുടിശ്ശികയായി 1280943/-രൂപയുമാണ് കുടിശ്ശിക ഡി.ആന്റ് ഒ. ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കാനുള്ളത്. ഇതിന്റെ കൃത്യത ഉറപ്പു വരുത്തിയതായി കാണുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി. പത്രിക തയ്യാറാക്കി ധനകാര്യ പത്രികയുമായി റികൺസൈൽ ചെയ്ത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കേണ്ടതും വകുപ്പ് 511 അല്ലെങ്കിൽ വകുപ്പ് 565(4)പ്രകാരമുള്ള നിയമപരമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

(2) 25.1.2011 -ലെ മുനിസിപ്പാലിറ്റി ഡി.ആന്റ് ഒ. ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഡി. ആന്റ് ഒ. ലൈസൻസ് ഫീ ഈടാക്കുന്നതിനായുള്ള നഗരസഭാകമ്മിറ്റി തീരുമാനവും ബന്ധപ്പെട്ട ഫയലും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നഗരസഭയിൽ ലൈസൻസ് ഫീ ഈടാക്കി വരുന്ന ഷെഡ്യൂൾ മാത്രമാണ് ഹാജരാക്കിയത്. ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള ഷെഡ്യൂളിന്റേയും കമ്മിറ്റി തീരുമാനത്തിന്റേയും ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

(3) ഡി. & ഒ. ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സ്ഥാപനങ്ങളുടെ സ്വഭാവം, തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരസ്ഥാപനങ്ങളേയും എ, ബി, സി എന്നീ മൂന്നു വിഭാഗങ്ങളായി തരം തിരിക്കേണ്ടതാണ്. ലൈസൻസ് ഫീ നിരക്കുകൾ നിശ്ചയിക്കേണ്ടത് ഇതു പ്രകാരമാണെന്നതിനാൽ നഗരസഭയിൽ ഈടാക്കിയിട്ടുള്ള ലൈസൻസ് ഫീയുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ഷെഡ്യൂൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതായി അറിയിച്ചു. അംഗീകരിച്ച ഷെഡ്യൂൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

രജിസ്റ്റർ സൂക്ഷിയ്ക്കുന്നതിലും വരവ് രേഖപ്പെടുത്തുന്നതിലും കൃത്യതയില്ലാത്തതിനാൽ നിയമാനുസൃതമായി നഗരസഭയ്ക്ക് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കുകയും ചെയ്യേണ്ടതാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിനായി സ്ഥലപരിശോധന നടത്തി നഗരസഭാ പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

# 1-15 വാടക പിരിവ് - അപാകതകൾ

(1) കെട്ടിട വാടക ഡിമാന്റ് റജിസ്റ്റർ, അരിയർ ഡിമാന്റ് റജിസ്റ്റർ, എന്നിവ കൃത്യമായി തയ്യാറാക്കുകയോ, രജിസ്റ്റർ പ്രകാരമുള്ള DCB തയ്യാറാക്കി വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2017-18 വാർഷിക ധനകാര്യപത്രിക പ്രകാരം 127454/- രൂപ മാത്രമാണ് ലഭിക്കാനുണ്ടായിരുന്നത് എങ്കിലും 2018-19 വർഷം കുടിശ്ശിക വാടകയിനത്തിൽ 460896/- രൂപ ലഭിച്ചു എന്നത് കുടിശ്ശിക വാടക കൃത്യമായി രേഖപ്പെടുത്തുന്നില്ല എന്ന് വ്യക്തമാക്കുന്നു.

(2) വാടകരജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലില്ലാത്തതിനാൽ 2018-19 വർഷത്തെ വാടക ഡിമാന്റായ 6500000/ രൂപയുടെയും തൻവർഷ വാടക കുടിശ്ശികയായ 1356584 /- രൂപയുടെയും കൃത്യത ഉറപ്പാക്കാനാവുന്നില്ല. ഡിമാന്റിന്റെ കൃത്യത ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

മുൻവർഷങ്ങളിലേയും തൻവർഷത്തേയും വാടക വരവിന്റെ DCB തയ്യാറാക്കി കുടിശ്ശിക കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭയിൽ വാടകരജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തൻവർഷ വാടക DCBയും കുടിശ്ശിക DCBയും തയ്യാറാക്കി കൃത്യത ഉറപ്പാക്കി പകർപ്പ് സഹിതം ഓഡിറ്റിന് പരിശോധനയ്ക്കായി നൽകേണ്ടതാണ്.

# 1-16 ടൗൺ ഹാൾ വാടക-അപാകതകൾ

(1) ടൗൺ ഹാൾ വാടകവരവ് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ രേഖപ്പെടുത്തി വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി കൃത്യത ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

(2) ടൗൺ ഹാൾ ബുക്കിങ്ങ് രജിസ്റ്ററിൽ എല്ലാ ബുക്കിങ്ങുകളും കൃത്യമായി ചേർക്കുന്നില്ല. (ഉദാ. 13-4-18-അനർട്ട് , 17-6-18-താലൂക്ക് മുസ്ലിം ജമാ അത്ത് കൗൺസിൽ എന്നീസ്ഥാപനങ്ങളുടെ ബുക്കിങ്ങ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പല ബുക്കിങ്ങുകളും പെൻസിൽ കൊണ്ട് രേഖപ്പെടുത്തുന്നു.) സൗജന്യമായി അനുവദിക്കുന്ന

ബുക്കിങ്ങ് ഉൾപെടെ എല്ലാ ബുക്കിങ്ങുകളും രജിസ്റ്ററിൽ ചേർക്കുന്നുണ്ട് എന്ന് ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥൻ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

(3) 16-5-2017 മുതൽ പുതുക്കിയ ബൈലോ അനുസരിച്ച് കൂടിയ നിരക്കിൽ വാടക ഈടാക്കി വരുന്നതായി കാണുന്നു. ബൈലോ അംഗീകരിച്ച കമ്മിറ്റി തിരുമാനത്തിന്റെ പകർപ്പ് പരിശോധനക്കായി നൽകേണ്ടതാണ്.

# 1-17 ബങ്കുകളുടെ വാടക ഈടാക്കിയില്ല

നഗരസഭയിൽ എച്ച്.എം.ടി. കവലയുടെ വികസനവുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റിയ പെട്ടിക്കടകൾക്ക് പകരമായി നഗരസഭ 10 ബങ്കുകൾ നിർമ്മിച്ച് നൽകിയിട്ടുള്ളതും 22-5-2018 ലെ 19 ാംനമ്പർ കമ്മിറ്റി തിരുമാനപ്രകാരം 1000/- മാസ വാടകയും 10% വാർഷിക വർദ്ധനവും തിരുമാനിച്ചിട്ടുള്ളതുമാണ്. (ഫയൽ നമ്പർ.R4-9787/18) ഇതു പ്രകാരം 26-5-2018-ൽ നറുക്കെടുപ്പ് നടത്തി അർഹരായവർക്ക് ബങ്കുകൾ കൈമാറിയിട്ടുള്ളതും എല്ലാവരും കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. നഗരസഭയുടെ വാടക വരവുകൾ പരിശോധിച്ചതിൻ പ്രകാരം ബങ്കുകൾ അനുവദിച്ച കിട്ടിയവർ ഇതുവരെ നിശ്ചയിച്ച വാടക അടവാക്കിയിട്ടില്ല. അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ വാടക, കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. വാടക കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-18 വസ്തു നികുതി- അപാകതകൾ

(1) വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി അരിയർ ഡിമാന്റ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയില്ല. വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ കണക്കാക്കുന്നതിന് യാതൊരു രേഖകളും നഗരസഭ സൂക്ഷിയ്ക്കുന്നില്ല. സാംഖ്യ അക്കൌണ്ട് പ്രകാരം കളക്ഷൻ രേഖപ്പെടുത്തുകയും കൃത്യതയില്ലാതെ തൻവർഷ ഡിമാന്റ് അക്കൌണ്ടിൽ രേഖപ്പെടുത്തുന്നതും കാരണം ധനകാര്യ പത്രികയിലെ തൻവർഷ വരവിനും കുടിശ്ശിക ഡിമാന്റ് തുകകൾക്കും യാതൊരു അടിസ്ഥാനവുമില്ല. ഇക്കാരണത്താൽ നഗരസഭയ്ക്ക് ലഭിക്കേണ്ട എല്ലാ നികുതി വരുമാനവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനോ നഷ്ടം തിട്ടപ്പെടുത്തുന്നതിനോ കഴിയുന്നില്ല. തൻവർഷ ഡിമാന്റായ 11,28,75,000/ രൂപയുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം 2018-19 വർഷം കുടിശ്ശിക ഇനത്തിൽ 1,12,82,894/- മാത്രമാണ് ലഭിക്കാനുണ്ടായിരുന്നത് എങ്കിലും ഈ ഇനത്തിൽ 1,27,07,972/ ലഭിച്ചു. ആയതിനാൽ കുടിശ്ശികയുടെ കൃത്യതയും ഉറപ്പാക്കാനാവുന്നില്ല.

(2) തൻവർഷ ഡിമാന്റായ 11,28,75,000/ രൂപയും വരവായ 8,72,16,187/-രൂപയും തമ്മിലുള്ള വ്യത്യാസമായ 2,56,58,813/-രൂപ തൻവർഷ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടില്ല. വളരെയേറെ കെട്ടിടങ്ങളുടെ വസ്തുനികുതി തെറ്റായി രണ്ടു പ്രാവശ്യം അടവാക്കിയതിനാൽ തിരികെ നൽകിയിരിക്കുന്നതായി കാണുന്നു. (ഉദാ-ഫയൽ നം R1-6300/18, R2-6915/18,R1-7017/18, R1-5130/18,R1-6636/18 etc.) ഇത്തരത്തിൽ നികുതി തിരികെ നൽകിയ എല്ലാ കെട്ടിടങ്ങളുടേയും വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

(3) തൻവർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി ഉൾപെടുത്തി ഡിമാന്റ് തുക വർദ്ധിപ്പിക്കുന്നതിനോ, വേക്കൻസി റെമിഷൻ, നികുതി ഒഴിവാക്കൽ എന്നിവ തിട്ടപ്പെടുത്തി അതിനനുസരിച്ച് ഡിമാന്റ് കുറവ് വരുത്തുന്നതിനുള്ള നടപടികളോ സ്വീകരിക്കുന്നില്ല. സാംഖ്യാഅക്കൗണ്ടിൽ

ജേർണൽ എൻട്രി നടത്തി ഡിമാന്റിൽ വരുന്ന ഇത്തരം മാറ്റങ്ങൾ കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(4) 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം നഗരസഭയിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരവും അനുബന്ധ ഉത്തരവുകൾ പ്രകാരവും നിർദ്ദേശിച്ചിട്ടുള്ള, വിവിധ ഉപയോഗക്രമത്തിൽ ഉള്ള കെട്ടിടങ്ങൾക്കുള്ള വസ്തുനികുതി നിരക്കുകൾ നഗരസഭയിൽ നിശ്ചയിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം 540/2019/ തസ്വഭവ തീയതി 6-3-2019 പ്രകാരം വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ചുള്ള വിവരശേഖരണം, ഡാറ്റാ എൻട്രി വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടി ക്രമങ്ങളും 2019 സെപ്റ്റംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് നിർദേശിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ച നടപടികളും തൽസ്ഥിതിയും അറിയിക്കേണ്ടതാണ്.

(5) നഗരസഭയിൽ സ്ഥിതിചെയ്യുന്ന സെന്റ് പോൾസ് കോളേജ്, രാജഗിരി കോളേജ്, ലിറ്റിൽ ഫ്ളവർ ഐ ടി ഐ, സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്നിവയുടെ നികുതി അടവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഈ അപാകതകൾ സംബന്ധിച്ച അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കുടിശ്ശിക ഈടാക്കുന്നതിലും സാരമായ അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതുമാണ്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്ത് സാംഖ്യ അക്കൗണ്ടുമായി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-19 വസ്തു നികുതി-അടവ് വിവരങ്ങൾ ലഭ്യമാക്കിയില്ല

(1) വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, വസ്തു നികുതി അരിയർ ഡിമാന്റ് റജിസ്റ്റർ, എന്നിവ തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയിട്ടില്ലാത്തതിനാൽ വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ്, കളക്ഷൻ എന്നിവ കൃത്യമായി പരിശോധിക്കാനായിട്ടില്ല. ധനകാര്യപത്രിക പ്രകാരം മുൻവർഷ കുടിശ്ശികയായി 439523/- മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. താഴെ ചേർത്ത കെട്ടിടങ്ങളുടെ തൻവർഷ കെട്ടിട നികുതി അടവു വിവരങ്ങളും നിലനിൽക്കുന്ന കുടിശ്ശിക വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | വാർഡ് നം | കെട്ടിട നം | വാർഷിക നികുതി |
|---|---|---|---|
| 1. | 1 | 263-A | 11569 |
| 2 | 1 | 263-B | 17996 |
| 3 | 1 | 406-A | 18845 |
| 4 | 2 | 2-B | 23709 |
| 5 | 2 | 95-A | 9570 |
| 6 | 2 | 283 | 6160 |
| 7 | 3 | 2 | 14665 |

| | | | |
|---|---|---|---|
| 8 | 3 | 4-1/1 | 37298 |
| 9 | 3 | 220-D | 28783 |
| 10 | 3 | 221 | 22574 |
| 11 | 3 | 443-A | 11996 |
| 12 | 3 | 467-A | 36555 |
| 13 | 3 | 467-A1 | 36555 |
| 14 | 3 | 474-B | 11812 |
| 15 | 3 | 558 | 8158 |
| 16 | 3 | 671 | 19449 |
| 17 | 4 | 179-A | 15524 |
| 18 | 4 | 390-B | 22895 |
| 19 | 4 | 390-C | 12719 |
| 20 | 4 | 390-D | 17187 |
| 21 | 4 | 461-B | 46208 |
| 22 | 4 | 461-B1 | 46208 |
| 23 | 4 | 461-C | 92416 |
| 24 | 4 | 461-D | 92416 |
| 25 | 4 | 461-E | 95842 |
| 26 | 4 | 475 | 20801 |
| 27 | 4 | 694-B | 91480 |
| 28 | 4 | 694-B1 | 44842 |
| 29 | 4 | 694-B2 | 20206 |
| 30 | 4 | 694-B3 | 20206 |
| 31 | 4 | 694-B4 | 20752 |
| 32 | 4 | 694-B5 | 21972 |
| 33 | 5 | 7-A | 414477 |
| 34 | 5 | 7-B | 414477 |
| 35 | 5 | 7-C | 264561 |
| 36 | 5 | 7-D | 351319 |
| 37 | 5 | 7-E | 307953 |
| 38 | 5 | 109 | 17861 |
| 39 | 5 | 446 | 9188 |
| 40 | 5 | 774A | 19759 |
| 41 | 5 | 809-A | 7417 |
| 42 | 5 | 809-B | 14149 |
| 43 | 5 | 809-C | 17543 |
| 44 | 5 | 847 | 1680 |
| 45 | 5 | 861 | 14700 |
| 46 | 6 | 32 | 63014 |

| | | | |
|---|---|---|---|
| 47 | 6 | 139-A | 43116 |
| 48 | 6 | 139-B | 40960 |
| 49 | 6 | 162 | 95969 |
| 50 | 7 | 106/15 | 18045 |
| 51 | 7 | 208 | 76020 |
| 52 | 7 | 209 | 12667 |
| 53 | 7 | 210 | 57960 |
| 54 | 7 | 238 | 213217 |
| 55 | 8 | 105-B | 11361 |
| 56 | 8 | 275 | 30093 |
| 57 | 8 | 276 | 18480 |
| 58 | 8 | 284-B | 26395 |
| 59 | 9 | 306-A | 24938 |
| 60 | 9 | 442 | 17881 |
| 61 | 10 | 116-A | 17203 |
| 62 | 10 | 423 | 853 |
| 63 | 11 | 94 | 4469 |
| 64 | 11 | 339-A | 21409 |
| 65 | 11 | 564 | 102816 |
| 66 | 11 | 673-A TO 690 | - |
| 67 | 12 | 110-A | 84788 |
| 68 | 12 | 110-B | 25660 |
| 69 | 12 | 110-C | 10973 |
| 70 | 12 | 112-A5 | 26985 |
| 71 | 12 | 130-E | 17388 |
| 72 | 12 | 152-B1 | 11424 |
| 73 | 12 | 244-A2 | 16622 |
| 74 | 12 | 244-B | 83535 |
| 75 | 12 | 401 | 110382 |
| 76 | 12 | 402 | 110250 |
| 77 | 12 | 403 | 157107 |
| 78 | 12 | 404 | 132957 |
| 79 | 12 | 409 | 32178 |
| 80 | 12 | 414 | 9582 |
| 81 | 12 | 419 | 160603 |
| 82 | 12 | 444 to 465 | |
| 83 | 12 | 483 | 229080 |
| 84 | 12 | 483-A | 79308 |
| 85 | 12 | 483-C | 74211 |
| | | [illegible] | |

| | | | |
|---|---|---|---|
| 86 | 12 | 483-D | 83187 |
| 87 | 12 | 484 | 12600 |
| 88 | 12 | 889 | 208420 |
| 89 | 12 | 890 | 146405 |
| 90 | 12 | 892 | 302400 |
| 91 | 12 | 893 to 896 | |
| 92 | 13 | 597-A | 30112 |
| 93 | 14 | 10 | 6432 |
| 94 | 14 | 300-A3 | 45479 |
| 95 | 14 | 461-A | 13380 |
| 96 | 14 | 475-A26 | 49943 |
| 97 | 15 | 43-A | 3660 |
| 98 | 15 | 165 | 4137 |
| 99 | 16 | 155-A | 20160 |
| 100 | 16 | 392-A | 6082 |
| 101 | 17 | 61 | 80745 |
| 102 | 17 | 243 | 11157 |
| 103 | 17 | 333 | 24979 |
| 104 | 17 | 435-A2 | 36780 |
| 105 | 17 | 435-A3 | 20252 |
| 106 | 18 | 1 | 47907 |
| 107 | 18 | 1-A | 22180 |
| 108 | 18 | 2 | 57603 |
| 109 | 18 | 6-A | 17989 |
| 110 | 18 | 6-A1 | 17989 |
| 111 | 18 | 222 | 12306 |
| 112 | 19 | 4 | 107443 |
| 113 | 19 | 18 | 10452 |
| 114 | 19 | 490 | 11670 |
| 115 | 19 | 491 | 15162 |
| 116 | 20 | 74 | 35295 |
| 117 | 20 | 74-A | 89317 |
| 118 | 20 | 74-B | 33881 |
| 119 | 20 | 363-A | 21737 |
| 120 | 20 | 363-A1 | 44796 |
| 121 | 20 | 363-A2 | 24590 |
| 122 | 20 | 363-A3 | 38273 |
| 123 | 20 | 363-A4 | 207522 |
| 124 | 20 | 363-A5 | 18201 |

| | | | |
|---|---|---|---|
| 125 | 20 | 720 | 17287 |
| 126 | 20 | 720-A | 27894 |
| 127 | 20 | 720-A1 | 23077 |
| 128 | 20 | 728-B | 30595 |
| 129 | 20 | 728-C | 80325 |
| 130 | 21 | 293-A | 89643 |
| 131 | 21 | 321-F | 39718 |
| 132 | 21 | 328-A1 | 17518 |
| 133 | 21 | 380 | 3360 |
| 134 | 21 | 457-A-to B3 | |
| 135 | 21 | 482-A | 129150 |
| 136 | 21 | 573 | 52369 |
| 137 | 21 | 842-A | 137975 |
| 138 | 22 | 701-B | 48140 |
| 139 | 22 | 710-A | 26712 |
| 140 | 22 | 731-B | 35963 |
| 141 | 22 | 745-A | 39331 |
| 142 | 23 | 91 | 9729 |
| 143 | 23 | 125-U | 33915 |
| 144 | 23 | 451 | 32944 |
| 145 | 23 | 452 | 32157 |
| 146 | 23 | 620 | 52306 |
| 147 | 23 | 649A toA8 | |
| 148 | 24 | 39-B | 27998 |
| 149 | 24 | 298-A | 37666 |
| 150 | 24 | 382-A | 9923 |
| 151 | 24 | 450 | 372750 |
| 152 | 24 | 451 | 35832 |
| 153 | 24 | 506-D | 14742 |
| 154 | 24 | 559-A | 70971 |
| 155 | 25 | 553 | 33592 |
| 156 | 25 | 554 | 35569 |
| 157 | 25 | 555 | 33904 |
| 158 | 25 | 556 | 33049 |
| 159 | 25 | 575 | 119963 |
| 160 | 25 | 578-A | 103304 |
| 161 | 25 | 578-A1 | 171681 |
| 162 | 25 | 5 78-A2 | 201971 |
| 163 | 25 | 578-B To 580 | |

| | | | |
|---|---|---|---|
| 164 | 27 | 586-A | 147653 |
| 165 | 29 | 453-B | 20832 |
| 166 | 29 | 453-B1 | 20832 |
| 167 | 29 | 467-A | 145085 |
| 168 | 29 | 467-A1 | 137832 |
| 169 | 30 | 128 | 160272 |
| 170 | 30 | 152 | 76782 |
| 171 | 31 | 62 | 52698 |
| 172 | 31 | 80 | 58013 |
| 173 | 31 | 103-A | 74970 |
| 174 | 31 | 103-B | 15968 |
| 175 | 31 | 191-A | 37377 |
| 176 | 31 | 679 | 71992 |
| 177 | 33 | 720-A | 24113 |
| 178 | 33 | 720-A1 | 54986 |
| 179 | 33 | 721 | 204540 |
| 180 | 33 | 722 | 205092 |
| 181 | 33 | 723 | 221629 |
| 182 | 33 | 750-A | 156936 |
| 183 | 33 | 755 | 124123 |
| 184 | 34 | 397 | 8873 |
| 185 | 34 | 477A | 62676 |
| 186 | 34 | 477A | 62676 |
| 187 | 34 | 577 | 11550 |
| 188 | 34 | 614-A | 25388 |
| 189 | 34 | 630 | 25200 |
| 190 | 34 | 684-A | 39899 |
| 191 | 34 | 684-B | 39899 |
| 192 | 34 | 717 | 38850 |
| 193 | 34 | 744-A | 28071 |
| 194 | 35 | 397 | 8873 |
| 195 | 35 | 466-A | 25013 |
| 196 | 35 | 466-A1 | 22511 |
| 197 | 36 | 102 | 67004 |
| 198 | 36 | 103 | 26851 |
| 199 | 36 | 104 | 26851 |
| 200 | 36 | 201 | 40110 |
| 201 | 36 | 203 | 38010 |
| 202 | 37 | 3-A | 175086 |

| | | | |
|---|---|---|---|
| 203 | 37 | 3-B | 1693032 |
| 204 | 37 | 398-A | 13978 |
| 205 | 39 | 202 | 8820 |
| 206 | 39 | 336 | 16407 |
| 207 | 40 | 6-A | 35439 |
| 208 | 40 | 6-B | 34102 |
| 209 | 40 | 11 | 6986 |
| 210 | 40 | 63 | 13125 |
| 211 | 41 | 212 to 248 | - |
| 212 | 41 | 268 | 24570 |
| 213 | 41 | 269 | 15170 |
| 214 | 41 | 270 | 14490 |
| 215 | 41 | 836-A1 | 50505 |
| 216 | 41 | 871 | 41082 |
| 217 | 41 | 873 | 90137 |
| 218 | 41 | 873-A1 | 23863 |

കെട്ടിടങ്ങളുടെ വസ്തു നികുതി അടവുവിവരങ്ങളും കടിശ്ശികവിവരങ്ങളും അറിയിക്കേണ്ടതാണ്.

(2) നഗരസഭയിൽ അനധികൃത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് UA നമ്പർ നൽകിയിട്ടുള്ള താഴെ ചേർത്ത കെട്ടിടങ്ങളുടെ തൻവർഷ കെട്ടിട നികുതി അടവ് വിവരങ്ങളും നിലനിൽക്കുന്ന കുടിശ്ശിക വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | വാർഡ് നം | കെട്ടിട നം | വാർഷിക നികുതി |
|---|---|---|---|
| 1. | 4 | 27-E | 90516 |
| 2 | 4 | 27-F | 19950 |
| 3 | 21 | 506 | 180300 |
| 4 | 21 | 507 | 9900 |
| 5 | 21 | 507-A | 5700 |
| 6 | 21 | 507-B | 5700 |
| 7 | 21 | 508 | 22800 |
| 8 | 21 | 509 | 85500 |
| 9 | 21 | 509-A | 65100 |
| 10 | 21 | 509-B | 148800 |
| 11 | 18 | 172-A | 46500 |
| 12 | 18 | 133-B | 28350 |
| 13 | 18 | 172 | 37260 |
| 14 | 33 | 296-09-A | 50300 |
| 15 | 33 | 296-09-B | 50200 |

| | | | |
|---|---|---|---|
| 16 | 33 | 296-09-C | 50200 |
| 17 | 33 | 296-09-D | 20100 |
| 18 | 11 | 667-A | 191829 |
| 19 | 25 | 578-A23 | 320638 |
| 20 | 23 | 483-A | 9372 |
| 21 | 12 | 117-A | 926258 |
| 22 | 12 | 117-B | 333056 |
| 23 | 12 | 484-D | 733788 |
| 24 | 4 | 694-A | 130360 |
| 25 | 21 | 451-D | 3738 |

ഈ കെട്ടിങ്ങളുടെ വസ്തുനികുതി അടവുവിവരങ്ങളും കുടിശ്ശികവിവരങ്ങളും അറിയിക്കേണ്ടതാണ്.

## 1-20 മൊബൈൽ ടവറുകളുടെ വസ്തു നികുതി കൃത്യമായി ഈടാക്കുന്നില്ല

നഗരസഭയിൽ സ്ഥിതിചെയ്യുന്ന പഴയ മൊബൈൽ ടവറുകളുടെ വസ്തു നികുതി കൃത്യമായി പുനർ നിർണ്ണയിച്ച് വസ്തുനികുതി ഈടാക്കുന്നില്ല. സഞ്ചയ വസ്തുനിർണ്ണയ രജിസ്റ്ററിൽ പ്രകാരം നഗരസഭയിലെ 14 മൊബൈൽ ടവറുകളുടെ നികുതി വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ബി എസ് എൻ എൽ മൊബൈൽ ടവറുകൾക്ക് നികുതി നിശ്ചയിച്ചതായി കാണുന്നില്ല. ലഭ്യമാക്കിയ വിവരങ്ങൾ അനുസരിച്ച് നഗരസഭയിൽ സ്ഥിതിചെയ്യുന്ന 34മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയ വിവരങ്ങൾ താഴെ ചേർക്കുന്നു. നികുതി അടവാക്കിയ വിവരങ്ങളും കുടിശ്ശിക വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പഴയ കെട്ടിട നം | പുതിയ കെട്ടിട നം | വാർഷിക നികുതി | നികുതി നിർണ്ണയിച്ച തിയതി |
|---|---|---|---|---|
| 1 | 4/430A | | 1330 | 01-01-04 |
| 2 | 4/483A | | 15000 | 01-10-10 |
| 3 | 12/437A | 12/437A | 12000 | 01-10-09 |
| 4 | 12/455E | | 10000 | 01-04-09 |
| 5 | 14/154C | | 12500 | |
| 6 | 14/154B1 | | 15500 | 01-04-08 |
| 7 | 18/239A1 | | 15000 | 01-10-10 |
| 8 | 18/239A | | 15000 | 01-10-10 |
| 9 | 18/123B | | 12000 | 01-04-09 |
| 10 | 19/117A | 6/2700 | 5280 | |
| 11 | 19/151A | | 12000 | 01-10-09 |
| 12 | 19/351 k | | 12000 | 01-04-09 |
| 13 | 21/194J | 24/382A | 15050 | 06-12-09 |
| 14 | 23/201A | | 12100 | 06-12-09 |
| 15 | 23/256B | 29/418 | 4900 | 01-10-07 |
| 16 | 24/329 | | 15000 | 01-10-10 |

| | | | | |
|---|---|---|---|---|
| 17 | 25/119A1 | 25/1190 | 15050 | 01-10-10 |
| 18 | 27/295A | 34/397/1 | 14100 | 01-10-10 |
| 19 | 27/485A | | 985 | 01-10-2000 |
| 20 | 27/30B | | 1250 | 01-4-10 |
| 21 | 27/535A | 33/724 | 2600 | 10-10-08 |
| 22 | 29/143 G | | 12500 | 01-04-209 |
| 23 | 29/157A | 39/202 | 15050 | 01-10-09 |
| 24 | 30/41E | | 10000 | 01-10-08 |
| 25 | 30/118 | | 1210 | 01-04-07 |
| 26 | 32/1065A | 37/915 | 985 | 01-10-02 |
| 27 | 33/396 D2 | | 15000 | 01-10-10 |
| 28 | 36/83 | | 3840 | 01-10-07 |
| 29 | 39/58 | | 1250 | 01-04-10 |
| 30 | | 6/751A | 1260 | 01-04-15 |
| 31 | | 14/144A | 761 | 01-04-15 |
| 32 | | 17/134A | 850 | 01-10-14 |
| 33 | | 17/281A | 2200 | 01-10-13 |
| 34 | | 41/629A | 1071 | 01-10-13 |

മേൽ സൂചിപ്പിച്ച എല്ലാ മൊബൈൽ ടവറുകളുടേയും നികുതി പുതുക്കിയ നിരക്കിൽ നിശ്ചയിച്ച് സഞ്ചയ ഡാറ്റാബേസിൽ ചേർക്കേണ്ടതും നികുതി കുടിശ്ശിക സഹിതം ഈടാക്കി അടവ് വിവരങ്ങൾ അറിയിക്കേണ്ടതുമാണ്. ബി.എസ്.എൻ.എൽ. സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകൾക്ക് നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-21 തൊഴിൽ നികുതിയിനത്തിലെ അപാകതകൾ

(1) കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245(i)(ii) പ്രകാരം തൊഴിൽ നികുതി ഈടാക്കുവാൻ വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്.

(2) നഗരസഭാ പ്രദേശത്തെ കരാറുകാർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ എന്നിവരിൽ നിന്നും അർദ്ധവാർഷിക നികുതിനിരക്കായി (കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 3(2) മുതൽ 11 വരെ) 1250/- രൂപാ വീതം ഈടാക്കേണ്ടതാണ്.

(3) സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ നഗരസഭയിൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. അവ നിയമാനുസൃതം തയ്യാറാക്കി യഥാവിധി സൂക്ഷിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

മുകളിൽപ്പറഞ്ഞിരിക്കുന്ന അപാകതകൾക്ക് 38-ാം നമ്പറായി എൻക്വയറി കൊടുത്തെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.

(4) തൊഴിൽ നികുതി ഈടാക്കുന്നതിലേക്കായി വ്യക്തികളും സ്ഥാപനങ്ങളും സമർപ്പിച്ചിരിക്കുന്ന അർദ്ധവാർഷിക വരുമാന പത്രികകൾ ശരിയായ വിധത്തിൽ പരിശോധന നടത്താതെയാണ് തൊഴിൽ

നികുതി ഈടാക്കിയിരിക്കുന്നത്.

(5) തൊഴിൽ നികുതി ഈടാക്കുന്നതിലേക്കായി ഭൂരിഭാഗം വ്യക്തികളും സ്ഥാപനങ്ങളും സമർപ്പിച്ചിരിക്കുന്ന അർദ്ധവാർഷിക വരുമാന പത്രികകൾ സർക്കാർ അംഗീകൃത ഫോർമാറ്റിലല്ലാത്തതിനാലും അർദ്ധവാർഷിക വരുമാനം ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്താത്തതിനാലും (ഉദാ. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, ഇൻഡസിൻറ് ബാങ്ക്, ISS-SDB സെക്യൂരിറ്റി സർവ്വീസസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മുതലായവ) തൊഴിൽ നികുതിയിനത്തിൽ ലഭ്യമായ വരുമാനത്തിനു കൃത്യതയും വ്യക്തതയുമില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

# 1-22 മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല

കളമശ്ശേരി നഗരസഭയിൽ വിവിധ വർഷങ്ങളിലായി വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ തുക നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ മുൻകൂറുകൾ ക്രമീകരിച്ചതായി കാണുന്നില്ല. മുൻകൂർ രജിസ്റ്റർ പ്രകാരമുള്ള ഇനിയും ക്രമീകരിക്കാത്ത ഏതാനും മുൻകൂറുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തീയതി | മുൻകൂർ നല്കിയ തുക | നല്കിയ ആവശ്യം | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|---|
| 42-10/2006 | 06.10.2006- | 50,000 | Dumping Yard | എ.എൻ. മോഹനൻ ഹെൽത്ത് ഇൻസ്പെക്ടർ |
| 38-10/2010 | 01.10.2010- | 1,00,000 | Dumping Yard | ടി.വി. ശിവദാസൻ റവന്യൂ ഇൻസ്പെക്ടർ |
| 47-8/2011 | 6.8.2010 | 50,000 | Election Purpose | കെ.ജി.പ്രകാശൻ ഹെൽത്ത് ഇൻസ്പെക്ടർ |
| 75-10/2010 | 25.10.2010 | 50,000 | Election Purpose | കെ.ജി.പ്രകാശൻ ഹെൽത്ത് ഇൻസ്പെക്ടർ |
| 66-2/2011 | 14.02.2011 | 6,000 | Election Purpose | കെ.ജി.പ്രകാശൻ ഹെൽത്ത് ഇൻസ്പെക്ടർ |
| 30-5/2010 | 10.05.2010 | 2000 | Vehicle Test | എം.കെ.നന്ദകുമാർ ഹെൽത്ത് ഇൻസ്പെക്ടർ |
| 44-6/2010 | 10.10.2010 | 2,00,000 | Drainage Cleaning | കെ.ജി.പ്രകാശൻ ഹെൽത്ത് ഇൻസ്പെക്ടർ |
| 44-8/2005 | 10.08.2005 | 10000 | Election Purpose | K.S Raman U.D.C |
| 42-2/2011 | 09.02.2011 | 30,000 | Training Advance | എൻ.വിജയകുമാർ സെക്രട്ടറി |
| 88-05/2011 | 09.02.2011 | 4,000 | KLGSDP Training | എൻ.വിജയകുമാർ സെക്രട്ടറി |
| 119-6/2012 | 28.06.2012 | 2,000 | IMG Training | എൻ.വിജയകുമാർ സെക്രട്ടറി |

| | | | | |
|---|---|---|---|---|
| 47-09/2010 | 15.09.2010 | 12,500 | Drainage Cleaning | മുരളീധരൻ Clerk, PWO |
| 123-12/2014 | 22.12.2014 | 3,00,000 | Mobile Incinator | ഡി.ബിജു ജൂനിയർ ഹെൽത്ത് ഇൻസ് പെക്ടർ |
| 180-8/2015 | 26.08.2015 | 10,000 | School Cleanig | രാംകുമാർ Clerk, PWO |
| 25-10/2015 | 01.10.2015 | 30,000 | Anganwadi Stone Laying Ceremony | രാംകുമാർ Clerk, PWO |
| 133-2/2016 | 03.02.2016 | 10,000 | Removal of Unauthorised Hoarding | രാംകുമാർ Clerk, PWO |
| 34-10/2010 | 08.10.2010 | 1,00,000 | Drainage Cleaning | കെ.ജി.പ്രകാശൻ ഹെൽത്ത് ഇൻസ്പെക്ടർ |
| 54-08/2018 | 327181 08/08/18 | 4,20,000 | Flood Relief | രാജേഷ് ആർ. റവന്യൂ ഇൻസ്പെക്ടർ |
| 177-10/2018 | 15.10.2018 | 1,00,000 | Removal of Unauthorised Hoarding | രാജേഷ് ആർ. റവന്യൂ ഇൻസ്പെക്ടർ |
| 21800634 06/09/18 | 327211 21/08/18 | 2,50,000 | Flood Relief | രാജേഷ് ആർ. റവന്യൂ ഇൻസ്പെക്ടർ |
| 178-01/2019 | 21.01.2019 | 25,000 | Removal of Unauthorized Hoardings | രാജേഷ് ആർ. റവന്യൂ ഇൻസ്പെക്ടർ |
| 21801666 29/01/19 | 413543 11/01/19 | 1,00,000 | Expenditure towards cleaning of 42 wards | മാത്യു ജോർജ്ജ് |
| 21802136 13/03/19 | 911844 08/03/19 | 30,000 | Tax Collection Camp | രാജേഷ് .ആർ റവന്യൂ ഇൻസ്പെക്ടർ |
| 21802280 19/03/19 | 657808 21/01/19 | 25,000 | Removal of Advertisement boards | രാജേഷ് .ആർ റവന്യൂ ഇൻസ്പെക്ടർ |
| 21802351 21/03/19 | 549254 20/01/19 | 1,00,000 | Data bank Publishing for Validation | കൃഷി ഓഫീസർ കളമശ്ശേരി നഗരസഭ കൃഷിഭവൻ |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99 പ്രകാരം കണ്ടിജന്റ് ചെലവുകൾക്കായി ജീവനക്കാർ കൈപ്പറ്റുന്ന മുൻകൂർ തുകകൾ വിശദമായ ചെലവുരേഖകൾ സഹിതം ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം കൈപ്പറ്റുന്ന അഡ്വാൻസ് തുകകൾ മൂന്ന് മാസത്തെ സമയ പരിധി കഴിഞ്ഞ ശേഷമാണ് ക്രമീകരിക്കുന്നതെങ്കിൽ 04.10.2011ലെ ജി.ഒ (പി) 419/11/ധന നമ്പർ ഉത്തരവ് പ്രകാരം മുൻകൂർ നൽകിയ ദിവസം മുതൽ തുക ക്രമീകരിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.

# 1-23 ഫൈനൽ ബില്ലിൽ നിന്ന് GST ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മിനി പാർക്കിലെ അടിസ്ഥാന സൗകര്യവികസനം |
| പ്രൊ.നമ്പർ | എസ് 0182/19 |

| | |
|---|---|
| അടങ്കൽ തുക | 5,00,000/- |
| കരാർ തുക (PAC) | 3,04,922/- |
| കോൺട്രാക്ടറുടെ പേര് | കെ.പി.ലത്തീഫ് |
| എഗ്രിമെന്റ് നമ്പർ-തീയതി | 80/18-19 Dtd. 08.03.2019 |
| ആകെ ചെലവ് | 3,04,922/-(ട്രഷറിബിൽ നം. 105/18-19. തീയതി. 26.03.2019) |

കളമശ്ശേരി നഗരസഭയിൽ 2018-19 വാർഷികപദ്ധതിയിൽ മിനി പാർക്കിലെ അടിസ്ഥാനസൗകര്യവികസനം- എന്ന പ്രവൃത്തിക്ക് 01/2019ൽ ടെൻഡർ വിളിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. കെ.പി.ലത്തീഫ് എന്നയാൾക്ക് 21.01.2019ലെ കൗൺസിൽ തീരുമാനപ്രകാരം കരാർ നല്കി. ഇതനുസരിച്ച് പാർക്കിൽ റെഡിമെയ്ഡ് കോൺക്രീറ്റ് ബഞ്ചുകൾ സ്ഥാപിച്ചതിന് ഇൻവോയ്സ് നം. GST-1/22/03/2019 പ്രകാരം 3,04,922/-രൂപയുടെ ബിൽ നല്കി.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം, തദ്ദേശസ്വയം ഭരണസ്ഥാപനം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.
എന്നാൽ മേൽപ്പറഞ്ഞ പ്രൊജക്ടിൽ മിനിപാർക്കിൽ കളിയുപകരണങ്ങൾ വാങ്ങിയതിന് നല്കിയ 3,04,922/- രൂപയുടെ ബില്ലിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് 6098/- രൂപ ഈടാക്കി ഒടുക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് കരാറുകാരന് നല്കിയ ഫൈനൽബില്ലിൽ GST ഉൾപ്പെടെയാണ് തുക നല്കിയിരിക്കുന്നത് എന്നാണ് മറുപടി പറഞ്ഞിരിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഉറവിടത്തിൽ തന്നെ GST ഈടാക്കേണ്ടതാണ്.

# 1-24 നഗരസഭയിൽ കേസുകൾ സംബന്ധിച്ച് സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നഗരസഭയിൽ കേസുകൾ സംബന്ധിച്ച രേഖകൾ ഉത്തരവാദിത്തത്തോടെ സൂക്ഷിക്കുന്നില്ല. ക്യാഷ് ബുക്കിൽ ലീഗൽ ചാർജസ് ഇനത്തിൽ നിരവധി വൗച്ചറുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭയിൽ വിവിധ കോടതികൾ, ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവിടങ്ങളിലായി എത്ര കേസുകൾ നിലവിലുണ്ട്, അവയിൽ നഗരസഭയ്ക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകർ ആരെല്ലാമാണ്, 2018-19 ൽ അവർക്ക് ഫീസിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ, കേസുകളിൽ ഓരോന്നിലും നഗരസഭാ എത്രാമത്തെ കക്ഷിയാണ് എന്നീ വിവരങ്ങളൊന്നും തന്നെ പരിശോധിക്കാനുതകുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. കേസുകൾ സംബന്ധിച്ച് വിശദാംശങ്ങൾ ചേർത്ത സ്യൂട്ട് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. നിലവിലുള്ള കേസുകൾ, തീർപ്പാക്കിയവ, തുടർനടപടികൾ ആവശ്യമുള്ളവ, കോടതി നിർദ്ദേശങ്ങൾ പാലിക്കേണ്ട കേസുകളിൽ ആയത് നിർദ്ദേശാനുസരണം, സമയബന്ധിതമായി

പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും സ്യൂട്ട് രജിസ്റ്റർ അത്യന്താപേക്ഷിതമാണ്. ലഡ്ജർ പ്രകാരം (ഹെഡ് 350200201) തൻവർഷം 10,30,744/- രൂപ ലീഗൽ ചാർജസ് ഇനത്തിൽ നൽകിയിട്ടുണ്ടെങ്കിലും രജിസ്റ്ററുകളോ ഫയലുകളോ കൃത്യമായി സൂക്ഷിക്കാത്തതിനാൽ, കേസുകളുടെ നടത്തിപ്പ് ഫീസ് നൽകൽ റൂൾസ് 2008, തസ്വഭവ സ്ഥാപനങ്ങളിലെ കേസ്സുകൾ നടത്തുന്നതിനുള്ള വക്കീൽ ഫീസ് പുതുക്കി നിശ്ചയിച്ച 18-2-16ലെ നം 36/16/തസ്വഭവ നം ഉത്തരവ് എന്നിവയിലെ ഫീസ് സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും 1961 ലെ ആദായനികുതി നിയമം വകുപ്പ് 194J പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ആദായനികുതി കുറവ് ചെയ്തിട്ടുണ്ടോയെന്നും പരിശോധിക്കാൻ കഴിഞ്ഞില്ല. ഇത് സംബന്ധിച്ച് നൽകിയ 26-11-19ലെ ഓഡിറ്റ് എൻക്വയറി നം 45 ന് മറുപടി ലഭിച്ചില്ല. കേസുകളുടെ നടത്തിപ്പ് നഗരസഭ ഗൗരവമായി കാണേണ്ടതും കേസുകൾ സംബന്ധിച്ച രേഖകൾ ഉത്തരവാദിത്തത്തോടെ സൂക്ഷിക്കേണ്ടതുമാണ്.

# 1-25 അനധികൃത നിർമ്മാണം ക്രമവൽക്കരിക്കൽ- വിവരങ്ങൾ ലഭ്യമാക്കിയില്ല

22-ാം ഡിവിഷനിലെ 107-ാം നമ്പർ കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ശ്രീ.എം.സി.തോമസ്, മണ്ണാർമറ്റത്തിൽ, മൂലേപ്പാടം എന്നയാൾ 10-05-2018 ൽ അപേക്ഷ സമർപ്പിച്ചു. കെട്ടിടത്തിന്റെ ആകെ പ്രതലവിസ്തീർണ്ണം 2833.68 ചതുരശ്ര മീറ്ററാണ്. അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന പ്ലാനും അനുബന്ധരേഖകളും 2018 ലെ കേരള നഗരസഭാ (അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കൽ) ചട്ടങ്ങൾ അനുസരിച്ച് 27-06-2018 ലെ ബി.എ.201/18 നമ്പർ കത്ത് മുഖേന സെക്രട്ടറി ജില്ലാ ടൌൺ പ്ലാനർക്ക് സമർപ്പിച്ചു.

ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

(1) മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 6(18) പ്രകാരം, ചട്ടമനുസരിച്ച് റഗുലറൈസ് ചെയ്ത എല്ലാ അനധികൃത നിർമ്മാണങ്ങളുടേയും വിശദവിവരം രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതും അതിൽ അപേക്ഷകന്റെ പേര്, സർവ്വെ നമ്പർ, എത്ര നിലകൾ, ഓരോ നിലയുടേയും തറവിസ്തീർണ്ണം, ഏത് ചട്ടലംഘനമാണ് റഗുലറൈസ് ചെയ്തത്, റഗുലറൈസേഷന് സർക്കാർ നിയോഗിച്ച കമ്മിറ്റി നൽകിയ അനുവാദത്തിന്റെ വിവരം തുടങ്ങിയ വിവരങ്ങൾ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചട്ടപ്രകാരമുള്ള ഒരു രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല.

(2) ജില്ലാ ടൌൺ പ്ലാനർക്ക് സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റിൽ അപേക്ഷകനിൽ നിന്നും അടിസ്ഥാന കോമ്പൌണ്ടിംഗ് ഫീയിനത്തിലും അധിക കോമ്പൌണ്ടിംഗ് ഫീയിനത്തിലുമായി 1386305രൂപ ഈടാക്കാനാണ് കണക്കാക്കിയിട്ടുള്ളത്. അതിൽ ഭൂമിയുടെ ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ 318825 രൂപ ഉൾപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ ഫെയർ വാല്യൂ ഒരു ആറിന് 450000 രൂപയായാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

(3) ചട്ടം 6(8) പ്രകാരം, ലഭ്യമായ അപേക്ഷ ക്രമപ്രകാരമാണെന്ന് കണ്ടാൽ ജില്ലാ ടൌൺ പ്ലാനർ ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള കമ്മിറ്റിക്ക് മുമ്പാകെ 60 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കണം. 27-06-2018 ൽ ടൌൺ പ്ലാനർക്ക് അയച്ച അപേക്ഷയിന്മേൽ തുടർനടപടികളൊന്നും ഇതുവരെ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 03-12-2019 ലെ 62-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ ഈ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥയും അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കേണ്ടതാണ്.

# 1-26 ജി എച് എസ്.കളമശ്ശേരി, ജി എൽ പി എസ് എച് എം ടി കോളനി -അമിത വെള്ളക്കരം പരിശോധിക്കേണ്ടതാണ്.

ജി.എച്ച്.എസ്., കളമശ്ശേരി, ജി.എൽ.പി.എസ്., എച്ച്.എം.ടി.കോളനി എന്നീ വിദ്യാലയങ്ങളിൽ നിന്നും വൻതുകയാണ് വാട്ടർ അതോറിറ്റി വെള്ളക്കരം ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുള്ളത്. ജി.എച്ച്. എസ്. കളമശ്ശേരിയുടെ മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ദ്വൈമാസ ബിൽ തുക 29504/- ആണ്.(വൗച്ചർ നം 114/5/18) ഏകദേശം 600 കുട്ടികൾ പഠിക്കുന്ന സ്കൂളിലെ വേനലവധിക്കാലത്തെ വാട്ടർ ചാർജ് ആണിത്. സ്കൂളിൽ കിണറും, മോട്ടോർ പമ്പ് സെറ്റും ഉള്ളതുകൊണ്ട് കിണർ വെള്ളമാണ് കൂടുതൽ ഉപയോഗിക്കുന്നതെന്ന് പ്രധാനാദ്ധ്യാപിക വ്യക്തമാക്കിയിട്ടുമുണ്ട്. 15000 ത്തിനും 20000 നും ഇടയിലുള്ള തുകയാണ് ദ്വൈമാസ ബിൽ തുക വരുന്നത്. എച്ച്.എം.ടി. കോളനി ജി.എൽ.പി.സ്കൂളിന്റെ വെള്ളക്കരവും 112/5/18 പ്രകാരം 9584/ രൂപയാണ്. ഇതിൽ 5064/-രൂപ അധിക ചാർജായി ഈടാക്കിയിരിക്കുന്നതാണ്. ഇപ്രകാരം വലിയ തുക വെള്ളക്കരമിനത്തിൽ ഒടുക്കേണ്ടി വരുന്നതിനെക്കുറിച്ച് വാട്ടർ അതോറിറ്റിക്ക് പരാതി നൽകുകയോ, നഗരസഭ പരിശോധിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് 21-11-19 ന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.18 )ക്ക് ലഭിച്ച മറുപടിയിൽ ഇത്ര വലിയ തുക വെള്ളക്കരം ഇനത്തിൽ ഒടുക്കേണ്ടി വരുന്നതിന് കൃത്യമായ വിശദീകരണം ലഭിച്ചില്ല. വെള്ളക്കരമിനത്തിലെ ഭീമമായ തുകയെക്കുറിച്ച് വാട്ടർ അതോറിട്ടിക്ക് പരാതി നല്കുകയും തുക കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-27 കേരളവാട്ടർ അതോറിട്ടി വഴി നിക്ഷേപപ്രവൃത്തികൾ- സെന്റേജ് ചാർജ്ജ് അധികം നല്കി

കേരള വാട്ടർ അതോറിട്ടി വഴി നിക്ഷേപപ്രവർത്തിയായി ചെയ്ത വാട്ടർ ലൈൻ എക്സ്റ്റെൻഷൻ (പ്രൊ.നം. S0149/19) എന്ന പ്രൊജക്ടിൽ വിവിധ വാർഡുകളിൽ കുടിവെള്ളപൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടി വാട്ടർ അതോറിട്ടി തയ്യാറാക്കി നല്കിയ എസ്റ്റിമേറ്റിൽ സെന്റേജ് ചാർജ്ജ് 12.5% നിരക്കിലാണ് കണക്കാക്കിയിരിക്കുന്നത്. പി.ഡബ്ല്യൂ.ഡി മാന്വൽ 1601.4 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്കുകളിൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 10% സെന്റേജ് ചാർജ്ജ് മാത്രമേ നൽകാവൂ. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികളിൽ അധിക നിരക്കിൽ സെന്റേജ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്.

| ക്രമ നം. | വാർഡിന്റെ പേര് /വാർഡ് നമ്പർ | ആകെ എസ്റ്റിമേറ്റ് തുക | വർക്കിംഗ് & മെറ്റീരിയൽ കോസ്റ്റ് (എസ്റ്റിമേറ്റ് പ്രകാരം) | എസ്റ്റിമേറ്റ് പ്രകാരം ഈടാക്കിയ സെന്റേജ് ചാർജ് (12.5%) | നല്കാവുന്ന സെന്റേജ് ചാർജ്ജ് (10 %) | അധികമായി നല്കിയ സെന്റേജ് ചാർജ്ജ് | ട്രഷറി ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|---|---|
| 1 | വാർഡ് 41 | 147418 | 131038 | 16380 | 13104 | 3276 | 534000 17/18-19 |
| 2 | | 111581 | 99183 | 12398 | 9918 | 2480 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | | 210933 | 187496 | 23437 | 18750 | 4687 | 08/10/2018 |
| 4 | | 62403 | 55469 | 6634 | 5550 | 1084 | |
| 5 | വാർഡ് 42 | 123983 | 110207 | 13776 | 11021 | 2755 | 912000<br>18/18-19<br>18/12/2018 |
| | ആകെ | | | 72625 | 58343 | 14282 | |

മേൽപ്പറഞ്ഞ പ്രകാരം വിവിധ ഡെപ്പോസിററ് പ്രവൃത്തികൾക്കായി സെന്റേജ് ചാർജിനത്തിൽ അധികം നൽകിയതിന് വിശദീകരണം നല്കവാനായി ഓഡിറ്റ് എൻക്വയറി (നം.28)നൽകിയിരുന്നു. എന്നാൽ ഇതിന് മറുപടി ലഭ്യമായില്ല. മേൽ സാഹചര്യത്തിൽ അധികം നല്കിയ 14282/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-28 വൈദ്യുതി ബിൽ - കൺസ്യൂമർ നമ്പറുകൾ ഏത് ആസ്തികളുടേതെന്ന് വ്യക്തമല്ല.

നഗരസഭയിൽ ഏതാണ്ട് 50 കൺസ്യൂമർ നമ്പറുകളിൽ വൈദ്യുതി ബില്ല് നേരിട്ട് അടവാക്കുന്നുണ്ട്. കൈമാറ്റം ചെയ്ത് കിട്ടിയ സ്കൂളുകൾ, പി.എച്ച്. സി., ആയുർവേദാശുപത്രി, കൃഷി ഓഫീസ്, വെറ്റിനറി ഡിസ്പെൻസറി, സയൻസ് പാർക്ക് എന്നിവയ്ക്ക് പുറമേയാണിത്. ഇതിൽ ഓഫീസ് കെട്ടിടം, ടൗൺഹാളുകൾ, തെരുവ് വിളക്കുകൾ എന്നിവയൊഴികെയുള്ള കൺസ്യൂമർ നമ്പറുകൾ ഏതെല്ലാമാണെന്ന് കൃത്യമായി മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. നഗരസഭ വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ വൈദ്യുതി ബില്ല് ഇക്കൂട്ടത്തിൽ അടവാക്കുന്നുണ്ടോയെന്നും വ്യക്തമല്ല. കൺസ്യൂമർ നമ്പറുകളുടെ ബിൽ താരിഫ് കൃത്യമാണെന്ന് മനസ്സിലാക്കണമെങ്കിൽ കെട്ടിടത്തിന്റെ ഉപയോഗം ആസ്തി രജിസ്റ്ററുമായി ഒത്തുനോക്കി ഓരോ കൺസ്യൂമർ നമ്പറും ഏതാണെന്ന് വ്യക്തമായി രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജി എൽ പി എസ് തൃക്കാക്കരയുടെ വൈദ്യുതി ബില്ല് 8500/ രൂപയാണ്, ജി എൽ പി എസ് പള്ളിലാംകരയുടേത് 910/- രൂപയും. കൂടുതൽ ബില്ല് വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ താരിഫ് LT VI A തന്നെയാണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. നഗരസഭാ ആസ്തിയായ കെട്ടിടങ്ങളുടെ കൺസ്യൂമർ നമ്പറുകൾ കണ്ടെത്തി കെട്ടിടനമ്പർ, തരം എന്നീ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

# 1-29 നഗരസഭയുടെ സയൻസ് പാർക്ക്-പ്രത്യേക അക്കൗണ്ട് സൂക്ഷിക്കണം

നഗരസഭയുടെ അധീനതയിലുള്ള സയൻസ് പാർക്കിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ബൈലോക്ക് GO(MS)175/2017/LSGD dated 31.08.2017 ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ബൈലോയിലെ വ്യവസ്ഥകൾ പ്രകാരം നഗരസഭ വക പാർക്കിൽ നിന്നും ലഭ്യമാകുന്ന ഏതൊരുവിധത്തിലുള്ള വരുമാനവും 'നഗരസഭ പാർക്ക് ഫണ്ട്' എന്ന പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ആയതിന്റെ വരവ് ചെലവ് ഇനങ്ങൾക്ക് പ്രത്യേക ക്യാഷ് ബുക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. സയൻസ് പാർക്കിന്റെ ബാങ്ക് പാസ്ബുക്കും വരവു ചെലവു രജിസറ്ററുകൾ എഴുതുന്ന ക്യാഷ് ബുക്കും ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1/15.11.19) തനതുഫണ്ടിന് ഒരു അക്കൗണ്ടുമതി എന്ന നിർദ്ദേശമുള്ളതിനാൽ

പാർക്കിലെ വരവ് ചെലവുകൾക്ക് പ്രത്യേകം അക്കൗണ്ട് സൂക്ഷിക്കുന്നില്ലെന്നാണ് മറുപടി നൽകിയത്.

വാർഷിക കണക്കിലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 140600100 എന്ന ഹെഡിൽ 24,82,850/- രൂപയാണ് എൻട്രി ഫീസിനത്തിൽ വരവുള്ളത്. ക്യാഷ് അടിസ്ഥാനത്തിലുള്ള വരവുകൾ അതേ ഹെഡിൽ തന്നെയാണ് വരവെട്ടുക്കേണ്ടത്. എന്നാൽ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ഹെഡിൽ വരവില്ല. പകരം 410100102 പാർക്കുകൾ എന്ന സ്ഥിരം ആസ്തികളുടെ ഹെഡിലാണ് വരവെട്ടുത്തിരിക്കുന്നത്.

പാർക്ക് പ്രവേശനഫീസ്-10/-രൂപ, ത്രില്ലേറിയം പ്രദർശനഫീസ് (മുതിർന്നവർക്ക്)-30/-രൂപ, ത്രില്ലേറിയം പ്രദർശനഫീസ് (കുട്ടികൾക്ക്)-20/-രൂപ, എന്നിങ്ങനെയാണ് സയൻസ് പാർക്കിൽ ഈടാക്കുന്ന ഫീസ് നിരക്കുകൾ. ഇപ്രകാരം ഓരോ ദിവസവും പിരിച്ചെടുക്കുന്ന തുക നഗരസഭയിൽ അടവാക്കുന്നുണ്ടെങ്കിലും പിരിച്ചെടുക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്തുന്നതായി കാണുന്നില്ല. കളക്ഷൻതുക രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ എൻട്രി ഫീസിനത്തിലും ത്രില്ലേറിയം പ്രദർശനം വഴിയും ലഭിക്കുന്ന തുക രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇതിന് ആധികാരികമായ രേഖകൾ ഫയലിലോ രജിസ്റ്ററിലോ സൂക്ഷിക്കുന്നില്ല. നിലവിൽ ടിക്കറ്റ് മെഷീൻ ഉപയോഗിച്ചാണ് നൽകുന്നത്. മെഷീനിൽ നിന്നും ലഭിക്കുന്ന അതാതു ദിവസത്തെ റിപ്പോർട്ടിന്റെ പകർപ്പ് രജിസ്റ്ററിൽ ഒട്ടിച്ചു വയ്ക്കുകയോ ഫയലിൽ സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. നിലവിൽ 660/-രൂപ പ്രതിദിന വേതനത്തിൽ 10 താൽക്കാലിക ജീവനക്കാർ സയൻസ് പാർക്കിൽ ജോലിചെയ്യുന്നുണ്ട്. ഇവരുടെ വേതനം, കറന്റ് ചാർജ്ജ്, മറ്റ് ആവർത്തനച്ചെലവുകൾ എന്നിവ തനതു ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്. സയൻസ് പാർക്കിന് പ്രത്യേകം അക്കൗണ്ടില്ലാത്തതിനാൽ പാർക്കിന്റെ വരവ് ചെലവ് കണക്കുകൾ നിരീക്ഷിക്കാൻ നിലവിൽ സംവിധാനമില്ല.

# 1-30 ഇ ഗവേണൻസ് പദ്ധതി- പ്ലാൻഫണ്ടിൽ നിന്നും വേതനം നൽകിയത് പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S0202/18-19, ഇ ഗവേണൻസ് പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | 5,00,000/-രൂപ (വികസനഫണ്ട്-ജനറൽ) |
| ചെലവഴിച്ച തുക- 197200/- | ബിൽ നം -44/23.03.19-1,97,200 |

കളമശ്ശേരി നഗരസഭയിൽ റവന്യൂ വിഭാഗം അസസ്മെന്റ് വിവരങ്ങൾ സോഫ്റ്റ്‌വെയർ മുഖേന ഡാറ്റാ എൻട്രി നടത്തുന്നതിനായി 10 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടറുടെ ഇ6/36440/2017 തീയതി 10.05.2018 ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായും, ഇതിലേക്കുള്ള ചെലവ് നഗരസഭയുടെ തനതുഫണ്ടിൽ നിന്നും വഹിക്കണമെന്നുമുള്ള വ്യവസ്ഥയോടെ 179 ദിവസത്തേക്ക് നിയമിക്കുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ ഇവർക്കുള്ള വേതനം പ്ലാൻഫണ്ടിൽ നിന്നുമാണ് നൽകിയിരിക്കുന്നത്. കളമശ്ശേരി അക്ഷയ സെന്ററുമായി കരാറിലേർപ്പെട്ടാണ് വസ്തുനികുതി ഡാറ്റാ എൻട്രിയും

വെരിഫിക്കേഷനും നടത്തുന്നത്. GO(P) No 112/2018/fin dated 21.07.2018 പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്കുള്ള ദിവസവേതന നിരക്കായ 725/-രൂപയാണ് വേതനം നൽകിയിരിക്കുന്നത്. സഞ്ചയ ഡാറ്റാ എൻട്രി ഓഡിറ്റ് തീയതി വരെയും പൂർത്തിയായിട്ടില്ല. ഇവർക്ക് കൃത്യമായി ടാർഗറ്റ് നിശ്ചയിച്ച് നൽകുകയോ ജോലിയുടെ പുരോഗതി വിലയിരുത്തുന്നതായോ കാണുന്നില്ല.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള വേതനം തനതുഫണ്ടിൽ നിന്നും വഹിക്കാതെ, പ്ലാൻ ഫണ്ടിൽ നിന്നും നൽകിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(നം 32/25.11.19). നഗരസഭയിലെ മുൻകാല റെക്കോർഡുകളുടെ ഡാറ്റാബേസ് സൃഷ്ടിക്കൽ എന്ന ഉദ്ദേശത്തോടെ നഗരസഭ കൗൺസിലിന്റെ 16.01.2018 ലെ 2-ാം നമ്പർ തീരുമാനപ്രകാരവും ജില്ലാ ആസൂത്രണ സമിതിയുടെ 28/05/2018 ലെ അംഗീകാരവുമനുസരിച്ച് ഇ-ഗവേണൻസ് എന്ന് പേരിൽ പ്ലാൻ ഫണ്ട് വകയിരുത്തിയാണ് പദ്ധതി ആവിഷ്കരിച്ചത് എന്നാണ് ഇതിനു നൽകിയ മറുപടി. പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.10 ൽ പരാമർശിച്ചിട്ടുള്ള ഇനങ്ങൾക്കൊഴികെ പ്ലാൻ ഫണ്ട് വകയിരുത്തി വേതനം നൽകാൻ പാടില്ലാത്തതാണ്. ആയതിനാൽ പ്ലാൻ ഫണ്ടിൽ നിന്നുള്ള ചെലവുതുകയായ 1,97,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-31 മുൻവർഷങ്ങളിലെ തനത് ഫണ്ട് പ്രവൃത്തികളുടെ ബിൽ തുക നൽകൽ - കൃത്യമായ കണക്കുകൾ ഇല്ല

നഗരസഭയിലെ 2018-19 ലെ വൗച്ചറുകളിൽ മുൻവർഷങ്ങളിലെ തനത് ഫണ്ടിൽ നിന്ന് വകയിരുത്തിയ മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകിയിട്ടുണ്ട്. 2014-15, 2015-16, 2016-17 കാലയളവിൽ പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളാണ് നൽകിയിട്ടുള്ളത്. 3 വർഷം മുൻപ് പൂർത്തിയാക്കിയ നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകളാണ് ഏറെയും. 4/2018 ലെ വൗച്ചറുകളിൽ(28-4-18 ന്) തുക നൽകിയ ഏതാനും മരാമത്ത് പണികളുടെ വിശദാംശങ്ങൾ ഉദാഹരണമായി താഴെ ചേർക്കുന്നു.

2014-15 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി വാർഡൊന്നിന് 25 ലക്ഷം തനത് ഫണ്ടിൽ വകയിരുത്തി 29-8-14 ലെ 24 -ാം നം കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ച് 11/14 ൽ തന്നെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി 2014-15, 15-16 വർഷങ്ങളിൽ തന്നെ പൂർത്തിയാക്കിയ പ്രവൃത്തികളാണിവ. .

| ക്രമ നം | ഫയൽ നം | പൂർത്തിയാക്കേണ്ട തിയതി/ പൂർത്തിയാക്കിയ തിയതി | അളവുകൾ സാക്ഷ്യപ്പെടുത്തിയ തിയതി/എം ബുക്കനം | ബില്ല് പാസാക്കിയ തിയതി | ചെലവ് തുക | ചെക്ക്/വൗച്ചർ |
|---|---|---|---|---|---|---|
| 1 | PW2 14946/14 പുതുശ്ശേരി മല വട്ടപ്പറമ്പ് റോഡ് റീടാറിംഗ് | 25-9-15 | 28-9-15 എം.ബുക്ക് നം. 57/04 | 28-4-18 | 421295 | ചെക്ക്നം 8336583/28-4-18 വൗച്ചർ 128/4/18 |
| 2 | PW4573/17 പുതുശ്ശേരി മല റോഡ് റീ ടാറിംഗ് | 12-5-17 | 12-5-17 എം.ബുക്ക്നം 492/15-16 | 28-4-18 | 467242 | ചെക്ക്നം 8336582/28-4-18 വൗച്ചർ 127/4/18 |
| 3 | PW9924/15 അസറ്റ് ഫ്ലാറ്റ് | 31-3-16/ 2-4-16 | 31-3-16 എം.ബുക്ക് | 28-4-18 | 424350 | ചെക്ക്നം |

| | | | | | | |
|---|---|---|---|---|---|---|
| | ഡ്രെയിൻ നിർമ്മാണം W-22 | | 56/99-2000 | | | 8336588/28-4-18 വൗച്ചർ133 -4/18 |
| 4 | PW3636/2015 ജുമാ മസ്ജിദ് മെക്കാനിക്കൽ റോഡ് W-21 | 18-11-15/ 18-10-16 | 18-1-16 എം.ബുക്ക് 127/09-10 | 28-4-18 | 1102749 | ചെക്ക്നം 648407/28-4-18 വൗച്ചർ137/4/18 |
| 5 | PW11208/14 ബീരാക്കുട്ടി റോഡിൽ കാന കലുങ്ക് നിർമ്മാണം | 30-9-15 /10-8-16 (പിഴപ്പലിശ ഈടാക്കിയില്ല) | 10-8-16 എം.ബുക്ക്/ 78-09-10 | 28-4-18 | 466144 | ചെക്ക്നം 8336585/28-4-18 വൗച്ചർ130/4/18 |
| 6 | PW-21777/14 മസ്ജിദ് റോഡിൽ ഇന്റർ ലോക്ക് ടൈൽ, ചപ്പാത്ത് പൈപ്പ്ലൈൻ നിർമ്മാണം | 18-11-15 /16-11-15 | 19-9-16 എം.ബുക്ക് 76/98-99 വർക്ക് പൂർത്തിയായി 8 മാസത്തിനു ശേഷം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെട്ടുത്തിയിരിക്കുന്നു. | 28-4-18 | 552621 | ചെക്ക്നം 648407/28-4-18 വൗച്ചർ136/4/18 |
| 7 | PW-8824/15 മുനിസിപ്പൽ ഓഫീസ് നവീകരണം | 30-4-16 /10-6-16 | 10-6-16 എം.ബുക്ക് 93/98-99 | 28-4-18 | 313996 | ചെക്ക്നം 8336587/28-4-18 വൗച്ചർ 132/4/18 |
| 8 | PW-9777/15 ഉണിച്ചിറ അമ്പലം റോഡ് റീടാറിംഗ് | 3-3-16 /3-8-16 | 23-3-16 എം.ബുക്ക് 45/07-08 | 28-4-18 | 297694 | ചെക്ക്നം 8336586/28-3-18 വൗച്ചർ131/4/18 |
| 9 | PW-2438/15 ലൈപോക്കോ റോഡ് ചപ്പാത്ത് ഇന്റർ ലോക്കിംഗ് ടൈൽ പാകൽ | ലഭ്യമല്ല | ലഭ്യമല്ല | 28-4-18 | 331917 | ചെക്ക്നം 8336584/28-4-18 വൗച്ചർ129/4/18 |
| 10 | PW-1603/14 22-ാം വാർഡിൽ ഡ്രയിനേജ് കം ചപ്പാത്ത് | ലഭ്യമല്ല | ലഭ്യമല്ല | 28-4-18 | 724119 | ചെക്ക്നം 648407/28-4-18 വൗച്ചർ138/4/18 |
| 11 | PW-13995/15 യൂണിവേഴ്സിറ്റി കോളനി റോഡ് മെറ്റലിംഗ്, ചപ്പാത്ത് | ലഭ്യമല്ല | ലഭ്യമല്ല | 28-4-18 | 461336 | ചെക്ക്നം 8336589/28-4-18 വൗച്ചർ 134/4/18 |
| 12 | PW-9923/15 22-ാം വാർഡ് നിലവിലുള്ള കലുങ്ക് വീതി കൂട്ടൽ | ലഭ്യമല്ല | ലഭ്യമല്ല | 28-4-18 | 459023 | ചെക്ക്നം 8336590/28-4-18 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വൗച്ചർ 135/4/18 |

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എ ഇ തുകയ്ക്കായി റിക്വിസിഷൻ നല്കിയിട്ടില്ല. ഫയൽ സെക്ഷനിൽ ലഭിക്കുന്നത് 28-4-18 ൽ മാത്രമാണ്. ഏതാണ്ട് രണ്ടുവർഷത്തിലധികം ഈ ഫയലുകൾ എവിടെ സൂക്ഷിച്ചിരുന്നുവെന്നോ, എന്തുകൊണ്ടു പേയ്മെന്റിനായി ബന്ധപ്പെട്ട സെക്ഷനിൽ നൽകിയില്ല എന്നതിനോ വിശദീകരണം ലഭിച്ചില്ല. തുകയ്ക്കായി കരാറുകാരും നഗരസഭയെ സമീപിച്ചിട്ടില്ല. കരാറുകാർക്ക് നല്കാനായി തനതുഫണ്ടിനും കുറവുണ്ടായിട്ടില്ല. കരാറുകാരുടെ ബിൽ തുക നൽകുന്നതിനായി ഇക്കാലയളവിൽ സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ടായിരുന്നതായ ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല.

2014-15 ൽ 29-8-14 ലെ 24 -ാം നം കൗൺസിൽ തീരുമാനപ്രകാരം 42 വാർഡുകളിലായി 79 വർക്കുകളാണ് അംഗീകരിച്ചത്. വാർഡ് ഒന്നിന് 25 ലക്ഷം രൂപ വകയിരുത്തി 10.5 കോടി രൂപയുടെ പ്രവൃത്തികളും, 2015-16ൽ ഇത്തരത്തിൽ 65 പ്രവൃത്തികളും ആണ് 5-8-15 ലെ 21-ാം നം തീരുമാനത്തിൽ അംഗീകരിച്ചിട്ടുള്ളത്. 2016-17, 2017-18 വർഷങ്ങളിലെ വിവരങ്ങൾ ലഭിച്ചില്ല. 2018-19 ൽ തനത് ഫണ്ടിൽ നിന്ന് മരാമത്ത് പണികൾക്കായി 8.82 കോടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ മരാമത്ത് പണികളുടെ പട്ടിക തയ്യാറാക്കി കൗൺസിൽ അംഗീകരിച്ചിട്ടില്ല. വർക്കുകൾ ഓരോന്നായി കൗൺസിൽ അംഗീകരിക്കുന്ന രീതിയാണ് നിലവിലുള്ളത്. അതിനാൽ തനത് ഫണ്ടിൽ നിന്ന് എത്ര വർക്കുകൾ, എവിടെയൊക്കെ നടത്തി എന്നത് കൃത്യമായി ഒരിടത്തും രേഖപ്പെടുത്തുന്നില്ല. 2014-15 മുതലുള്ള തനത് ഫണ്ട് മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ കൊടുത്ത് തീർക്കാനുള്ളത് ബാധ്യതയായി മുൻവർഷങ്ങളിലോ 2018-19 ബാലൻസ് ഷീറ്റിലോ ബാധ്യതക്കണക്കുകളിൽപ്പെടുത്തിയിട്ടില്ല. 2018-19 ലെ വർക്കുകൾ പൂർത്തീകരിച്ച് തുക നൽകിയതായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ബില്ലുകൾ വളരെ വൈകി മാത്രം മേൽപ്രകാരം പേയ്മെന്റിനായി സമർപ്പിക്കുമ്പോൾ അവ മുൻകാലങ്ങളിൽ നൽകിയിട്ടുണ്ടോയെന്ന് കണ്ടെത്താൻ കഴിയുന്നുമില്ല. മുൻവർഷങ്ങളിലെ മരാമത്ത് പണികളുടെ ബില്ലുകൾ ഇനിയും തീർപ്പാക്കാനുള്ളവയെക്കുറിച്ച് എഞ്ചിനീയറിംഗ്, അക്കൗണ്ട്സ് വിഭാഗത്തിലും കൃത്യമായ കണക്കുകൾ ഇല്ല. വർക്ക് രജിസ്റ്റർ/പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ഈ പദ്ധതികൾ നടപ്പിലാക്കിയതായി മോണിറ്ററിംഗ് റിപ്പോർട്ട് ഫയലുകളിൽ ചേർത്തിട്ടുമില്ല. തനത് മരാമത്ത് പണികളുടെ എത്ര ബില്ലുകൾ ഇനിയും തീർപ്പാക്കാനുണ്ട് എന്നതിന് കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. ഫയലുകൾ എവിടെയാണ് രണ്ടുവർഷത്തിലധികം പേയിമെന്റ് റിക്വിസിഷൻ നല്കാതെ സൂക്ഷിച്ചത് എന്നതിനും ഉത്തരവാദികളായവരിൽ നിന്ന് വിശദീകരണം ആവശ്യപ്പെടേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ 5 വർഷം മുൻപുവരെയുള്ള തനത് മരാമത്ത് പ്രവൃത്തികൾക്ക് തുക നൽകിയതിനെക്കുറിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

50000/- ത മേൽ അടങ്കലുള്ള തനത് പ്രവൃത്തികൾക്ക് ഡിപിസി അംഗീകാരം വാങ്ങേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ നിലവിൽ വാർഡ് കൗൺസിലർ ആവശ്യപ്പെടുന്ന മുറയ്ക്ക് എ.എസ്, ടി.എസ് നല്കി, കൗൺസിൽ അംഗീകരിച്ച് നടപ്പിലാക്കുകയാണ് ചെയ്യുന്നത്. പ്രോജക്ട് നിർദ്ദേശങ്ങൾ വാർഡ് സഭ വഴിയോ വർക്കിംഗ് ഗ്രൂപ്പ് മുഖേനയോ നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-32 ആധുനിക രീതിയിലുള്ള കൺവെൻഷൻ സെന്റർ- ഫീസിബിലിറ്റി പഠനം നടത്താതെ

# ആർക്കിടെക്ചറൽ.സ്ട്രക്ചറൽ ഡിസൈൻ-പദ്ധതി നടപ്പിലായില്ല

ഫയൽ നം 18688/2017 –

2017-18, 2018-19 വർഷങ്ങളിലായി നടപ്പിലാക്കാൻ ആവിഷ്കരിച്ച ബൃഹത്തായ പദ്ധതിയാണ് ആധുനിക രീതിയിലുള്ള കൺവെൻഷൻ സെന്റർ.

2017-18 ലെ നഗരസഭാ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 1.5 കോടി രൂപയും 2018-19 ൽ തനത് ഫണ്ടിൽ നിന്ന് 5 കോടി രൂപയും KURDFC വായ്പ വഴി 7 കോടി രൂപയും പദ്ധതി വിഹിതത്തിൽ നിന്നും ചേർത്ത് 13 കോടി 5 ലക്ഷം രൂപ നീക്കിവെയ്ക്കാൻ ലക്ഷ്യമിടുന്നു. കിൻഫ്രയ്ക്ക് സമീപം നഗരസഭയുടെ സ്ഥലത്ത് പണിയാനുദ്ദേശിക്കുന്ന ആധുനിക രീതിയിലുള്ള കൺവെൻഷൻ സെന്ററിന്റെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ്, പ്ളാൻ എന്നിവ തയ്യാറാക്കുന്നതിന് മെസ്സേഴ്സ് ആൻസൺ ഗ്രൂപ്പ്, കോട്ടയം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താൻ 29-11-17ൽ 20ം നമ്പറായി കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. 7-12-17 ൽ ടി സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 2.33% ആണ് ആർക്കിടെക്ചറൽ, സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവയുടെ തയ്യാറാക്കൽ ഫീസ് ആയി നല്കേണ്ടത്. ഇതനുസരിച്ച് ആർക്കിടെക്ചറൽ സ്ട്രക്ചറൽ ഡിസൈൻ, സ്ട്രക്ചറൽ കാൽക്കുലേഷൻ എന്നിവയുടെ 2 പകർപ്പുകൾ സ്ഥാപനം തയ്യാറാക്കി 12-3-18ന് നൽകിയിട്ടുണ്ട്. 22,27,43,133/-രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. ഇത്രയും ഘട്ടത്തിന്റെ കൺസൾട്ടേഷൻ ഫീസായി ആകെ ഫീസിന്റെ 60% തുക (കരാർ പ്രകാരം), ജി.എസ്.ടി അടക്കം 36,74,460/-യ്ക്ക് വേണ്ടി കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക നൽകിയിട്ടില്ല. എന്നാൽ സ്ട്രക്ചറൽ ഡിസൈൻ സ്ക്രൂട്ടിനി ചെയ്യുന്നതിനായി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോട്ടയം എന്ന സ്ഥാപനത്തെ ഏൽപിച്ച് 241510/-രൂപ വൗച്ചർ നമ്പർ 173/5/18 പ്രകാരം (ചെക്ക് നം 195230/24-5-18) നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം, തൃക്കാക്കര നോർത്ത് വില്ലേജിൽ BL നം 6റീസർവ്വേ നം 291/2,291/1 76.5 ആർ, 107.14 ആർ വസ്തു നിലമാണ് എന്നതിനാൽ നിർമ്മാണപ്രവർത്തനത്തിന് LLMC യുടെ അനുമതി ആവശ്യമാണെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തതായി 14-3-18 ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് താഴെപ്പറയുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

(1) നഗരസഭയുടെ അധീനതയിലുള്ള സ്ഥലം നിലമാണോ നിർമ്മാണപ്രവർത്തനത്തിന് അനുയോജ്യമാണോയെന്ന് ധാരണയില്ലാതെയാണ് ഇത്ര ബൃഹത്തായ പദ്ധതിക്ക് ബജറ്റ് വിഹിതം മാറ്റി വെച്ചത്.

(2) ആർക്കിടെക്ചറൽ, സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി ലഭിച്ചതിന് ശേഷം മാത്രമാണ് നിർദ്ദിഷ്ട സ്ഥലം നിലമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു പദ്ധതിയുടെ പ്രാരംഭ നടപടി എന്ന നിലയിൽ സ്ഥലത്തെക്കുറിച്ചുള്ള രേഖകൾ പരിശോധിക്കാതെ കെട്ടിടനിർമ്മാണത്തിന്റെ നടപടികളുമായി മുന്നോട്ട് പോയതിന് വിശദീകരണം നൽകിയില്ല.

(3) ആർക്കിടെക്ചറൽ, സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാനായി മെസ്സേഴ്സ് ആൻസൺ ഗ്രൂപ്പ്, കോട്ടയം എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമല്ല.

(4) നിലവിൽ പദ്ധതി പ്രവർത്തനങ്ങൾ എതു ഘട്ടത്തിൽ എത്തി നിൽക്കുന്നു എന്നത് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(5) ഡിസൈൻ തയ്യാറാക്കി നൽകിയ സ്ഥാപനത്തിന് കൺസൾട്ടിംഗ് ഫീ നൽകിയിട്ടില്ലെങ്കിലും,സ്ട്രക്ചറൽ ഡിസൈൻ സ്ക്രൂട്ടിനി ചെയ്ത സ്ഥാപനത്തിന് ഫീസ് നൽകിയിട്ടുണ്ട്. സ്ഥലം നിലമാണെന്ന് അറിഞ്ഞതിനു ശേഷമാണ് തുക നൽകിയിരിക്കുന്നത്. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്ന

സ്ഥാപനത്തിന് ഈയിനത്തിൽ നൽകിയ 241510/- രൂപ പാഴ്ചെലവായത് നിർദ്ദിഷ്ട സ്ഥലത്തിന്റെ രേഖകൾ പദ്ധതിയുടെ പ്രാരംഭ ദശയിൽ തന്നെ പരിശോധിക്കാതിരുന്നതിനാലാണ്. ഇതു സംബന്ധിച്ച ഫയൽ നം 18688/2017 ലെ രേഖപ്പെടുത്തലുകൾ പലതും സെക്ഷൻ സൂപ്രണ്ട്, എം.ഇ. എന്നിവരാരും മേലൊപ്പ് വെച്ചിട്ടില്ല. ഉദാ.12-3-18 ലെ രണ്ട് രേഖപ്പെടുത്തലുകൾ, 26-9-19 ലെ രേഖപ്പെടുത്തൽ. ഫയലിൽ പേജ് നമ്പറും രേഖപ്പെടുത്തിയിട്ടില്ല. നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പോരായ്മകളാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത്.

(6) നിലം ആയ സ്ഥലത്ത് കോമേഴ്സ്യൽ നിർമ്മാണപ്രവർത്തികൾക്ക് LLMC യുടെ അനുമതിക്കൊപ്പം സർക്കാർ അനുമതി കൂടി ആവശ്യമാണെന്നിരിക്കെ ഇതിനായി മറ്റ് തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

(7)മെസ്സേഴ്സ് ആൻസൺ ഗ്രൂപ്പുമായി ഏർപ്പെട്ട കരാർ പ്രകാരം ഈ സ്ഥാപനം പല തവണ കൺസൾട്ടിംഗ് ഫീസ് ആവശ്യപ്പെട്ടെങ്കിലും അവരുടെ കത്തുകൾക്ക് മറുപടി നൽകിയിട്ടില്ല. കരാർ ലംഘനത്തിന് സ്ഥാപനം കോടതിയെ സമീപിക്കും എന്ന് സൂചിപ്പിച്ചിട്ടും നഗരസഭയുടെ നിലപാട് വ്യക്തമാക്കിയിട്ടില്ല. കരാർ ലംഘനം കോടതി വ്യവഹാരത്തിലേയ്ക്ക് എത്തുന്നതിനു മുൻപായി, നിയമോപദേശം തേടി ഉചിതമായ തീരുമാനമെടുക്കാൻ കൗൺസിൽ ശ്രദ്ധിക്കേണ്ടതാണ്. ബൃഹത്തായ പദ്ധതികൾക്കായി ഡിപിആർ/ ഡിസൈൻ തയ്യാറാക്കും മുൻപ് പദ്ധതിയുടെ ഫീസിബിലിറ്റി പഠനം നടത്തേണ്ടതാണ്.

# 1-33 യു എെഡിഎസ് എസ് എം ടി -ഡി പി ആർ തയ്യാറാക്കൽ -കൺസൾട്ടൻസി ഫീസ് ബാധ്യത

അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ്(യു ഐ ഡി എസ് എസ് എം ടി )എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി തയ്യാറാക്കിയ ഡി.പി.ആർ.പ്രകാരം പദ്ധതികൾ നടപ്പിലായില്ലെങ്കിലും, ഡിപിആർ തയ്യാറാക്കിയതിന്റെ കൺസൾട്ടൻസി ഫീസ് നഗരസഭയ്ക്ക് വൻ ബാധ്യതയായി മാറുന്നു. നഗരസഭകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ദീർഘകാലം നിലനിൽക്കുന്ന പൊതു ആസ്തികൾ സൃഷ്ടിക്കൽ, ഗുണമേന്മയുള്ള സേവനങ്ങൾ, ദീർഘവീക്ഷണത്തോടെയുള്ള സംയോജിത വികസന സംരംഭങ്ങൾ എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തിയ കേന്ദ്രാ വിഷ്കൃത പദ്ധതി (യു..ഐ.ഡി.എസ്.എസ്.എം.റ്റി.) 2005-06 ൽ ആരംഭിച്ച് 7 വർഷം കൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നു. ഇതിനായി വിശദമായ ഡിപിആർ തയ്യാറാക്കി സമർപ്പിക്കാൻ കേന്ദ്രസർക്കാർ എം പാനൽ ലിസ്റ്റിലുള്ള ഏജൻസികളെ ഏൽപ്പിക്കാവുന്നതാണ് എന്ന നിർദ്ദേശത്തെ തുടർന്ന് കളമശ്ശേരി നഗരസഭ, 'ഇൻഫ്രാ സപ്പോർട്ട് എഞ്ചിനീയറിംഗ് കൺസൾട്ടന്റ്സ് 'എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു. (കൗൺസിൽ തീരു.34/ 20-6-13) 30-7-13 ലെ 48/13-14കരാറിലെ നിബന്ധന 3.1 ൽ പ്രകാരം പ്രോജക്ട് എസ്റ്റിമേറ്റിന്റെ 2.33% തുക കൺസൾട്ടൻസി ഫീസായും അതിന്റെ 12.36% തുക സർവ്വീസ് ടാക്സായും നൽകണം. 72,14,53,000/-രൂപയുടെ ഡി പി ആർ ആണ് തയ്യാറാക്കിയത്. ഇതനുസരിച്ച് ഏതാണ്ട് 88.84 ലക്ഷം രൂപയാണ് ഇൻഫ്രാ സപ്പോർട്ട് എഞ്ചിനീയറിംഗ് കൺസൾട്ടന്റ്സ് ഡിമാന്റ് ചെയ്തിരിക്കുന്നത്. സ്ഥാപനത്തിന് 8,42,700/- രൂപ 12-8-13 ൽ (ചെക്ക് നം 994859/11-11-2013) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ട്.

മാതൃകാ പെരുമാറ്റചട്ടം (മോഡൽ കോഡ് ഓഫ് കോണ്ടക്ട്) നിലവിൽ വന്നതിനാൽ മേൽ പദ്ധതിയുടെ ആദ്യ ഗഡു അനുവദിക്കാൻ കഴിയില്ല എന്നും പദ്ധതി നടപ്പിലാക്കുന്നില്ലായെന്നും 27-10-14 ലെ കെ -14011/36/2013/യുഡി-1/108 ഡി ഒ ലെറ്റർ പ്രകാരം അർബൻ ഡെവലപ്മെന്റ് മന്ത്രാലയത്തിൽ നിന്നും സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു. എന്നാൽ പദ്ധതി നടപ്പിലായില്ലെങ്കിലും കരാർ പ്രകാരമുള്ള തുക നൽകുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിയ സ്ഥാപനം കരാർപ്രകാരമുള്ള തുകയ്ക്ക്(86,57,436/-രൂപ,

അതായത് 72,14,53,000/-രൂപയുടെ 1.5% ന്റെ 80%) അന്തിമബിൽ നൽകി. തുകയ്ക്കായി നിരന്തരം ആവശ്യപ്പെടുന്നതിനാൽ, സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് തുക നൽകാമെന്ന് 31-1-2013 ലെ 12-ാം നം കൗൺസിൽ തീരുമാനം അംഗീകരിച്ചു. തനത് ഫണ്ടിൽ നിന്ന് പ്രോജക്ട് കോസ്ററിന്റെ 80% ന്റെ 1.5% തുക നൽകാൻ സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. (ജി.ഒ.(ആർടി)നം 426/2016/LSGD.തീ 2-2-2016). സർക്കാർ ഉത്തരവ് ലഭിച്ചതിനുശേഷം, ടി വിഷയം കൗൺസിൽ പരിഗണനയ്ക്കായി വെയ്ക്കുവാൻ നഗരസഭാധ്യക്ഷ 23-7-2016ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനുശേഷം ഫയലിൽ യാതൊരു തുടർ നടപടികളും ഉണ്ടായിട്ടില്ല.

കൺസൾട്ടൻസി ഫീസ് 24% പലിശ സഹിതം ആവശ്യപ്പെട്ട് സ്ഥാപനം 1-3-19 ൽ വക്കീൽ നോട്ടീസ് അയച്ചതിന്, അഡ്വ.എം.കെ. അബൂബക്കർ നഗരസഭയ്ക്ക് നൽകിയ നിയമോപദേശത്തിൽ മെസ്സേഴ്സ് ഇൻഫ്രാ സപ്പോർട്ടിംഗ് കൺസൽട്ടന്റ് പ്രൈ.ലി., ബാംഗളൂർ എന്ന സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസ് നല്കേണ്ടതാണെന്ന് പറയുന്നു.എന്നാൽ നഗരസഭയ്ക്ക് വക്കീൽ നോട്ടീസ് അയച്ചിരിക്കുന്നത് മെസ്സേഴ്സ് യു എൽ ടെക്നോളജി സർവ്വീസസ് പ്രൈ.ലി.കോഴിക്കോട് എന്ന സ്ഥാപനമാണ്. ലീഗൽ നോട്ടീസിൽ ടി സ്ഥാപനം മെസ്സേഴ്സ് ഇൻഫ്രാ സപ്പോർട്ടിംഗ് കൺസൽട്ടന്റ് പ്രൈ.ലി.ബാംഗ്ലൂർ എന്ന സ്ഥാപനത്തിന് വേണ്ടി നഗരസഭയുടെ ഡിപിആർ തയ്യാറാക്കി നൽകി എന്നും അതിനാൽ വക്കീൽ നോട്ടീസ് അയക്കുന്നുവെന്നുമാണ് പറയുന്നത്. മെസ്സേഴ്സ് യു എൽ ടെക്നോളജി സർവ്വീസസ് പ്രൈ.ലി. കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ അസി. മാനേജർ ശ്രീ പ്രത്യുഷ് എന്നയാളെ നഗരസഭയുമായി നെഗോസിയേഷന് ചുമതലപ്പെടുത്തിയതായി ഒരു കത്ത് ഫയലിൽ ഉണ്ടെങ്കിലും മെസ്സേഴ്സ് ഇൻഫ്രാ സപ്പോർട്ടിംഗ് കൺസൽട്ടന്റ്സിന്റെ പവർ ഓഫ് അറ്റോർണി നൽകിയിട്ടില്ല. അതുകൊണ്ടു തന്നെ നഗരസഭയുമായി യാതൊരു കരാറിലും ഏർപ്പെടാത്ത ഒരു സ്ഥാപനത്തിന് തുക നൽകാനുള്ള നഗരസഭയുടെ നടപടികൾ പുനപരിശോധിക്കേണ്ടതും ടി സ്ഥാപനത്തിന്റെ ക്ളെയിം നിയമപരമാണോയെന്ന് പരിശോധിക്കേണ്ടതുമാണ്. കരാർ പ്രകാരം നഗരസഭ കൺയൾട്ടൻസി ഫീ നല്കേണ്ടത് മെസ്സേഴ്സ് ഇൻഫ്രാ സപ്പോർട്ടിംഗ് കൺസൽട്ടന്റ് പ്രൈ.ലി., ബാംഗ്ലൂരിനാണ്. അതിനാൽ കരാറിൽ ഒരിടത്തും കക്ഷിയല്ലാത്ത സ്ഥാപനത്തിന്റെ ക്ലെയിം സംശയാസ്പദവും നിയമപരമല്ലാത്തതമാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

സ്ഥാപനത്തിന് 8,42,700/- രൂപ 12-8-13 ൽ (ചെക്ക് നം 994859/11-11-2013) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിൽ 92700 രൂപ സേവനനികുതി ഉൾപ്പെടുന്നു. 12-8-13 ലെ മൊബിലൈസേഷൻ അഡ്വാൻസിനു ശേഷം, മേൽ ഉത്തരവ് ഇറങ്ങുന്നതിനു മുൻപ്, 2013-14,2014-15,2015-16 വർഷങ്ങളിൽ ഇൻഫ്രാ സപ്പോർട്ട് എഞ്ചിനീയറിംഗ് കൺസൾട്ടന്റ്സിന് ഈയിനത്തിൽ തുക നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 30-11-19 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 55 ന് മറുപടി ലഭിച്ചിട്ടില്ല.

# 1-34 സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ- പദ്ധതി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO 205/18-19, സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, കളമശേരി നഗരസഭ |
| പദ്ധതി അടങ്കൽ | 89356/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | ചെക്ക് നം 279030/15.10.18-21378/-<br>ചെക്ക് നം 279031/15.10.18- 9160/- |

കളമശേരി നഗരസഭയിൽ 2017-18 വാർഷിക പദ്ധതിയിൽപ്പെടുത്തി 13,00,000/-രൂപ അടങ്കലിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിരുന്നു ( നം എസ്.ഒ 182/18). നഗരസഭ പരിധിയിലെ വിവിധ സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് 10 സി.സി.ടി.വി ക്യാമറ യൂണിറ്റുകൾ സ്ഥാപിക്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. മൂന്ന് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തു. ഇവരിൽ കുറഞ്ഞ തുക (12,62,670/-രൂപ) ക്വോട്ട് ചെയ്ത GNC capture technical systems Kadavanthraഎന്ന സ്ഥാപനവുമായി 07.03.2018 ൽ കരാറിലേർപ്പെട്ട് പ്രവൃത്തി ഏൽപ്പിച്ചിരുന്നു. കരാർ പ്രകാരം 15ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. സാധനങ്ങൾ സപ്ലൈ ചെയ്ത് ഇൻവോയ്സ് ഹാജരാക്കിയതനുസരിച്ച് താഴെ പറയും വിധം 12,10,644/- രൂപ 24.03.2018 ൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 2017-18 ൽ ക്യാമറ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയില്ല. സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാതെ കരാർ തുകയുടെ 95 ശതമാനവും നൽകിയത് ശരിയായ നടപടിയല്ല.

| ഇൻവോയ്സ് നം തീയതി | തുക | ഇൻവോയ്സിന്റെ വിശദാംശങ്ങൾ | തുക നൽകിയതിന്റെ വിവരം |
|---|---|---|---|
| 3207/22.03.18 | 10,97,364 | Cost of CCTV system accessories | ബിൽ നം 13/24.03.2018 |
| 3196/22.03.18 | 1,13,280 | Installation and commissioning charges | |
| ആകെ | 12,10,644 | | |

പദ്ധതി പൂർത്തിയാകാത്തതിനാൽ പദ്ധതി അടങ്കലിന്റെ ബാലൻസ് തുകയായ 89356/- രൂപ വകയിരുത്തി 2018-19 ൽ സ്പിൽ ഓവറായി പദ്ധതിക്ക് (നം SO 205/18-19) അംഗീകാരം നേടിയെങ്കിലും ആ വർഷവും പദ്ധതി പൂർത്തീകരിച്ചില്ല.. ക്യാമറ സ്ഥാപിക്കുന്നിടത്തേക്ക് വൈദ്യുതി എത്തിക്കുന്ന പ്രവൃത്തിക്ക് കെ.എസ്.ഇ ബി ക്ക് തുക നൽകിയിരിക്കുന്നത് 2018-19 ൽ മാത്രമാണ്. ഇതിനുള്ള തുക തനതുഫണ്ടിൽ നിന്നാണ് നൽകിയിരിക്കുന്നത്. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം 59/30.11.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

(1)5,00,000/-രൂപക്ക് മുകളിൽ അടങ്കൽ വരുന്ന പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടത്തണമെന്ന നിർദ്ദേശം പാലിക്കാതെ മാന്വൽ ടെണ്ടറാണ് ക്ഷണിച്ചത്. കൂടാതെ ടെണ്ടർ ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ച കാര്യം ഖണ്ഡിക 2-4 ൽ ചേർത്തിട്ടുണ്ട്

(2) സ്പിൽ ഓവർ പ്രവൃത്തികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന് 13ാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. എന്നാൽ 2018-19 ൽ പൂർത്തിയാക്കിയില്ലെന്ന് മാത്രമല്ല, ഓഡിറ്റ് തീയതി വരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നാണ് ഫയലിൽ നിന്നും മനസ്സിലാകുന്നത്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

(3.) 15 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന് കരാറിൽ വ്യവസ്ഥയുണ്ടായിട്ടും , 07.03.2018ൽ കരാർ വച്ച് നാളിതുവരെയായിട്ടും പ്രവൃത്തി നടത്താത്തതിന് കരാറുകാരനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം നൽകേണ്ടതാണ്.

പൂർണ്ണമായി പ്രവർത്തനം തുടങ്ങി ആദ്യ ഒരു വർഷം CCTV ക്യാമറകൾ സംബന്ധമായി വരാവുന്ന ഇതര അറ്റകുറ്റ പണികൾ കമ്പനി സ്വന്തം ഉത്തരവാദിത്തത്തിലും ചെലവിലും നടത്തുമെന്നും, തുടർന്നുവരുന്ന 2ാം വർഷത്തിൽ project cost ന്റെ 8% തുകയും, 3ാം വർഷത്തിൽ 10 % non comprehencive AMC നഗരസഭ കമ്പനിക്ക് നൽകേണ്ടതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 1,30,000/- രൂപ

പ്രതിവർഷം നഗരസഭക്ക് ഈയിനത്തിൽ ഭാവിയിൽ ചെലവു വരുമെന്ന കാര്യം കൂടി നഗരസഭയുടെ ശ്രദ്ധയിലേക്ക് ക്ഷണിക്കുന്നു. പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-35 ഉറവിട മാലിന്യസംസ്കരണ പ്ലാന്റ്- വിൻഡ്രോ കമ്പോസ്റ്റ് (തുമ്പൂർമുഴി മോഡൽ)- പദ്ധതി പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO 203/18-19, ഉറവിട മാലിന്യ സംസ്കരണ പ്ലാന്റ്- വിൻഡ്രോ കമ്പോസ്റ്റ് (തുമ്പൂർമുഴി മോഡൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, കളമശേരി നഗരസഭ |
| പദ്ധതി അടങ്കൽ | 22,50,000/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവഴിച്ച തുക- | തൻവർഷം ചെലവില്ല |

കളമശേരി നഗരസഭയിൽ 2017-18 വാർഷിക പദ്ധതിയിൽപ്പെടുത്തി തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുവാൻ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 22,50,000/-അടങ്കൽ വരുന്ന പദ്ധതി രൂപീകരിച്ചിരുന്നു. നഗരസഭയുടെ 10,34,41 എന്നീ വാർഡുകളിലായി ആകെ 3 യൂണിറ്റുകൾ സ്ഥാപിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. 15.03.2018 ലെ 1155/C2/2008/SM നം ഉത്തരവ് പ്രകാരം സംസ്ഥാന ശുചിത്വമിഷനിൽ നിന്നും 22,50,000/-രൂപ അടങ്കലിനുള്ള സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. 2017-18 വർഷത്തിലെ പദ്ധതിയായിട്ടും 31.03.2018ൽ മാത്രമാണ് ടെണ്ടർ ക്ഷണിച്ചത്. ആദ്യ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. അതുകൊണ്ടുതന്നെ ആ വർഷം പദ്ധതി നടന്നില്ല. 2018-19 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി അംഗീകാരം നേടിയെങ്കിലും പ്രവൃത്തി തുടങ്ങാൻ പിന്നീട് റീടെണ്ടർ ക്ഷണിച്ചത് വളരെ വൈകി 30.10.2018 ൽ മാത്രമാണ്. മൂന്ന് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തു. ഇവരിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ദിനമിത്ര ബയോഗ്യാസ് പ്ലാന്റ്, കോട്ടയം എന്ന സ്ഥാപനവുമായി 22.12.2018 ൽ കരാറിലേർപ്പെട്ട് പ്രവൃത്തി ഏൽപ്പിച്ചിരുന്നു. കരാറ് പ്രകാരം 20ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. ഈ പ്രവത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

(1) 5,00,000/-രൂപക്ക് മുകളിൽ അടങ്കൽ വരുന്ന പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടത്തണമെന്ന നിർദ്ദേശം പാലിക്കാതെ മാന്വൽ ടെണ്ടറാണ് ക്ഷണിച്ചത്. കൂടാതെ ടെണ്ടർ ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ച കാര്യം ഖണ്ഡിക 2-4 ൽ ചേർത്തിട്ടുണ്ട്.

(2) സ്പിൽ ഓവർ പ്രവൃത്തികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന് 13ാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. എന്നാൽ 2018-19 ൽ പൂർത്തിയാക്കിയില്ലെന്ന് മാത്രമല്ല, ഓഡിറ്റ് തീയതി വരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നാണ് ഫയലിൽ നിന്നും മനസ്സിലാകുന്നത്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

(3) 20ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന് കരാറിൽ വ്യവസ്ഥയുണ്ടായിട്ടും, 22.12.2018ൽ കരാർ വച്ച് നാളിതുവരെയായിട്ടും പ്രവൃത്തി നടത്താത്തതിന് കരാറുകാരനെതിരെ നടപടി

സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 25/22.11.2019) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-36 പൂർത്തീകരണത്തിന് കാലതാമസം- നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ആര്യക്കാവ് ചിറ സംരക്ഷണഭിത്തി വാർഡ് -15 |
| പ്രൊ.നമ്പർ | എസ് 354/18 |
| അടങ്കൽ തുക | 37,00,000/- |
| കരാർ തുക (PAC) | 32,23,883/- |
| കോൺട്രാക്ടറുടെ പേര് | ഷിഹാസ് എം.എ |
| എഗ്രിമെന്റ് നമ്പർ- തീയതി | 49/17-18 Dtd. 29.12.2017 |
| ആകെ ചെലവ് രൂ.24,50,162/- | (1)21,95,492/-<br>(ട്രഷറിബിൽ നം. 10/18-19. തീയതി. 20.06.2018)<br>(2) 2,54,670/-<br>(ട്രഷറിബിൽ നം. 88/18-19. തീയതി 26.03.2019) |

കളമശ്ശേരി നഗരസഭയിലെ 15-ാം വാർഡിൽ "ആര്യക്കാവ് ചിറ സംരക്ഷണഭിത്തി" എന്ന പ്രവൃത്തിക്ക് 23.11.2017ൽ ടെൻഡർ വിളിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച രണ്ട് ടെൻഡറുകളിൽ കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. ഷിഹാസ് എം.എ എന്നയാൾക്ക് 29.11.2017ലെ കൗൺസിൽ തീരുമാനപ്രകാരം കരാർ നല്കി. ടിയാൾ 29/12/2017 -ൽ നഗരസഭയുമായി ചമച്ച കരാർ പ്രകാരം 4 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ പണി ഭാഗികമായി പൂർത്തിയാക്കി ആദ്യപാർട്ട് ബിൽ നല്കിയത് 20.06.2018-ാം തീയതിയായിരുന്നു. (ചെക്ക് മെഷർ ചെയ്തത് 19.06.2018). പിന്നീട് രണ്ടാം പാർട്ട് ബിൽ തുക നല്കിയത് 26.03.2019 ലാണ്.

ഈ പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) കരാർ പ്രകാരം 4 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ഒന്നേമുക്കാൽ വർഷം കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. അതേസമയം പൂർത്തീകരണത്തീയതി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നല്കിയിട്ടുമില്ല. ജി.ഒ (പി) 13/2012/PWD തീയതി.01.02.2012 പ്രകാരം നിലവിൽ വന്ന 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം പരമാവധി ദീർഘിപ്പിക്കൽ പരിധി ഒറിജിനൽ പൂർത്തീകരണകാലാവധിയുടെ 50%-ൽ അധികം പാടില്ല എന്നാണ്.

(2) 2012 ലെ പിഡബ്ല്യൂഡി മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്. എന്നാൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

(3) സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതായിരുന്നു. രണ്ട് പാർട്ട് ബില്ലുകൾ നല്കിയിട്ടുണ്ടെങ്കിലും ഈ ബില്ലുകളിൽ നിന്ന് യാതൊരു തുകയും പിഴയായോ കോമ്പൻസേഷനായോ ഈടാക്കിയിട്ടുമില്ല.

ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് നഗരസഭ നല്കിയ മറുപടിയിൽ കാലതാമസത്തിനുള്ള പിഴ തുകയായ 99,714/- രൂപ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്ന് ഈടാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ ഈ പ്രവൃത്തി പൂർത്തിയാക്കുമ്പോൾ അതുവരെയുള്ള നിയമാനുസൃത പിഴ കണക്കാക്കി ഈടാക്കേണ്ടതാണ്.

# 1-37 വയോജനങ്ങളുടെ ശാരീരിക മാനസിക ഉന്നമനത്തിനായി ഉല്ലാസയാത്ര- പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO130/18-19, വയോജനങ്ങളുടെ ശാരീരിക മാനസിക ഉന്നമനത്തിനായി ഉല്ലാസയാത്ര |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ |
| പദ്ധതി അടങ്കൽ | 2,00,000/-രൂപ (വികസനഫണ്ട്-ജനറൽ) |
| ചെലവഴിച്ച തുക- 97000/- | ബിൽ നം 28/16.03.19 |

വയോജനങ്ങളുടെ മാനസികോല്ലാസത്തിനായി 2,00,000/-രൂപ അടങ്കലിൽ 2017-18 ൽ ആവിഷ്കരിച്ച പദ്ധതിയാണിത്. 2017-18 ൽ തുക ചെലവഴിച്ചില്ല. തുടർന്ന് 2018-19 ൽ സ്പിൽ ഓവർ പ്രോജക്റ്റ് ആയി അംഗീകാരം വാങ്ങിയാണ് പദ്ധതി നടപ്പാക്കിയത്. നഗരസഭ ഈസ്റ്റ്-വെസ്റ്റ് സി.ഡി.എസിൽ ഉൾപ്പെട്ട ആശ്രയ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനായി 23.02.2019ൽ കുമരകത്ത് ബോട്ട് യാത്ര നടത്തിയ വകയിൽ ചെലവഴിച്ച 97000/-രൂപയാണ് പദ്ധതിപ്രകാരമുള്ള ചെലവ്. നൗഷാദ് പി.എ എന്ന വ്യക്തിക്കാണ് തുക നൽകിയിരിക്കുന്നത്. Citicab Tours and Travels South Kalamassery എന്ന സ്ഥാപനത്തിന്റെ 97000/- രൂപയുടെ ഒരു ബില്ലാണ് ചെലവ് രേഖയായുള്ളത്. ഈ സ്ഥാപനത്തെ തെരെഞ്ഞടുത്തതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ വിവരങ്ങൾ ഫയലിലില്ല. പദ്ധതിയുടെ വിശദാംശങ്ങളാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പരിപാടിയിൽ പങ്കെടുത്തവരുടെ പേരെഴുതിയ ഒരു രജിസ്റ്റർ ഹാജരാക്കിയല്ലാതെ ഗുണഭോക്താക്കളുടെ അപേക്ഷകളോ, അവരെ തെരെഞ്ഞെടുത്തതിന്റെ വിവരങ്ങളോ ഹാജരാക്കിയില്ല. 13ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വയോജന ക്ഷേമത്തിന് തുക വകയിരുത്താമെങ്കിലും, ഇതിലെ ഖണ്ഡിക 8.4 പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടികളായ ഉല്ലാസ-പഠനയാത്രകൾക്ക് വികസനഫണ്ട് ചെലവഴിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളിൽ നിന്നും വ്യത്യസ്തമായി പദ്ധതി തുക ചെലവഴിക്കുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ ചെലവുതുകയായ 97,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-38 വികലാംഗ ക്ഷേമ സഹായ ഉപകരണങ്ങൾ മുഴുവനായും വിതരണം ചെയ്തിട്ടില്ല.

പ്രോജക്റ്റ് നം. : എസ്.ഒ. 193/19

തീയതി : 16.12.2018

അടങ്കൽ തുക : രൂ.1264576/-

ചിലവ് : രൂ.611032/-

കളമശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ, 2018-19 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ടായി നടപ്പിലാക്കിയ വികലാംഗ ക്ഷേമസഹായഉപകരണങ്ങളുടെ വിതരണം

പൂർണ്ണമായും നടത്തിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ 39-ാം ക്രമനമ്പറിലുള്ള ഗുണഭോക്താവ് ഹിഫ ഫാത്തിമ, D/o അസീസ്, കണ്ടക്കൽ ഹൗസ്, തായ്ക്കാട്ടുകര, വിടാക്കുഴ എന്നയാൾ മരണപ്പെട്ടുകയും 42-ാം ക്രമ നമ്പറിലുള്ള ഗുണഭോക്താവ് ഇഹ്സാൻ ദ്വൾ ഇസ് , പുത്തൻവീട്, C/o ജബ്ബാർ, പള്ളിലാംകര, എച്ച്.എം.ടി. കോളനി എന്നയാൾ നിലവിൽ കൊടുത്ത അഡ്രസ്സിൽ നിന്നും ടെലഫോണിലൂടെ പോലും സമ്പർക്കം പുലർത്താൻ പറ്റാത്ത വിധത്തിൽ സ്ഥലം മാറിപ്പോകുകയും ചെയ്തതിനാലാണ് ഉപകരണങ്ങൾ(സ്റ്റാൻറിംഗ് ഫ്രെയിം - 2 എണ്ണം, സി.പി. ചെയർ വുഡൻ -2 എണ്ണം,) പൂർണ്ണമായും വിതരണം ചെയ്യാൻ സാധിക്കാതിരുന്നതെന്നും കളമശ്ശേരി നഗരസഭ സെക്രട്ടറിയെ 12.11.2019 തീയതിയിലെ 16/2018-ാം നമ്പർ കത്ത് മുഖേന പ്രസ്തുത വിവരം ധരിപ്പിച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.

അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി, വിതരണം ചെയ്യാത്ത വികലാംഗ ക്ഷേമസഹായ ഉപകരണങ്ങൾ(സ്റ്റാൻറിംഗ് ഫ്രെയിം - 2 എണ്ണം, സി.പി. ചെയർ വുഡൻ -2 എണ്ണം,) വിതരണം ചെയ്യേണ്ടതാണ്.

# 1-39 ബാലസഭ പ്രവർത്തനങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO202/18-19, ബാലസഭ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ |
| പദ്ധതി അടങ്കൽ | 1,00,000/-രൂപ (വികസനഫണ്ട്-ജനറൽ) |
| ചെലവഴിച്ച തുക- 97759/- | ബിൽ നം -10/23.01.19-48959<br>ബിൽ നം - 27/21.03.19-48800<br>ആകെ 97759 |

കുടുംബശ്രീയുടെ നേതൃത്വത്തിൽ ബാലസഭയുടെ പ്രവർത്തനങ്ങൾക്കാണ് മേൽപദ്ധതി പ്രകാരം 97759/- രൂപ ചെലവഴിച്ചിരിക്കുന്നത്. ബാലസഭയിലെ അംഗങ്ങൾക്കായി നടത്തിയ വിനോദയാത്രക്കും, കുടനിർമ്മാണ പരിശീലനം സംഘടിപ്പിച്ചതിനുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക | ബിൽ നം, തീയതി |
|---|---|---|
| 19/11/18 ൽ കോടനാട് ആനസങ്കേതത്തിലേക്ക് നടത്തിയ യാത്ര, ഭക്ഷണം | 48959 | 10/23.01.19 |
| 16/02/19 ൽ മുനിസിപ്പൽടൗൺഹാളിൽ വച്ച് നടത്തിയ കുടനിർമ്മാണ പരിശീലനത്തിനുള്ള ചെലവ്- സ്റ്റേഷനറി, ഭക്ഷണം | 48800 | 27/21.03.19 |
| ആകെ | 97759 | |

പദ്ധതി മാർഗ്ഗരേഖ (GO(MS)22/2018/LSGD dated 14.02.2018) ഖണ്ഡിക 7.6.17 ൽ തദ്ദേശ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്റ്റുകൾ തയ്യാറാക്കണമെന്നും, മുനിസിപ്പൽതല പ്രവർത്തനത്തിന് 50,000/-ൽ അധികരിക്കാതെ തുക ചെലവവിക്കാവുന്നതാണെന്നും പ്രസ്തുത ഖണ്ഡികയിൽ പറയുന്നു. ഇതിനു വിരുദ്ധമായി 97759/- രൂപ ബാലസഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതായി കാണുന്നു. ഉല്ലാസ-പഠനയാത്രകൾ പോലുള്ള പദ്ധതികൾക്ക് വികസനഫണ്ട് വകയിരുത്താൻ പാടില്ലെന്നും പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്(ഖണ്ഡിക 8.4). കൂടാതെ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.5 പ്രകാരം സ്വയം തൊഴിൽ

സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായല്ലാതെ പരിശീലന പരിപാടികൾ സംഘടിപ്പിക്കരുതെന്നും നിർദ്ദേശമുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ മേൽപരാമർശിച്ച രണ്ട് നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് ഈ പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13/19.11.19) പഠനയാത്രയിലും കടനിർമ്മാണ പരിശീലനത്തിനും പങ്കെടുത്തവരുടെ പേരെഴുതിയ ഒരു രജിസ്റ്റർ ഹാജരാക്കിയതല്ലാതെ, സംസ്ഥാനതല നിർദ്ദേശങ്ങൾ പരിഗണിച്ചാണോ പദ്ധതി തയ്യാറാക്കിയതെന്നതിന് വ്യക്തമായ മറുപടി ലഭിച്ചില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി തുക ചെലവഴിക്കുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ ചെലവുതുകയായ 97,759/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-40 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

1. (a)പ്രൊജക്ട് 1/2018-19- സമഗ്ര പുരയിട കൃഷി

അടങ്കൽ -934000/-

ചെലവ് -389388/-

പദ്ധതി പ്രകാരം വളവും കീടനാശിനികളും ഗുണഭോക്തൃവിഹിതം സ്വീകരിച്ച് 129 പേർക്ക് നൽകുകയും ജൈവവളം 103പേർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും ചെയ്തു. പ്രത്യേക സബ്സിഡി മാനദണ്ഡങ്ങളുള്ള പദ്ധതികൾ രണ്ട് പദ്ധതികളായി നടപ്പാക്കാതിരുന്നതിനുള്ള വിശദീകരണം നൽകേണ്ടതാണ്.

(b).പ്രൊജക്ട് 2/2018-19- സമഗ്ര പച്ചക്കറി വികസനം

അടങ്കൽ-483500/-

ചെലവ്-165000/-

പദ്ധതി പ്രകാരം വളവും കീടനാശിനികളും ഗുണഭോക്തൃവിഹിതം സ്വീകരിച്ച് 40 പേർക്ക് നൽകുകയും പച്ചക്കറി വിത്തുകൾ ആവശ്യക്കാരായ എല്ലാവർക്കും 100% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും ചെയ്തു. പ്രത്യേക സബ്സിഡി മാനദണ്ഡങ്ങളുള്ള പദ്ധതികൾ രണ്ട് പദ്ധതികളായി നടപ്പാക്കാതിരുന്നതിനുള്ള വിശദീകരണം നൽകേണ്ടതാണ്.
പദ്ധതികൾ കൂടുതൽ സുതാര്യവും മാനദണ്ഡങ്ങൾക്കനുസരിച്ചും നടപ്പിലാക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്. വ്യത്യസ്ത ഗുണഭോക്താക്കളുള്ള പദ്ധതികൾ പ്രത്യേക പദ്ധതികളായിത്തന്നെ നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

2.(a)പ്രൊജക്ട് 47/2018-19 കൃഷിഭവന് ഓഫീസ് സാമഗ്രികൾ, ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങൽ-

അടങ്കൽ-115000/-

ചെലവ്-114435/-

പദ്ധതി പ്രകാരം 55631/-രൂപയുടെ ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങിയതുൾപ്പെടെ പദ്ധതി രേഖകളിൽ ഉൾപെടാത്ത ഫർണിച്ചർ, സ്റ്റേഷനറി, ലാപ്ടോപ്പ് മുതലായവ കൂടി വാങ്ങിയതിനുള്ള വിശദീകരണം നൽകേണ്ടതാണ്.

(b)പ്രൊജക്ട് 174/2018-19- കൃഷിഭവന് ഫർണിച്ചർ വാങ്ങൽ-

അടങ്കൽ-200000/-

ചെലവ്-175838/-

കസേരകളും റാക്കും വാങ്ങുന്നതിന് വിഭാവനം ചെയ്ത പദ്ധതി പ്രകാരം 72429/-രൂപയുടെ കസേരകളും റാക്കും വാങ്ങുകയും ബാക്കി തുകയ്ക്ക് പദ്ധതി രേഖകളിൽ ഉൾപെടാത്ത ഡെസ്ക്ടോപ്പ്, അലമാര, ബെഞ്ച് മുതലായവ കൂടി വാങ്ങിയതിനുള്ള വിശദീകരണം നൽകേണ്ടതാണ്.

ഓഫീസ് പ്രവർത്തനത്തിന് അനിവാര്യമായ സാമഗ്രികളാണ് വാങ്ങിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തേണ്ടതും കൃഷി ഭവന്റെ എല്ലാ സാധനസാമഗ്രികളുടേയും സ്റ്റോക്ക് രേഖപ്പെടുത്തുന്ന മെയിൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

3. പ്രൊജക്റ്റ് 1/2018-19, പ്രൊജക്റ്റ് 2/2018-19, പ്രൊജക്റ്റ് 5/2018-19 എന്നീ പദ്ധതികൾക്കായി സ്വീകരിച്ച് ചെലവഴിച്ച ഗുണഭോക്തൃവിഹിതം 74590/- രൂപ (യഥാക്രമം 27090/-, 5000/-, 42500/-)പദ്ധതി ചെലവിൽ ഉൾപെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ അപാകതകൾക്കുള്ള 25.11.2019ലെ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

# 1-41 ദേശീയ വഴിയോര കച്ചവട നിയമം നടപ്പാക്കിയില്ല

തെരുവ് കച്ചവടക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തെരുവ് കച്ചവടം ക്രമപ്പെടുത്തുന്നതിനുമായി ദേശീയ വഴിയോര കച്ചവട നിയമം [ The Street Vendors (Protection of Livelihood and Regulation of Street Vending) Act 2014] നിലവിൽ വന്നിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കേണ്ടത് നഗരസഭകളുടെ ബാദ്ധ്യതയാണ്. കളമശ്ശേരി നഗരസഭയിൽ ഈ നിയമം നടപ്പിലാക്കിയിട്ടുണ്ട് ,എന്നാൽ തെരുവ് കച്ചവടക്കാരുടെ സർവ്വേ പൂർത്തീകരിച്ച് 106പേരുടെ പട്ടിക തയ്യാറാക്കിയിരുന്നെങ്കിലും 15 കച്ചവടക്കാർക്ക് മാത്രമാണ് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തത്. ബാക്കിയുള്ള കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് നല്കാനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

ദേശീയ വഴിയോര കച്ചവട നിയമം 2014, വകുപ്പ് 22 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിൽ ടൗൺ വെന്റിങ്ങ് കമ്മറ്റി രൂപീകരിക്കണം. കളമശ്ശേരി നഗരസഭയിൽ ടൗൺ വെന്റിങ്ങ് കമ്മറ്റി - വിജ്ഞാപനം ചെയ്തിട്ടില്ല.വെന്റിങ്ങ് കമ്മറ്റി രൂപീകരിച്ച് ചട്ടപ്രകാരം ലിസ്റ്റ് വിജ്ഞാപനം ചെയ്യേണ്ടതാണ്.

വകുപ്പ് 6 പ്രകാരം വഴിയോരക്കച്ചവടക്കാരെ തരംതിരിച്ച് വെന്റിങ്ങ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതാണ്. തെരുവ് കച്ചവടക്കാരുടെ സർവ്വേ പൂർത്തീകരിച്ച് കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനുള്ള നടപടികൾ ഇനിയും ആരംഭിച്ചിട്ടില്ല.

Regulation of Street Vending Scheme അനുസരിച്ച് നഗരസഭ പ്രദേശത്തെ Vending zone, Restricted Vending zone,No Vending zone എന്നിങ്ങനെ തരംതിരിക്കേണ്ടതും,2016 ലെ Kerala Street Vendors ( Protection of Livelihood, Regulation of Street Vending ) Scheme അനുസരിച്ച് നഗരസഭ പ്രദേശത്തെ മേൽ പറഞ്ഞ സോണുകൾക്ക് അനുസൃതമായി വെന്റിങ്ങ് ഫീസ് നിശ്ചയിക്കേണ്ടതുമാണ്. ഖണ്ഡിക 9 അനുസരിച്ച് തദ്ദേശഭരണ സ്ഥാപനം, കച്ചവടത്തിന്റെ തരം അനുസരിച്ച് വെന്റിങ്ങ് ഫീസ് നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തുകയും ഈടാക്കുകയും വേണം. എന്നാൽ ഇതിനുള്ള നടപടികൾ നഗരസഭ ആരംഭിച്ചിട്ടില്ല.

ദേശീയ നഗര ഉപജീവന മിഷൻ നഗരസഭാ ഘടകമാണ് മേൽ പ്രതിപാദിച്ച പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. എന്നാൽ ഇതിനായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ പോലും ചെയ്തിട്ടില്ല

നഗരസഭ ടൗൺ വെന്റിങ്ങ് സോണിനായി ഉചിതമായ സ്ഥലം കണ്ടെത്തി റസ്ട്രിക്റ്റഡ് വെന്റിങ്ങ് സോൺ, നോ വെന്റിങ്ങ് സോൺ, വെന്റിങ്ങ് ഫീസ് എന്നിവ നിശ്ചയിക്കേണ്ടതാണ്. വഴിയോരക്കച്ചവട നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-42 നഗരസഭാ ബസ് സ്റ്റാന്റ് നിഷ്ക്രിയ ആയ്തിയായി തുടരുന്നു

കളമശ്ശേരി മെഡിക്കൽ കോളജിനു സമീപത്തായി ആധുനിക രീതിയിലുള്ള ബസ് സ്റ്റാന്റ് എന്ന പദ്ധതി 2015-16 ൽ ആവിഷ്കരിച്ച് 3 കോടി രൂപ വകയിരുത്തി 2017 -18 ൽ പൂർത്തിയാക്കിയിട്ടുണ്ട്.എന്നാൽ നാളിതുവരെ ബസ് ടെർമിനലിൽ ബസ് കയറി തുടങ്ങിയിട്ടില്ല. ഡവലപ്മെന്റ് ഫണ്ട് 97 ലക്ഷം,ധനകാര്യ കമ്മീഷൻ ഗ്രാന്റ് 48.76 ലക്ഷം, ലോകബാങ്ക് ധനസഹായം 77.19 ലക്ഷം, തനത് ഫണ്ട് 77.04 ലക്ഷം എന്നിങ്ങനെ ഫണ്ട് വകയിരുത്തിയ ബസ് സ്റ്റാന്റ് നിർമ്മാണം, 3.21 കോടി രൂപ ചെലവിൽ 2017 ജൂലൈയിൽ പൂർത്തീകരിച്ചിട്ടുണ്ട്. 125 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 3 കടമുറികൾ ഉണ്ടെങ്കിലും അവയും ലേലത്തിനോ, വാടകയ്ക്കോ നല്കാൻ കഴിഞ്ഞിട്ടില്ല. ബസ്സുകൾ സ്റ്റാന്റിൽ കയറുന്നില്ല എന്നതിനാൽ കടമുറികൾ ആരും തന്നെ ലേലം കൊള്ളുന്നില്ല എന്ന വിശദീകരണമാണ് ലഭിച്ചത്.

ബസ് സ്റ്റാന്റിലേയ്ക്ക് KINESCO POWER AND UTILITY PVT LTD. എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഇലക്ട്രിസിറ്റി കണക്ഷൻ എടുത്തിട്ടുള്ളത്.ടി സ്ഥാപനവുമായി 23-12-17 ൽ ഏർപ്പെട്ട കരാറിൽ (2017-18 കരാർ നം 63 എ) പറയുന്നത് ഇപ്രകാരമാണ്' "the licensee shall supply to the consumer and the consumer shall take from the licencee all the energy required by the consumer for operating and lighting the consumer's premises located at building no XII/493 A, bus terminal kinfra."കെ എസ് ഇ ബി യുടെ പവർ സപ്ളൈ സിസ്റ്റം ഉപയോഗിക്കാതെ മേൽ പറഞ്ഞ സ്വകാര്യ സ്ഥാപനവുമായി പവർ സപ്ളൈയ്ക്കായി കരാർ വെയ്ക്കേണ്ടി വന്നതിന് വിശദീകരണം ലഭിച്ചില്ല. ടി സ്ഥാപനത്തിന് ലോ ടെൻഷൻ(LT)കണക്ഷൻ ലഭിക്കുന്നതിനായി 108000/ രൂപയും, (ചെക്ക് നം 641933/22-12-17) എനർജി ചാർജ് ഇനത്തിൽ ജനുവരി 2017 മുതൽ തുക ചെലവ് ചെയ്തിട്ടുണ്ട്. 20-2-2018 ൽ 68040/- രൂപ നൽകിയതായി ഫയലിൽ ചേർത്തിട്ടുണ്ട്. ഈയിനത്തിൽ നൽകിയ മുഴുവൻ തുകയുടേയും വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.36(25.11.19) മറുപടി ലഭിച്ചില്ല.

ബസ് ടെർമിനൽ വാച്ച്മാൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഫെബ്രുവരി 18 മുതൽ ഓഗസ്റ്റ് 18 വരെ ഒരാളെ നിയമിച്ച് വൗച്ചർ നം 92/10/18, ചെക്ക് നം278983/8-10-18 പ്രകാരം11250/- രൂപ നൽകിയിട്ടുണ്ട്. ഉപയോഗിച്ചു തുടങ്ങിയിട്ടില്ലാത്ത ബസ് ടെർമിനലിൽ സെക്യൂരിറ്റി ജീവനക്കാരനെ നിയമിക്കാൻ പ്രത്യേകിച്ച് കാരണങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ചുറ്റുമതിൽ ഇല്ലാതെ തുറസ്സായി കിടക്കുന്ന ബസ്സ്റ്റാൻഡിൽ വിലപിടിപ്പുള്ള വസ്തുവകകളും സൂക്ഷിക്കുന്നില്ല. അതുകൊണ്ടുതന്നെ സെക്യൂരിറ്റി ജീവനക്കാരന്റെ നിയമനം ഒഴിവാക്കാവുന്നതായിരുന്നു. സെക്യൂരിറ്റിയുടെ സേവനം അത്യന്താപേക്ഷിതമായിരുന്നില്ല എന്നതിനാൽ നിയമനം അനാവശ്യ ചെലവായിരുന്നു. ഈയിനത്തിലെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

5-10-17ൽ ബഹു.ചെയർപേഴ്സൺ 25-9-17 ലെ സ്റ്റിയറിംഗ് കമ്മറ്റി തീരുമാനപ്രകാരം ബസ് സ്റ്റാന്റിലുള്ള 3 കടമുറികൾ, കംഫർട്ട് സ്റ്റേഷൻ എന്നിവ ലേലത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ ആവശ്യപ്പെട്ടിരുന്നു. ഇതേ ആവശ്യത്തിന് വീണ്ടും ബഹു.ചെയർപേഴ്സൺ 24-12-17 നം സെക്രട്ടറിക്ക് കുറിപ്പ് നൽകിയിരുന്നു.

കൂടാതെ ബസ്സ്റ്റാന്റിലുള്ള കടമുറികൾ കാന്റീൻ നടത്താനായി 14 -ാം വാർഡിലെ അയൽക്കൂട്ടാംഗങ്ങളും 29-12-17 ലെ കത്തിൽ എഡിഎസ് ചെയർപേഴ്സൺ മുഖേന സെക്രട്ടറിയോട് അപേക്ഷിച്ചിരുന്നെങ്കിലും ഈ കത്തിന് മറുപടി നൽകിയിട്ടില്ല. ബസ്സ്റ്റാന്റിലുള്ള കടമുറികൾ പ്രയോജനപ്പെടുത്താൻ നിർദ്ദേശം ലഭിച്ചിട്ടു പോലും സെക്രട്ടറി മേൽ നടപടികൾ കൈക്കൊള്ളാൻ ശ്രമിച്ചില്ല.ബസ് സ്റ്റാന്റിലുള്ള കംഫർട്ട് സ്റ്റേഷൻ ലേലത്തിനുള്ള നിരക്ക് 13-6-18ലെ 15 -ാം നം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 19-10-18ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 2-ാം നം തീരുമാനപ്രകാരം ബസ് സ്റ്റാന്റിലുള്ള 3 കടമുറികൾക്ക് ചതു.മീറ്ററിന് 40 രൂപയും, മുൻകൂർ 10,00,000/- രൂപയും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 1-7-19 3 മണിക്ക് നടത്തിയ ലേലത്തിൽ പങ്കെടുത്തവർ ലേലനിബന്ധനകളിൽ മേൽനിരക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല എന്നതിനാൽ ലേലം ബഹിഷ്കരിച്ചു.ഇക്കാരണത്താൽ വീണ്ടും ലേലനോട്ടീസ് ചന്ദ്രിക, ദേശാഭിമാനി എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിന് യഥാക്രമം 7560 രൂപയും 6740രൂപയും നൽകിയിട്ടുണ്ട്. ലേല നടപടികളിലെ ഈ അശ്രദ്ധ കാരണം വീണ്ടും കടമുറികൾ നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. കടമുറികളുടെ ലേലം 2019 ഡിസംബറിലും നടത്തുവാൻ കഴിഞ്ഞിട്ടില്ല. 3.21 കോടി രൂപ നിർമ്മാണച്ചെലവുള്ള ബസ് സ്റ്റാന്റ് രണ്ട് വർഷത്തിനു ശേഷവും നിഷ്ക്രിയ ആസ്തിയായി തുടരുന്നു. മെഡിക്കൽ കോളജ്, കിൻഫ്ര ഹൈ ടെക് പാർക്ക് എന്നിവയുടെ സാമീപ്യം കണക്കിലെടുത്ത് ബസ് സ്റ്റാന്റ് പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. ബസ് സ്റ്റാൻഡ് പ്രവർത്തനനിരതമാകുന്നതിനായി കൂടുതൽ ബസ് സർവ്വീസുകൾ അനുവദിക്കുന്നതിനായി ആർ.ടി.ഒ.യുടെയും, ഈ റൂട്ടിലുള്ള ബസ്സുകൾ ബസ് ടെർമിനലിൽ കയറിയിറങ്ങുന്നതിനായി പോലീസ് അധികാരികളുടെ സഹായം തേടുന്നതും ഉചിതമായിരിക്കും. മെഡിക്കൽ കോളേജിൽ വരുന്നവരുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ബസ് സ്റ്റാൻഡ് ഒരു പരിധിവരെ സഹായകമാകും.
ഈ പ്രോജക്റ്റിന്റെ നടത്തിപ്പിൽ സ്ഥാപനത്തിനുണ്ടായ സാമ്പത്തിക നഷ്ടം സംബന്ധിച്ച് ഖണ്ഡിക 3-1 ൽ പ്രതിപാദിച്ചിട്ടുണ്ട്.

.

# 1-43 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- അപാകതകൾ

നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികൾക്കായി 2018-19 ലേക്കുള്ള Annual Action Plan പ്രകാരം വിവിധ വാർഡുകളിലായി 265 പദ്ധതികൾക്കായി 26250680/- രൂപയുടെ ചെലവിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ വിവിധ പദ്ധതികൾക്കായി 2018-19 വർഷം 1330858/ രൂപയും മറ്റു ചെലവുകൾക്കായി 28275/-രൂപയും കൂടി ആകെ 1359133/- ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ജീവനക്കാരുടെ ശമ്പള ഇനത്തിലുള്ള ചെലവുകൾ തനതു ഫണ്ടിൽ നിന്നാണ് ചെലവാക്കിയിട്ടുള്ളത്.

(1) നടപ്പിലാക്കിയ ഓരോ പദ്ധതികൾക്കുമായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങളും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എം ബുക്ക്, മസ്റ്റർ റോൾ എന്നിവ പരിശോധനയ്ക്കായി ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ ഫയലുകൾ കാണാതായിട്ടുള്ളതാണ് എന്നും അവധിയിലായ ഓവർസിയർ തിരികെയെത്തിയ ശേഷം രേഖകൾ ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു. രേഖകളും അനുബന്ധ രജിസ്റ്ററുകളും തൊഴിൽ കാർഡ് രജിസ്റ്ററും എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

(2) ഫയൽ പരിശോധിച്ചതിൻ പ്രകാരം അംഗീകരിച്ച ചെലവ് തുകയായ 1359133/-രൂപയേക്കാൾ 4417/- രൂപ അധികമായി ബാങ്ക് പാസ്സ് ബുക്ക് പ്രകാരം പിൻവലിച്ചിട്ടുള്ളതായി കാണുന്നു. ഈ തുക തിരികെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പള

ഇനത്തിലുള്ള ചെലവുകൾ തനതു ഫണ്ടിൽ നിന്ന് ചെലവാക്കിയിട്ടുള്ളത് തിരികെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

(3) പി.എം.എ.വൈ. പദ്ധതിയിലൂടെ വീടുപണിയുന്നവർക്ക് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി സഹായം നൽകിയിട്ടുള്ള ഗുണഭോക്താക്കളുടേയും തൊഴിൽ കൂലിയുടേയും വിശദാംശങ്ങൾ തയ്യാറാക്കി നൽകേണ്ടതാണ്.

# 1-44 ബി.എസ്.യു.പി ഫണ്ട് - അക്കൗണ്ട് ക്ലോസ് ചെയ്ത് തുക തിരിച്ചടച്ചില്ല.

ബി.എസ്.യു.പി. പദ്ധതി 2017 മാർച്ചിന് അവസാനിച്ച സാഹചര്യത്തിൽ അതിനു വേണ്ടി തുടങ്ങിയ അക്കൗണ്ട് ക്ലോസ് ചെയ്ത് ബാലൻസ് തുക കുടുബശ്രീ സംസ്ഥാന മിഷന് RTGS വഴി കൈമാറണമെന്ന് 27.03.2017 ലെ 6066/G/2011/KSHO കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നഗരസഭയോട് ആവശ്യപ്പെട്ടിരുന്നു. പദ്ധതിപ്പണത്തിനു ലഭിച്ച പലിശ ഒരു കാരണവശാലും ഉപയോഗിക്കാൻ പാടില്ലാത്തതും, ആയത് പൂർണ്ണമായും തിരിച്ചടക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ 2017 മാർച്ചിലോ തുടർന്നുള്ള വർഷങ്ങളിലോ തുക തിരിച്ചടച്ചതായി കാണുന്നില്ല. മാർച്ച് 2018 ൽ ഈ അക്കൗണ്ടിൽ 57,25,857.25 രൂപ നീക്കിയിരിപ്പുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 30,37,980/-രൂപ തിരിച്ചടക്കുന്നതിനായി വൗച്ചർ നം 230-06/18 പ്രകാരം ചെക്ക് ഇഷ്യൂ ചെയ്തതായി കാണുന്നുണ്ട് (ചെക്ക് നം 191061/27.06.2018). എന്നാൽ നാളിതുവരെ ബാങ്കിൽ നിന്നും ഈ തുക പിൻവലിക്കപ്പെട്ടിട്ടില്ല. ബി.എസ്.യു.പി പദ്ധതിക്കായി സിൻഡിക്കേറ്റ് ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിൽ (അക്കൗണ്ട് നം 43042200057777) 31.03.2019 ൽ 59,68,756.48 രൂപ നീക്കിയിരിപ്പുണ്ട്. പദ്ധതി കാലാവധി കഴിഞ്ഞിട്ടും ബാലൻസ് തുക മുഴുവൻ തിരിച്ചടക്കാത്തതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 16/20.11.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് ഈ അക്കൗണ്ടിലെ മുഴുവൻതുകയും തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-45 അനുമതിയുള്ള തസ്തികകളുടെ എണ്ണത്തേക്കാൾ അധികം ജീവനക്കാരെ നിയമിച്ചിരിക്കുന്നു.

നഗരസഭയിൽ സർക്കാർ അനുമതിയില്ലാതെ നിരവധി താൽകാലിക/ കരാർ നിമനങ്ങൾ നടത്തിയിട്ടുണ്ട്. ഒഴിവുള്ള അംഗീകൃത തസ്തികകളിലും താൽക്കാലിക നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്.

സീനിയർ ക്ളാർക്ക്, എൽ.ഡി.സി/ബിസി, ജെ.എച്.ഐ. തസ്തികകളിലാണ് നിലവിൽ ഒഴിവുള്ളത്. ഇവയിലെല്ലാം തന്നെ താൽകാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ഒരു ജീവനക്കാരിയും നിലവിലുണ്ട്. 18-5-12 ലെ എൽ എസ് ജി ഡി സ .ഉ .(സാധാ)1385/12 പ്രകാരം നഗരസഭകളിൽ സേവനം അനുഷ്ഠിച്ചിരുന്ന എ ൈ കെ എം സ്റ്റാഫിനെ ആവശ്യമെങ്കിൽ തനത് ഫണ്ടിൽ നിന്ന് വേതനം നൽകി ഡാറ്റാ എൻട്രി ഓപ്പറേറ്ററായി നിലനിർത്താമെന്ന് ഉത്തരവിറക്കിയിട്ടുണ്ട്. ഇതേ തുടർന്ന് എ ൈ കെ എം സ്റ്റാഫ് ആയിരുന്ന ശ്രീമതി മഞ്ജുവിനെ ജൂൺ 2012 മുതൽ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. (30-6-12 ലെ കൗൺസിൽ തീരുമാനം)എന്നാൽ ശ്രീമതി മഞ്ജുവിനെ പിരിച്ചുവിട്ട് 2014 മുതൽ എ ൈ കെ എം സ്റ്റാഫ് അല്ലാത്ത മറ്റൊരാളെ ഡാറ്റാ എൻട്രി

ഓപ്പറേറ്ററായി നിയമിച്ചിട്ടുണ്ട്. ടിയാരി നാളിതുവരെ ടി തസ്തികയിൽ തുടരുകയാണ്. 42 വാർഡുകളിലെ വസ്തുനികുതി, തൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസൻസ് എന്നിവയുടെ ഡാറ്റാ എൻട്രി നടത്തുന്നതിനാണ് ഈ തസ്തികയിൽ കരാർ നിയമനം കഴിഞ്ഞ 5 വർഷങ്ങളായി തുടരുന്നതെങ്കിലും, നഗരസഭയിലെ നികുതികളുടെ ഡാറ്റാ ഇപ്പോഴും അപൂർണ്ണമാണ്. ഉദാ. 2018-19 ൽ 8 കോടി രൂപ വസ്തുനികുതിയിനത്തിൽ വരവുണ്ട്. എന്നാൽ സഞ്ചയ പ്രകാരം 8 ലക്ഷം രൂപയുടെ വരവ് മാത്രമാണ് ഡാറ്റാ എൻട്രി നടത്തിയിരിക്കുന്നത്. പ്രതിമാസം 18460/ രൂപയോളം ചെലവുവരുന്ന ഒരു നിയമനം കൊണ്ട് 5 വർഷത്തിനിടയ്ക്കും നഗരസഭയുടെ ഡാറ്റാ എൻട്രി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

ഡ്രൈവർ തസ്തികയിൽ ഒരു പോസ്റ്റിനു മാത്രമാണ് അനുമതിയുള്ളത്, എന്നാൽ നിലവിൽ കണ്ടിജന്റ്/ റെഗുലർ എസ്റ്റാബ്ളിഷ്മെന്റിലായി 8 ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ട്. ജെ എച് ഐ തസ്തികയിലും 2018-19 ൽ കരാർ നിയമനങ്ങളാണ് നടത്തിയിരിക്കുന്നത്.

വിവിധ വകുപ്പുകളിലെ ദിവസക്കൂലി /കരാർ നിയമനങ്ങളെ ക്കുറിച്ചും വേതനം നൽകുന്നതിനെക്കുറിച്ചും സ.ഉ (പി)നം 28/2016/ധന തിയതി 26-2-16, സ.ഉ (പി)നം 56/2017/ധന തിയതി 28-4-17എന്നിവയിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല എന്നതിനാൽ മേൽ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിലെ ദിവസവേതന നിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നടപ്പാക്കാവൂ എന്ന് ധനകാര്യ(വ്യയം -സി)വകുപ്പിൽ നിന്നുള്ള 11-1-19 ലെ 3/2019 ധന നമ്പർ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ 2011 ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം )ചട്ടങ്ങൾ 3.8, 3.8എ,ബി എന്നിവയിൽ ഒഴിവുള്ള തസ്തികകളിൽ, സർക്കാരിന്റെ പൊതു നിർദ്ദേശങ്ങൾക്ക് വിധേയമായി, നിയമനാധികാരിയെ അറിയിച്ചുകൊണ്ട് എംപ്ളോയ്മെന്റ് നിയമനം ആവാമെന്നും, ഇത്തരം നിയമനം 6 മാസത്തിൽ കൂടുതൽ ആവരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഒഴിവുള്ള തസ്തികകളിൽ നിലവിലെ ദിവസവേതന /കരാർ നിയമനങ്ങൾ മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കേണ്ടതും, പ്രയോജനരഹിതമായ താൽകാലിക നിയമനങ്ങൾ നിർത്തലാക്കേണ്ടതുമാണ്.

# 1-46 പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല

ശ്രീ കെ.എസ്. രാജൻ, ഡ്രൈവർ തസ്തികയിൽ നിന്നും 31-10-2009 ൽ വിരമിച്ചയാളാണ് അദ്ദേഹത്തിന് നൽകുന്ന പെൻഷൻ 14176/-(4405 അടിസ്ഥാന പെൻഷൻ, ഡിഎ 9471, മെഡിക്കൽ അലവൻസ് 300) രൂപയാണ്. 2014 ൽ നടപ്പിലാക്കിയ പെൻഷൻ പരിഷ്കരണത്തെതുടർന്നുള്ള ഏറ്റവും കുറഞ്ഞ അടിസ്ഥാന പെൻഷൻ 8500/ രൂപയാണെന്നിരിക്കെ നിലവിലും ടിയാന് നൽകുന്നത് വിരമിച്ച തിയതിയിലുള്ള പെൻഷൻ തന്നെയാണ്. ശ്രീ കെ എസ് രാജന്റെ പെൻഷൻ നാളിതുവരെ പരിഷ്കരിക്കരിച്ചിട്ടില്ല. കുറഞ്ഞ നിരക്കിൽ പെൻഷൻ നൽകുന്നതിന് വിശദീകരണം ലഭിച്ചില്ല. ടിയാന് അർഹമായ പെൻഷൻ കുടിശ്ശികയടക്കം കണക്കാക്കി നൽകേണ്ടതാണ്. വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കൃത്യമായി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയിൽ നിന്ന് പെൻഷൻ വാങ്ങുന്ന വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ അഭാവത്തിൽ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം, പെൻഷൻ, കമ്മ്യൂട്ടേഷൻ നൽകിയ തിയ്യതി, കമ്മ്യൂട്ടേഷൻ പുനസ്ഥാപിക്കേണ്ട തീയതി എന്നിവ പരിശോധിക്കാൻ നഗരസഭയ്ക്ക് കഴിയുന്നില്ല. കുടുംബ പെൻഷൻ വാങ്ങുന്നവർക്ക് നൽകുന്ന തുക ഉയർന്ന നിരക്കിൽ നിന്ന് സാധാരണ നിരക്കിലേക്ക് മാറുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താനും നിലവിലെ രീതിയിൽ നഗരസഭയ്ക്ക് സാധ്യമല്ല. പെൻഷൻ സംബന്ധിച്ച് ആധികാരികമായ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 1-47 തനത് ഫണ്ട് അക്കൗണ്ടുകൾ- കണക്കുകൾ കൃത്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

കളമശ്ശേരി നഗരസഭയുടെ 2018-19 വാർഷികധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ് മെന്റിലെ RP-40 (b) ഷെഡ്യൂളിൽ താഴെപ്പറയുന്ന അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റുകളിൽ അപാകതകൾ കാണുന്നു.

| അക്കൗണ്ട് നമ്പർ | Balance as on 31.03.19 As per RP -43 (b) | Balance as on 31.03.19 As per Passbook/ Bank Statement | Difference |
|---|---|---|---|
| SBT 67102622221 ( Own Fund ) | 11,49,12,148 | 11,12,33,440 | 36,78,708 |
| STSB -16 (Own Fund ) | 7,34,51,731 | 8,37,04,293 | 1,02,52,562 |
| Union Bank of India -(NULM)15255 | 3,94,893 | 6,37,853 | 2,42,960 |

I.നഗരസഭയിൽ നിന്ന് ചെക്ക് നല്കിയിട്ട് SBI ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത 2010 ജൂൺ മാസം മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിലെ ചെക്കുകളുടെ കണക്കാണ് ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ കാണിച്ചിരിക്കുന്നത്. അതനുസരിച്ച് 1,75,00,127/- രൂപയാണ് ഈയിനത്തിൽ വരുന്നത്. ഈ ചെക്കുകളുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല.

II. 2018-19 കാഷ് ബുക്ക് പ്രകാരം 18/03/2019-ൽ നമ്പർ. 911867 പ്രകാരം 43,05,859/- രൂപയുടെ ചെക്ക് SBI യിലേക്ക് നല്കിയിട്ടുണ്ട്. ഇത് വിവിധ കരാറുകാർക്ക് വർക്ക് ബിൽ തുകയായി നല്കാനുള്ളതാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം 31,05,985/- രൂപ മാത്രമേ ഈ ചെക്ക് നമ്പർ പ്രകാരം എൻകാഷ് ചെയ്തതായി കാണുന്നുള്ളൂ. ബാക്കി 11,99,870-/ രൂപ റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ വന്നിട്ടില്ല. കാഷ് ബുക്കിൽ വൗച്ചർ നം. 154/3-19 മുതൽ 159/3-19 വരെ 6 കരാറുകാരുടെ പേരും, പ്രവൃത്തിയുടെ പേരും ഉൾപ്പെടെ കാണിച്ചിട്ടുണ്ടെങ്കിലും , ബാങ്ക് സ്റ്റേറ്റ് മെന്റിൽ " Bulk Uploading “എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഏതെല്ലാം കരാറുകാർക്ക് തുക ലഭിച്ചു എന്നും, പണമാക്കാത്ത ബിൽ ഏതെന്നും വ്യക്തമല്ല.

III. 18.03.2019ൽ തന്നെ നം. 911869 പ്രകാരം 34,97,078/- രൂപയുടെ ചെക്ക് SBI യിലേക്ക് നല്കിയിട്ടുണ്ട്. ക്യാഷ് ബുക്ക് പ്രകാരം വൗച്ചർ നം. 139/3-19 മുതൽ 145 /3-19 വരെ 7 പ്രവൃത്തികൾക്കാണ് ഈ തുക നല്കിയിരിക്കുന്നത്. എന്നാൽ ഈ ചെക്ക് നം. പ്രകാരം ബാങ്ക് സ്റ്റേറ്റ് മെന്റിൽ 46,96,948/- രൂപ പണമാക്കിയതായാണ് കാണുന്നത്. 11,99,870/- രൂപ ഇവിടെയും വ്യത്യാസം കാണുന്നു.

IV. 28.03.2019-ൽ വൗച്ചർ നം. 246/3-19 മുതൽ 255/3-19 വരെ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി 50,51,996/- (ചെക്ക് നം. 911901/ 28-03-2019) രൂപ SBI യിലേക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുക പണമാക്കിയതായി കാണുന്നില്ല. അതേസമയം റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ Bulk Uploading തുകയായോ, ക്യാഷ് ബുക്കിൽ കാണിച്ചിരിക്കുന്ന പ്രകാരം വിവിധ പ്രവൃത്തികളുടെ ബിൽ തുകയായോ കാണുന്നില്ല.

V. താഴെപ്പറയുന്ന ചെക്കുകൾ പ്രകാരമുള്ള തുക പണമാക്കിയിട്ടില്ല എന്നാണ് ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ കാണുന്നത്.

| ചെക്ക് നമ്പർ/ തീയതി | തുക | ചെലവിന്റെ തരം |
|---|---|---|
| 640701/ 09/05/2017 | 1,27,200 | Honorarium to 16 councillors for 4/2017 |
| 640702/ 09/05/2017 | 1,62,600 | Honorarium of Chairperson and Councillors |
| 640962/ 06/06/2017 | 2,42,953 | CLR workers wages on 2017 May |
| 641689/01/11/2017 | 1,08,000 | Honorarium and allowances of members for the month of 2017 October |
| 1451 01/10/2017 | 14,82,297 | Pay and Allowances of Staff for 09/2017 |
| 641065 01/07/2017 | 3,59,766 | Pay and Allowances of General Section |

ഓണറേറിയം, ശമ്പളം എന്നീ ഇനങ്ങളിൽ നൽകിയ ചെക്കുകൾ എന്തുകൊണ്ടാണ് പണമാക്കാതെ പോയത് എന്ന് വിശദീകരിക്കപ്പെട്ടില്ല.

VI. താഴെപ്പറയുന്ന രസീതുകൾ പ്രകാരമുള്ള തുകകൾക്കുള്ള ചെക്കുകൾ ബാങ്കിൽ സമർപ്പിച്ചശേഷം കളക്ട് ചെയ്യാത്തതിനാൽ " Cheque deposited but not cleared by Bank/ Treasury എന്ന ഇനത്തിൽ ഉൾപ്പെടുത്തിയാണ് ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ കാണിച്ചിരിക്കുന്നത്.

| ക്രമ നമ്പർ | രസീത് നമ്പർ /തീയതി | ചെക്ക് / ഡ്രാഫ്റ്റ് നം. തീയതി | തുക | വരവിനം |
|---|---|---|---|---|
| 1 | 11001500258 17/01/2011 | 760433 16/08/2010 | 46,360 | Profession tax 10-11 |
| 2 | 11601500440 31/08/2016 | 92571 31/08/2016 | 2,76,709 | Advertisement Tax |
| 3 | 117020500001 31/08/2017 | 641452 31/08/2017 | 28,50,681 | Programmes/ Expenditure of transfeered Functions/ Schemes Un-employment Wages |
| 4 | 117010500571 07/09/2017 മുതൽ 117010500654 വരെ | 573871 28/08/2017 | 12,62,273 | ഏതിനത്തിലുള്ള വരവാണെന്ന് വ്യക്തമാക്കിയിട്ടില്ല |
| 5 | 117010501721 17/02/2018 മുതൽ 117010501804 വരെ | 698137 08/02/2018 | 16,77,694 | ഏതിനത്തിലുള്ള വരവാണെന്ന് വ്യക്തമാക്കിയിട്ടില്ല |
| 6 | 118990500007 17/02/2019 | 860687 12/02/2019 | 8,08,460 | ഏതിനത്തിലുള്ള വരവാണെന്ന് |

| | | | | |
|---|---|---|---|---|
| | മുതൽ 118010501494 വരെ | | | വ്യക്തമാക്കി യിട്ടില്ല |
| 7 | 118010501495 17/02/2019 മുതൽ 118010501495 17/02/2019 വരെ | 860754 15/02/2019 | 16,33,268 | ഏതിനത്തിലുള്ള വരവാണെന്ന് വ്യക്തമാക്കി യിട്ടില്ല |
| 8 | ------ | 31800281 23/03/2019 | 7,92,285 | Janasevana Kendram Collection on 20/03/2019 |
| 9 | ------ | 31800282 23/03/2019 | 2,89,589 | Janasevana Kendram Collection on 20/03/2019 |

മേൽപ്പറഞ്ഞ രസീതുകൾ പ്രകാരം കാഷ് ബുക്കിൽ വരവ് പിടിച്ചിട്ടുണ്ടെങ്കിലും, ബന്ധപ്പെട്ട ചെക്കുകൾ ബാങ്കിൽ കളക്ഷനായിട്ടില്ല എന്നാണ് റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ നിന്ന് വ്യക്തമാകുന്നത്. ഇത്രയും കൂടിയ തുക ബാങ്കിൽ നിന്ന് സമയബന്ധിതമായി കളക്ഷൻ ആകാതിരുന്നിട്ടും നഗരസഭ തുടർ നടപടി സ്വീകരിച്ചില്ല.

VII." Directly debited by bank" എന്ന ഇനത്തിൽ താഴെപ്പറയുന്ന ചെക്കുകൾ റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമനമ്പർ | ചെക്ക് /ഡ്രാഫ്റ്റ് നം. തീയതി | തുക |
|---|---|---|
| 1 | 640799 26/05/2017 | 8,00,844 |
| 2 | 640893 29/05/2017 | 2,499 |
| 3 | 640976 07/06/2017 | 1,47,653 |
| 4 | 641516 28/09/2017 | 2,42,953 |

ഈ തുകകൾ ഏതിനത്തിലാണ് ബാങ്ക് നേരിട്ട് ചെലവ് രേഖപ്പെടുത്തിയത് എന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

ഇത് കൂടാതെ തനത് ഫണ്ട് അക്കൗണ്ടുകളായ SBT 67102622221,STSB -16 എന്നീ അക്കൗണ്ടുകളുടെ 31.03.2019-ലെ റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ 2010 മുതൽ നല്കിയിട്ടുള്ള നിരവധി ചെക്കുകൾ പണമാക്കാതെ "Uncashed Cheque" എന്നും, ബാങ്കിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ " Uncredited Receipts " എന്നും രേഖപ്പെടുത്തിയാണ് ബാങ്ക് പാസ്സ് ബുക്കുകളും, ബാങ്ക് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിരിക്കുന്നത്. 3 മാസം മാത്രമാണ് ചെക്കിന്റെ കാലാവധി എന്നിരിക്കേ വർഷങ്ങൾ പിന്നിട്ട ചെക്കുകൾ " Uncahsed cheques" എന്ന് രേഖപ്പടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

മേൽസാഹചര്യത്തിൽ തനത് ഫണ്ട് അക്കൗണ്ടുകളുടെ നാളിതുവരെയുള്ള റീകൺസിലിയേഷൻ നടത്തി യഥാർത്ഥ നീക്കിയിരുപ്പ് തിട്ടപ്പെടുത്താനാവശ്യമായ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

# 1-48 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S 052/18-19, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പദ്ധതി അടങ്കൽ | 15,00,000/-രൂപ (വികസനഫണ്ട്- എസ്.സി.പി) |
| ചെലവഴിച്ച തുക- 14,99,880/- | ബിൽ നം 57/31.12.18-749940/-<br>ബിൽ നം 67/31.12.18-749940/- |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ (പോളി ടെക്നിക്ക്), എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/ വർഗ്ഗ വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ് ലഭിക്കാൻ അർഹതയുള്ളതെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പറയുന്നുണ്ട്( ഖണ്ഡിക 7.2.8).

പ്രോജക്റ്റ് പ്രകാരം ആകെ 58 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇവരിൽ താഴെ പറയുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സുകൾ സംബന്ധിച്ച് പദ്ധതി മാർഗ്ഗരേഖയിൽ പരാമർശമില്ല. ഇവരെല്ലാവരും തന്നെ ഹ്രസ്വകാല കമ്പ്യൂട്ടർ കോഴ്സുകൾ പഠിക്കുന്നവരാണ്. കൂടാതെ ഇവർ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് ഏതെങ്കിലും സർവ്വകലാശാലയിൽ അഫിലിയേഷൻ ഉള്ളതായും കാണുന്നില്ല. ഇത്തരത്തിൽ ഹ്രസ്വകാല കമ്പ്യൂട്ടർ കോഴ്സുകളിൽ പഠിക്കുന്നവർക്ക് ആനുകൂല്യം നൽകാമോ എന്നതിൽ വ്യക്തത വരുത്തിക്കൊണ്ടുള്ള ഉത്തരവ് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു ( നം 39/25.11.19).

| ക്രമ നം | പേര് | പഠിക്കുന്ന കോഴ്സ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | പൂജ കെ യു | DCA | LBS Centre Kalamassery |
| 2 | മിഥുന സരസൻ | PDDTP | Digitech Computer Education, HMT Jn Kalamassery |
| 3 | സന്ദീപ് ടി.പി | CWPDE | ,, |
| 4 | അഞ്ജു കെ എ | PGDCA | ,, |
| 5 | സുബിന ഇ പി | CTTC | ,, |
| 6 | പ്രീത കെ ടി | CWPPDE | ,, |
| 7 | സനിത എൻ. കെ | CWPPDE | ,, |
| 8 | അഭിലാഷ് വി വി | CWPDE | ,, |
| 9 | ലൂബിന പി എം | PDCFA | ,, |
| 10 | സന്ധ്യ കെ എസ് | CTTC | ,, |
| 11 | അപർണ്ണ രാജൻ | CWPDE | ,, |

കേരള സർക്കാരിന്റെ കീഴിലുള്ള RUTRONICS ന്റെ അംഗീകാരമുള്ള കോഴ്സുകളാണ് ഇവയെന്നും മേൽ കോഴ്സകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് സ.ഉ.(സാധാ)നം.1483/15/പജപവവിവ തീയതി 11.09.2015 എന്ന ഉത്തരവ് പ്രകാരം അർഹതയുണ്ടെന്നും, അതനുസരിച്ചാണ് ലാപ്ടോപ് നൽകിയതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. എന്നാൽ 2015 ൽ ഇറങ്ങിയ മേൽ ഉത്തരവിനു ശേഷം തയ്യാറാക്കിയ പദ്ധതി മാർഗ്ഗരേഖയിൽ മേൽപ്രകാരമുള്ള കോഴ്സകളിൽ പഠിക്കുന്നവർക്ക് ലാപ്ടോപ്പിന് അർഹതയുണ്ടെന്ന് പറയുന്നില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി തുക ചെലവഴിക്കുമ്പോൾ സർക്കാർതലത്തിൽ സ്പഷ്ടീകരണം തേടേണ്ടതാണ്. സർക്കാർ സ്പഷ്ടീകരണം ഹാജരാക്കുന്നതുവരെ 11 പേർക്ക് നൽകിയ ലാപ്ടോപ്പിന്റെ വിലയായ 2,84,460/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-49 എസ് സി ഷോപ്പിംഗ് കോംപ്ലക്സ് - അഞ്ചു വർഷമായി നിഷ്ക്രിയാസ്തിയായി തുടരുന്നു.

2007-08 ൽ സ്ഥലം വാങ്ങി പണി ആരംഭിച്ച് 2012-13 ൽ പണിപൂർത്തീകരിച്ച എസ് സി ഷോപ്പിംഗ് കോംപ്ളക്സിലെ മൂന്നാം നില മജിസ്ട്രേറ്റ് കോടതിക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ടെങ്കിലും ഒന്നും രണ്ടും നിലകൾ ഇതുവരെ ലേലം ചെയ്ത് നൽകിയിട്ടില്ല. കളമശ്ശേരി നഗരസഭ, കണയന്നൂർ താലൂക്ക്, തൃക്കാക്കര നോർത്ത് വില്ലേജ് റീസർവ്വേ നം 484/12 ലെ 10.10 ആർ സ്ഥലത്ത് പണിത എസ് സി ഷോപ്പിംഗ് കോംപ്ളക്സിലെ 38 കടമുറികളാണ് (19 എണ്ണം ഗ്രൗണ്ട് ഫ്ളോർ,19 എണ്ണം ഒന്നാം നില) നാളിതുവരെ നിഷ്ക്രിയമായി തുടരുന്നത്. സ്ഥലവിലയായി 2,49,92,609/- രൂപയും,കോടതി വ്യവഹാരങ്ങളെ തുടർന്ന് അധിക വില, പലിശയിനത്തിൽ 1,40,84,958/-രൂപയും ചെലവായിട്ടുണ്ട്. 2010-11 ൽ 64 ലക്ഷം രൂപ ചെലവിൽ ഒന്നാം നിലയും 2012-13, 2013-14 പദ്ധതികളിലായി 1.29കോടി (1,29,60,923/- ) രൂപ ചെലവിൽ ബാക്കി പണികളും പൂർത്തീകരിച്ചു.
കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ ഒരു മുറി അക്ഷയ കേന്ദ്രത്തിനും മൂന്നാം നിലയിൽ മജിസ്ട്രേറ്റ് കോടതിക്കും വാടകയ്ക്ക് നൽകിയിട്ടുണ്ട്. 2015 മുതൽ കെട്ടിടത്തിന്റെ ലേലനടപടികൾ ആരംഭിച്ചെങ്കിലും നഗരസഭ മതിയായ പ്രാതിനിധ്യം നൽകുന്നില്ല എന്ന കാരണത്താൽ ഏതാനും പട്ടിക വിഭാഗക്കാർ ബഹു.ഹൈക്കോടതിയിൽ WPC 8285/2015 (1) ഹർജി നൽകി. ഹർജിയുടെ നിലവിലെ അവസ്ഥ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ 26-11-19 ലെ ഓഡിറ്റ് എൻക്വയറി നം 46 ന് മറുപടി ലഭിച്ചില്ല. വാടകയ്ക്ക് നൽകുന്ന എന്ന പത്രപരസ്യം വേണ്ടത്ര ആളുകൾ അറിഞ്ഞിരുന്നില്ല. പട്ടിക ജാതിക്കാരായ ഗുണഭോക്താക്കൾക്ക് നഗരസഭ നിശ്ചയിച്ച വാടക, ഡെപ്പോസിറ്റ് എന്നിവ അമിതമായതിനാലും കെട്ടിടം എസ്.സി.പി ഫണ്ട് ഉപയോഗിച്ച് പണിതതിനാലും മുറികൾ പട്ടിക വിഭാഗത്തിനു മാത്രം നൽകണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി നൽകിയിരിക്കുന്നത്. വാടക 50% കുറവ് ചെയ്യാനും ഡെപ്പോസിറ്റ് തുക 3 മാസ വാടകയായി നിജപ്പെടുത്താനും കൗൺസിൽ 15-3-18 ൽ 15-ാം നം തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ റിട്ട് ഹർജി തീർപ്പാക്കിയതായോ യഥാർത്ഥ ഗുണഭോക്താക്കളെ നീതിയുക്തം കണ്ടെത്തി ന്യായമായ വാടക, ഡെപ്പോസിറ്റ് എന്നിവ നിശ്ചയിച്ച് കെട്ടിടം നൽകാമെന്ന് കോടതിയെ അറിയിച്ചതായോ വ്യക്തമല്ല.

2018-19 ലെ ബഡ്ജറ്റിൽ ഒന്നാം നിലയിൽ കടമുറികളുടെ പാർട്ടീഷൻ വേലകൾ നടത്തുന്നതിനും റീ പെയ്ന്റിംഗ് വേലകൾ നടത്തുന്നതിനും 10 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയതായി പറയുന്നുണ്ട്. ബഡ്ജറ്റ് വകയിരുത്തലിനനുസരിച്ചുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. 2014 ജൂലൈ മാസം മുതൽ പ്രയോജനപ്പെടുത്താതെ കെട്ടിടത്തിൽ വീണ്ടും അറ്റകുറ്റപ്പണികൾ നടത്തേണ്ടി വരുന്നതുവരെ കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുന്നതിന് പ്രധാന കാരണം നഗരസഭയുടെ ലേല നടപടികളിലെ അപാകത, സുതാര്യതയില്ലായ്മ

എന്നിവയാണ്. കെട്ടിടം ഇനിയും ഉപയോഗശൂന്യമാകും മുൻപ് ഹർജി തീർപ്പാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമാക്കേണ്ടതാണ്.

# 1-50 ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ മാലിന്യസംസ്കരണത്തിന് ഫീസ് അടവാക്കൽ- തനത് ഫണ്ട് വിനിയോഗിക്കണം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO 44/18-19, ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ മാലിന്യസംസ്കരണത്തിന് ഫീസ് അടവാക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| പദ്ധതി അടങ്കൽ | രൂ. 1,30,71,354/-രൂപ<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക- | രൂ. 76,40,893/- |

ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ മാലിന്യസംസ്കരണത്തിന് ടിപ്പിംഗ് ഫീസ് അടവാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. കളമശ്ശേരി നഗരസഭയിലെ ജൈവ മാലിന്യം കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ബ്രഹ്മപുരം പ്ലാന്റിൽ കൊണ്ടുപോയി സംസ്കരിക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് നഗരസഭ നൽകുന്ന ഫീസാണിത്. പ്രോജക്റ്റ് പ്രകാരം 2018-19 വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മാസം | മാലിന്യത്തിന്റെ അളവ് (കൊച്ചികോർപ്പറേഷന്റെ ഡിമാന്റ് നോട്ടീസ് പ്രകാരം) ( അളവ് ടണ്ണിൽ) | നിരക്ക് രൂപ/ ടൺ | തുക | ബിൽനം , തീയതി |
|---|---|---|---|---|
| 02/2018 | 426.055 | 1200 | 511266 | 01/30.05.18 |
| 03/2018 | 465.295 | 1200 | 558354 | 01/27.10.18-23,35,182/-രൂപ |
| 04/2018 | 457.755 | 1200 | 549060 | |
| 05/2018 | 519.630 | 1200 | 623556 | |
| 06/2018 | 503.510 | 1200 | 604212 | |
| 07/2018 | 554.080 | 1200 | 664896 | 04/30.11.18-17,68,056/-രൂപ |
| 08/2018 | 394.660 | 1200 | 473592 | |
| 09/2018 | 524.640 | 1200 | 629568 | |
| 10/2018 | 453.585 | 1420 | 644090 | 10/30.01.19-13,28,999/-രൂപ |
| 11/2018 | 482.330 | 1420 | 684909 | |
| 12/2018 | 445.880 | 1420 | 633150 | 01/27.03.19-11,87,390/-രൂപ |
| 01/2019 | 390.310 | 1420 | 554240 | |
| 02/2019 | 359.155 | 1420 | 510000 | 02/27.03.19 |
| ആകെ | 5976.335 | | 7640893 | |

ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് മാലിന്യ സംസ്കരണത്തിന് പദ്ധതി ഏറ്റെടുക്കാമെങ്കിലും ഇത്തരത്തിൽ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ആവർത്തനച്ചെലവ് തനതു ഫണ്ടിൽ നിന്നാണ് വഹിക്കേണ്ടത്. മാലിന്യനീക്കത്തിന് പദ്ധതി ഫണ്ട് ചെലവഴിക്കുന്നതിനാൽ യൂസർഫീ കളക്ഷനിൽ നഗരസഭ വേണ്ടത്ര ശ്രദ്ധനൽകുന്നുമില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് മാലിന്യ സംസ്കരണത്തിന് സുസ്ഥിരമായ സംവിധാനമൊരുക്കുന്ന പദ്ധതികളാണ് ഉണ്ടാക്കേണ്ടത്.

സംസ്ഥാന സർക്കാരിന്റെ നാല് മിഷനുകളിലൊന്നായ ഹരിതകേരളം മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാവണം അതാതുമേഖലയിലെ പദ്ധതികൾ തയ്യാറാക്കേണ്ടതെന്നാണ് പദ്ധതി മാർഗ്ഗരേഖയിൽ പറയുന്നത്. ഇതിലെ ശുചിത്വ-മാലിന്യസംസ്കരണം എന്ന മേഖലയിൽ ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കണമെന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണം നടത്തണമെന്നും, നിഷ്കർഷിക്കുന്നു. എന്നാൽ നഗരസഭയിൽ കുടുംബശ്രീ വഴി വീടുകളിൽ നിന്നും ജൈവമാലിന്യം സേഖരിച്ച് കൊച്ചി നഗരസഭയുടെ ബ്രഹ്മപുരം പ്ലാന്റിലേക്ക് കയറ്റി അയക്കുകയാണു ചെയ്യുന്നത്. വീടുകളിൽ നിന്നും ജൈവമാലിന്യം മാത്രം ശേഖരിക്കുന്നതുകൊണ്ട് മറ്റു മാലിന്യങ്ങൾ ജനങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന പ്രവണതയാണ് കാണുന്നത്. ഇതിന് ഒരു വീട്ടിൽ നിന്നും 100/- രൂപ വീതം ഫീസ് ഈടാക്കുന്നുണ്ടെങ്കിലും കുടുംബശ്രീയുടെ പേരിലുള്ള അക്കൗണ്ടിലാണ് തുക നിക്ഷേപിക്കുന്നത്. മാലിന്യശേഖരണത്തിനും വാഹന പരിപാലനത്തിനുമുള്ള ചെലവും ഈ അക്കൗണ്ടിൽ നിന്നാണ് വഹിക്കുന്നത്. ഇതിന്റെ വരവ് ചെലവുകൾ നഗരസഭ മോണിറ്റർ ചെയ്യേണ്ടതാണ്.

സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം കളമശ്ശേരിയിൽ ദേശീയപാതയോരത്തുള്ള ഡംപിംഗ് യാർഡിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഇവിടെ നിക്ഷേപിക്കുന്ന മാലിന്യം സംസ്കരിക്കുന്നതിന് നഗരസഭക്ക് യാതൊരു സംവിധാനവും നിലവിലില്ല. ഒരു പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ കപ്പാസിറ്റി തീരെ കുറവാണ്. മാലിന്യസംസ്കരണത്തിന് വേണ്ടത്ര സംവിധാനങ്ങളില്ലാത്തതിനാൽ ഡംപിംഗ് യാർഡിൽ എപ്പോഴും മാലിന്യം കുന്നുകൂടിക്കിടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, 2015 ഡിസംബറിൽ സ്ഥലം സന്ദർശിച്ച പാർലമെന്ററി കമ്മറ്റി ഡംപിംഗ് യാർഡ് മറ്റൊരു സ്ഥലത്തേക്ക് മാറ്റണമെന്ന് നിർദ്ദേശം നൽകിയിരുന്നെങ്കിലും, തുടർനടപടികളുണ്ടായിട്ടില്ലെന്ന് കണ്ടു. മാലിന്യം യഥാസമയം നീക്കം ചെയ്യുന്നതിന് സംസ്ഥാന മലിനീകരണ ബോർഡ് 18-01-2018ലും, 17-03-2019 ലും സ്ഥലം സന്ദർശിച്ച് നഗരസഭക്ക് നോട്ടീസ് നൽകിയെങ്കിലും കാര്യമായ പുരോഗതിയുണ്ടായില്ല. മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റൽ കൺസർവേഷൻ ഇനത്തിൽ നഗരസഭക്ക് 40,90,000/- രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പിഴ ഒടുക്കിയതായി കാണുന്നില്ല. മാലിന്യസംസ്കരണത്തിന് സുസ്ഥിരമായ സംവിധാനമൊരുക്കുന്നതിലേക്ക് അധികാരികളുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-51 മാലിന്യ ശേഖരണം-യൂസർഫീ കൃത്യമായി ഈടാക്കുന്നില്ല.

നഗരസഭ പരിധിയിലെ വിവിധ സ്ഥാപനങ്ങൾ/ ഹോട്ടലുകൾ എന്നിവിടങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് നിശ്ചിത ഫീസ് ഈടാക്കുന്നുണ്ട്. നഗരസഭ ആരോഗ്യ വിഭാഗത്തിൽ ഇതിനായി സൂക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം 2018-19 വർഷത്തെ വരവ് 12,27,110/-രൂപയാണ്. ഓരോ ദിവസത്തേയും കളക്ഷൻതുക 180809900-miscellaneous reciepts എന്ന ഹെഡിലാണ് നഗരസഭയിൽ അടവാക്കുന്നത്. 2018-19 ലെ അക്കൗണ്ട്സ് പ്രകാരം ഈ ഹെഡിൽ 38,24,113/-രൂപ വരവുണ്ട്. മറ്റിനങ്ങളിലേയും വരവ് ഇതേ ഹെഡിൽ ചേർക്കുന്നതിനാൽ വേസ്റ്റ് കളക്ഷൻ ചാർജ്ജ് ഇനത്തിലെ വരവിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. വേസ്റ്റ്

കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല (നം 21/21.11.2019).

(1) ഓരോ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് വേസ്റ്റ് കളക്ഷൻ ചാർജ്ജ് ഈടാക്കിക്കാണുന്നത്. ഓരോ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ട ഫീസ് കൗൺസിൽ അംഗീകാരത്തോടെ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

(2) നിലവിൽ എത്ര സ്ഥാപനങ്ങളിൽ നിന്നാണ് ഫീസ് ഈടാക്കുന്നത് ?, ഫീസ് അടക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും പിഴ ഈടാക്കുന്നുണ്ടോ ?

(3) ഫീസ് കളക്ഷനുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രജിസ്റ്ററിൽ ഓരോ ദിവസവും ഫീസ് അടവാക്കുന്ന സ്ഥാപനങ്ങളുടെ വിവരം എഴുതിപ്പോരുന്നതല്ലാതെ ഏതൊക്കെ സ്ഥാപനങ്ങൾ ഫീസ് അടവാക്കാനുണ്ട് , ഏത് കാലയളവ് വരെ ഫീസ് നൽകിയിട്ടുണ്ട് തുടങ്ങിയ വിവരങ്ങളൊന്നും അറിയാൻ കഴിയുന്നില്ല. ഇക്കാരണത്താൽ ഈയിനത്തിൽ നഗരസഭക്ക് കിട്ടേണ്ട മുഴുവൻ വരുമാനവും ലഭിച്ചുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

(4) 2017-18, 2018-19 വർഷങ്ങളിലെ ഫീസ് കളക്ഷൻ രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളുടെ ഫീസ് അടവു വിവരം പരിശോധിച്ചു. എല്ലാ മാസങ്ങളിലേയും ഫീസ് കൃത്യമായി ഇവരിൽ നിന്നും ഈടാക്കിക്കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്, പ്രതിമാസ ഫീസ് നിരക്ക് | തുക ഒടുക്കിയ തീയതി | രസീത് നമ്പർ | കാലയളവ് | ആകെ തുക |
|---|---|---|---|---|---|
| 1 | T A K Hotel Edappally Toll, @ 2000/- | 04.04.18 | 119/5902 | Oct 2017- Dec 2017 | 6000 |
| | | 04.04.18 | 119/5903 | Jan 2018- Feb 2018 | 4000 |
| | | മാർച്ച് 2018 മുതലുള്ള ഫീസ് അടവാക്കിക്കാണുന്നില്ല. | | | |
| 2 | മലബാർ ഫുഡ് കോർട്ട് ഇടപ്പള്ളി ടോൾ, @3000/- | 27.04.18 | 119/5917 | Feb 2018 | 3000 |
| | | 11.09.18 | 263/13127 | Mar 2018- Jun 2018 | 12000 |
| | | ജൂലൈ 2018 മുതലുള്ള ഫീസ് അടവാക്കിക്കാണുന്നില്ല. ഫെബ്രുവരി 2018 ന മുമ്പുള്ള മാസങ്ങളിലെയും അടവു വിവരമില്ല | | | |
| 3. | Travancore Food India Pvt Ltd, @2400/- | 31.08.18 | 199/9950 | Jun 2018- Aug 2018 | 7200 |
| | | September 2018 മുതലുള്ള ഫീസ് അടവാക്കിക്കാണുന്നില്ല. ജൂൺ 2018 ന മുമ്പുള്ള മാസങ്ങളിലെയും അടവു വിവരമില്ല | | | |
| 4. | ചിക്കൻ ഫാം സൗത്ത് കളമശ്ശേരി,@ 5000/- | 23.05.18 | 119/5948 | ജൂലൈ 2016 | 5000 |
| | | ആഗസ്റ്റ് 2016 മുതലുള്ള ഫീസ് അടവാക്കിക്കാണുന്നില്ല. ഇതിനു മുമ്പുള്ള മാസങ്ങളിലെയും അടവു വിവരമില്ല | | | |
| 5 | മാധവ റസ്റ്റോറന്റ്, @1100/- | 04.05.18 | 119/5924 | Dec 15- Dec 16 | 14300 |

| | | | | | |
|---|---|---|---|---|---|
| | | Jan 2017 മുതലുള്ള ഫീസ് അടവാക്കിക്കാണുന്നില്ല. | | | |
| 6 | K R Bakery, Industrial estate, @ 5000/- | 19.06.18 | 175/8746 | May 17-Sept 17 | 25000 |
| | | 01.11.18 | 316/15772 | Jan 2018-may 2018 | 25000 |
| | | Jun 2018 മുതലുള്ള ഫീസ് അടവാക്കിക്കാണുന്നില്ല. Oct 17-Dec 17 കാലയളവിലെ അടവു വിവരമില്ല | | | |
| 7 | Reliance Fresh Changampuzha Nagar, @ 4000/- | 13.11.18 | 316/15785 | Jan 18-Mar 18 | 12000 |
| | | April 2018 മുതലുള്ള ഫീസ് അടവാക്കിക്കാണുന്നില്ല. | | | |

ഫീസ് കൃത്യമായി അടവാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്ന തരത്തിലല്ല രജിസ്റ്റർ എഴുതിപ്പോരുന്നത്. അതുകൊണ്ടുതന്നെ നഗരസഭയിൽ വേസ്റ്റ് കളക്ഷനായി രജിസ്റ്റർ ചെയ്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ലഭിക്കുന്നുണ്ടന്ന് ഉറപ്പാക്കാനാവുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

മാലിന്യനീക്കത്തിന് വരുന്ന ചെലവ് കണക്കിലെടുക്കുമ്പോൾ യൂസർഫീ ഈടാക്കുന്നത് വളരെ കുറവാണെന്ന് കാണാവുന്നതാണ്. കളമശ്ശേരി നഗരസഭയിലെ ജൈവ മാലിന്യം കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ബ്രഹ്മപുരം പ്ലാന്റിൽ കൊണ്ടുപോയി സംസ്കരിക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് നഗരസഭ ഫീസ് നൽകുന്നുണ്ട്. 2018-19 വർഷം ഈയിനത്തിലുള്ള ചെലവ് 76,40,893/- രൂപയാണ്. 2/2018 മുതൽ 02/2019 വരെ 59,76,335 കി.ഗ്രാം മാലിന്യം നീക്കം ചെയ്തതായുള്ള കൊച്ചി കോർപ്പറേഷന്റെ ഡിമാന്റ് നോട്ടീസ് അനുസരിച്ചാണ് ഇപ്രകാരം തുക നൽകിയിരിക്കുന്നത്. അങ്ങനെയാണെങ്കിൽ നഗരസഭ ഈടാക്കിവരുന്ന വേസ്റ്റ് കളക്ഷൻ ഫീസ് അനുസരിച്ച് ( Rs.5/- for food waste & Rs.10/- for plastic waste) കുറഞ്ഞത് 2,98,81,675/-രൂപ (5976335 X 5) 2018-19 വർഷം ഈയിനത്തിൽ വരുമാനമുണ്ടാകേണ്ടതായിരുന്നു. എന്നാൽ കേവലം 12,27,110/- രൂപയാണ് നഗരസഭ തൻവർഷം പിരിച്ചെടുത്തിരിക്കുന്നത്. വീടുകളിൽ നിന്നും ശേഖരിക്കുന്നതും പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്ന മാലിന്യവും ഈ കണക്കിൽ നിന്നും ഒഴിവാക്കിയാലും വിവിധ സ്ഥാപനങ്ങളിൽ നിന്നും പുറം തള്ളുന്ന മാലിന്യത്തിന്റെ അളവനുസരിച്ച് ഫീസ് കൃത്യമായി ഈടാക്കുന്നില്ലെന്ന് കാണാവുന്നതാണ്. മേൽ പരാമർശങ്ങളിലേക്ക് നഗരസഭ അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-52 ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം യഥാസമയം നൽകുന്നില്ല.

പ്രോജക്റ്റ് നം എസ്. ഒ. 200/19 പ്രകാരം ആശ്രയപദ്ധതിക്ക് 36,35,000/-രൂപ (27,35,000/- വികസനഫണ്ട്+9,00,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്) വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/19.11.19) ലഭ്യമാക്കിയ മറുപടി പ്രകാരം നഗരസഭയിലെ ആശ്രയ പദ്ധതിയിൽപ്പെട്ടവരുടെ നിലവിലെ അവസ്ഥ താഴെപറയും പ്രകാരമാണ്. വീട് ആവശ്യമുള്ളവരും, വീട് മെയിന്റനൻസ് ആവശ്യമുള്ളവരുമൊക്കെയുണ്ടായിട്ടും പദ്ധതി വിഹിതം യഥാസമയം ചെലവഴിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്.

| ഇനം | DPR1പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം | DPR2പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| പ്രോജക്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കൾ | 52 | 80 |
| വീട് വയ്ക്കാൻ സ്ഥലം ആവശ്യമായവർ | 3 | 14 |
| നാളിതുവരെ ലഭിച്ചവർ | 2 | 9 |
| വീട് ആവശ്യമുള്ളവർ | 21 | 19 |
| നാളിതുവരെ ലഭിച്ചവർ | 7 | 9 |
| വീട് മെയിന്റനൻസ് ആവശ്യമുള്ളവർ | 20 | 23 |
| നാളിതുവരെ ലഭിച്ചവർ | 3 | 14 |
| കക്കൂസ് ആവശ്യമുള്ളവർ | 4 | 8 |
| നാളിതുവരെ ലഭിച്ചവർ | 4 | 8 |
| കുടിവെള്ളസൗകര്യമില്ലാത്തവർ | 8 | 28 |
| നാളിതുവരെ ലഭിച്ചവർ | 8 | 28 |
| വൈദ്യുതി ഇല്ലാത്തവർ | 6 | - |
| നാളിതുവരെ ലഭിച്ചവർ | 5 | - |

സ്പിൽ ഓവർ പ്രോജക്ടുകൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെട്ട ആശ്രയ വിഭാഗക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

# 1-53 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി അടവാക്കുന്നുണ്ട്. നഗരസഭയിലെ റെഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 2019 നവംബർ മാസം വരെയുള്ളത് അടവാക്കിയിട്ടുണ്ട്. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം പ്രത്യേകമായി സൂക്ഷിക്കുന്ന ബാങ്ക് പാസ്സ് ബുക്ക് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച 30.11.18ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.48 ന് മറുപടി ലഭിച്ചില്ല.

# 1-54 വർക്ക് ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

നഗരസഭാ കൌൺസിലിന്റെ തീരുമാനപ്രകാരം വിവിധ ഡിവിഷനുകളിൽ തനത് ഫണ്ട് ഉപയോഗിച്ച് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. അപ്രകാരം തൻവർഷം തുക നൽകിയ പല പ്രവൃത്തികളും 2014-15, 2015-16, 2016-17 വർഷങ്ങളിൽ ഭരണാനുമതിയും ടെണ്ടർ അംഗീകാരവും നൽകപ്പെട്ടവയാണ്. രണ്ടോ മൂന്നോ വർഷങ്ങൾക്ക് മുമ്പ് പൂർത്തിയാക്കപ്പെട്ട പ്രവൃത്തികൾക്ക് കരാറുകാർ ക്ലെയിം സമർപ്പിക്കുമ്പോൾ ഈ പ്രവൃത്തികളുടെ തുക ഇതിന് മുമ്പ് കൊടുത്തിട്ടുള്ളതാണോ എന്ന് പരിശോധിക്കാനുള്ള ഒരു സംവിധാനവും നഗരസഭയിൽ നിലവിലില്ല. നിയമപ്രകാരം സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട വർക്ക് ബിൽ രജിസ്റ്റർ സൂക്ഷിക്കാത്തത് മൂലം സമർപ്പിക്കപ്പെടുന്ന ക്ലെയിമുകൾ യാതൊരു പരിശോധനയും കൂടാതെ കരാറുകാർക്ക് നൽകപ്പെടുകയാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഫയൽ നം. | PW 12520/15 | PW 5956/15 | PW 1165/15 | PW 9924/15 | PW 21777/14 |
|---|---|---|---|---|---|
| പ്രവൃത്തിയുടെ പേര് | W-37 SC ഷോപ്പിംഗ് കോംപ്ലക്സ് ബാക്കി | W-34 മങ്കഴി ബൈലെയിൻ റോഡിൽ കാന | സയൻസ് പാർക്ക് പാത്ത് വെയിൽ മേൽക്കൂര | W-22 അബാദ് ഫ്ലാറ്റിൽ കാന നിർമ്മാണം | മസ്ജിദ് റോഡിൽ ഇന്റർലോക്കിംഗ് |
| അടങ്കൽ | 496000 | 497000 | 440000 | 496000 | 590000 |
| ഭരണാനുമതി | 1.9.15 ലെ (1) | 5.8.15 ലെ (21) | 23.11.16 ലെ(19) | 7.7.15 ലെ (6) | 31.1.15 ലെ (9) |
| കരാറുകാരൻ | കെ.പി.കരിം | കെ.പി.കരിം | സനീഷ് മുഹമ്മദ് | അബ്ദുൾ സലാം | അബ്ദുൾ സലാം |
| ടെണ്ടർ അംഗീകാരം | 1.10.15 ലെ (30) | 1.9.15 ലെ (3) | 16.2.17 ലെ (7) | 5.8.15 ലെ (19) | 30.3.15 ലെ (6) |
| കരാർ | 289/15-16<br>23.2.16 | 06/16-17<br>10.6.16 | 29/16-17<br>20.2.17 | 229/15-16<br>3.10.15 | 77/15-16<br>19.5.15 |
| അളവ് പുസ്തകം | | 481/15-16 | 460/15-16 | 56/99-00 | 76/98-99 |
| കാലാവധി | 6 മാസം | 6 മാസം | 6 മാസം | 6 മാസം | 6 മാസം |
| പൂർത്തിയാക്കിയ തീയതി | 22.6.16 | 13.12.16 | 23.3.17 | 31.3.16 | 16.11.15 |
| ആകെ പ്രവൃത്തി മൂല്യം | 186012 | 476204 | 413691 | 451484 | 587958 |
| ബിൽ ക്ലെയിം ചെയ്തത് | 22.6.16 | 13.12.16 | 3.4.17 | 31.3.16 | 19.9.16 |
| ചെലവ് | ചെക്ക് നം.<br>9531114/14.6.18 | ചെക്ക് നം.<br>9531116/14.6.18 | ചെക്ക് നം.<br>9531117/14.6.18 | ചെക്ക് നം.<br>8336588/28.4.18 | ചെക്ക് നം.<br>648407/28.4.18 |

കരാർ വ്യവസ്ഥ പ്രകാരം ഏതു പ്രവൃത്തിയും പൂർത്തിയായിക്കഴിഞ്ഞാൽ മൂന്ന് മാസത്തിനുള്ളിൽ കരാറുകാരൻ ക്ലെയിം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് കൗൺസിലിന്റെ അനുമതിയോടെ ഡെപ്പോസിറ്റായി സൂക്ഷിക്കണം. മൂന്ന് വർഷത്തിനുള്ളിൽ **കരാറുകാരൻ ക്ലെയിം സമർപ്പിക്കുന്നില്ലെങ്കിൽ ആയത് കൗൺസിൽ ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്**. പ്രവൃത്തി ബില്ലുകളുടെ ക്ലെയിമുകൾ സംബന്ധിച്ച് കർശന വ്യവസ്ഥകൾ ഉണ്ടായിരിക്കെ രണ്ടു വർഷത്തിനുശേഷം ക്ലെയിം സമർപ്പിച്ചതായി കാണുന്ന മേൽ പ്രവൃത്തികൾക്ക് ഏതെങ്കിലും പരിശോധനയോ കൗൺസിൽ തീരുമാനം പോലുമോ ഇല്ലാതെ തുക നൽകിയത് വിശദീകരിക്കേണ്ടതാണ്.

# 1-55 കുടുംബശ്രീ സി.ഡി.എസ്. ന് മുൻകൂർ

# നല്കിയ തുകയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയില്ല.

കളമശ്ശേരി നഗരസഭയുടെ വാർഷികധനകാര്യപ്പത്രികയിൽ 31.03.2019-ൽ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ 60,88,833/- രൂപ വിവിധ ഏജൻസികൾക്ക് മുൻകൂർ നല്കിയതായി കാണുന്നുണ്ട്. ഇത് സംബന്ധിച്ച് എൻക്വയറി നം. 2 പ്രകാരം വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിൻ പ്രകാരം നഗരസഭ നല്കിയ മറുപടി പ്രകാരം 2016-17 വർഷം കുടുംബശ്രീ സി.ഡി.എസ്. ന് താഴെപ്പറയും പ്രകാരം മുൻകൂർ നല്കിയിട്ടുണ്ടെന്നും, ഇതുൾപ്പെടെ മുൻവർഷങ്ങളിൽ മുൻകൂർ നല്കിയ തുകയാണ് 60,88,833/- രൂപയെന്നും വിശദീകരിക്കുന്നു.

| വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ/തീയതി | മുൻകൂർ നല്കിയ തുക |
|---|---|---|
| 21602294 20/04/16 | 639388 20/04/16 | 10,00,000 |
| 21800230 28/10/16 | 639379 28/10/18 | 10,00,000 |
| **ആകെ** | | 20,00,000 |

കുടുംബശ്രീ സി.ഡി.എസ്-ന് 2016-17 വർഷം മുൻകൂർ നല്കിയ 20,00,000/- രൂപ ഏതാവശ്യത്തിനാണ് നല്കിയത് എന്നും, നാളിതുവരെ ഈ തുകയിൽ എത്ര തുക ചെലവഴിച്ചുവെന്നും , കളമശ്ശേരി നഗരസഭയിലെ കുടുംബശ്രീ - സി.ഡി.എസ് -ന് നിലവിൽ എത്ര അക്കൗണ്ടുകൾ ഉണ്ടെന്നും വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.30ന് നഗരസഭ മറുപടി നല്കിയില്ല.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ ഒമ്പതാം വകുപ്പ് പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ സമർപ്പിക്കുന്ന വാർഷികവരവ് ചെലവ് കണക്കുകളിൽ ഉൾപ്പെടുന്ന ഏതിനത്തെ സംബന്ധിച്ചുമുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി (പരിശോധനരീതിയും, ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12, 13 പ്രകാരവും തദ്ദേശസ്വയംഭരണസ്ഥാപനം വഴി നല്കുന്ന ഏതൊരു ധനസഹായത്തിന്റെയും വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നിരിക്കേ, 60,88,833/- രൂപയുടെ വരവ് - ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നത് ഗൗരവമായ കൃത്യവിലോപമാണെന്ന വസ്തുത നഗരസഭ കൗൺസിലിന്റെ പ്രത്യേകശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1)</u> <u>പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

# 2-1 റോഡ് കട്ടിംഗ് - റെസ്റ്റോറേഷൻ ഫീസ് ഈടാക്കിയതിലെ അപാകതകൾ

കളമശ്ശേരി നഗരസഭയിൽ ഓവർ ഹെഡ് OFC കേബിൾ സ്ഥാപിക്കുന്നതിനായി M/S റിയലൻസ് ജിയോ

ഇൻഫോകോം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 18-3-2019 ലെ രസീത് നമ്പർ 118010400155 പ്രകാരം 10370185/-രൂപ, നഗരസഭയിൽ അടച്ചിട്ടുണ്ട്

(ഫയൽ നമ്പർ.PW-8485/18). പൊതുമരാമത്ത് (റോഡ്സ് &അഡ്മിനിസ്ട്രേഷൻ) ചീഫ് എഞ്ചിനീയറുടെ 22-05-2018 ലെ CE/R&B /GL-RC/1/2018 സർക്കുലർ അനുസരിച്ച് നിർണ്ണയിച്ച റോഡ് റെസ്റ്റോറേഷൻ നിരക്ക് പ്രകാരമാണ് ഫീ ഈടാക്കിയിട്ടുള്ളത്. കൂടാതെ തദ്ദേശസ്വയംഭരണ (ഡിസി)വകുപ്പിന്റെ 22-05-2018 ഡിസി.2/531/2017/ തസ്വഭവ സർക്കുലർ പ്രകാരം ടെലികോം കമ്പനികൾക്ക് സംസ്ഥാനത്തെ റോഡുകളിലൂടെ OFC കേബിളുകൾ ഇടുന്നതിന് RoW(Right of way) പെർമിഷന് വേണ്ടി 75000/കിലോമീറ്റർ നിരക്കിൽ ഒറ്റതവണ ഫീസും പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന റെസ്റ്റോറേഷൻ ചാർജും ഈടാക്കേണ്ടതാണ്.

ഫയൽ നമ്പർ pw8485/18, pw9550/18, pw9551/18, pw12020/18, pw8484/18, pw8485/18 പ്രകാരം 46.325 കിലോമീറ്റർ ദൂരത്തിൽ 1671 പോളുകൾ സ്ഥാപിക്കുന്നതിനായി റെസ്റ്റോറേഷൻ ചാർജിനത്തിൽ 7155097/- രൂപയും കേബിൾ ട്രെഞ്ചിങ്ങിന് 1.732 കിലോമീറ്റർ (898m- tar road+834M- earth road)ന് 2239167/- രൂപയും HDD കേബിൾ ട്രെഞ്ചിങ്ങിന് 20 പിറ്റുകൾക്ക് 1.028 കിലോമീറ്റർ ദൂരത്തിന് 140419.5/രൂപയും കൂടി 9534684/രൂപ റെസ്റ്റോറേഷൻ ചാർജും റോഡുകളിൽ പോളുകൾ സ്ഥാപിക്കുന്നതിനുള്ള വാർഷിക ഫീസിനത്തിൽ 1671 പോളുകൾക്ക് 500/ നിരക്കിൽ 835500/-രൂപയും കൂടി മൊത്തം 10370185/- രൂപയാണ്അടവാക്കിയിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു. ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 18.11.2019 ലെ 7-ാം നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

1.ROW(Right of way) പെർമിഷന് വേണ്ടി 75000/കിലോമീറ്റർ നിരക്കിൽ ഒറ്റതവണ ഫീസ് ഇടാക്കിയിട്ടില്ല.

ഈടാക്കേണ്ട തുക= (46.325+2.76)x75000=49.085x75000=3681375/-

2. 22-05-2018 ലെ CE/R&B /GL-RC/1/2018 സർക്കുലർ അനുസരിച്ച് BT റോഡുകൾക്ക് ഏറ്റവും കുറഞ്ഞ റെസ്റ്റോറേഷൻ വീതി ഒരു മീറ്ററാണ് എങ്കിലും ട്രെഞ്ചിങ്ങ് നടത്തി കേബിൾ ഇടുന്നതിന് 0.5 മീറ്റർ വീതി കണക്കാക്കിയാണ് ഫീസ് ഈടാക്കിയത്. ഫയൽ നമ്പർ pw8235/18 പ്രകാരം 0.010കിലോമീറ്റർ, ഫയൽ നമ്പർ pw11145/18 പ്രകാരം 1.15 കിലോമീറ്റർ, ഫയൽ നമ്പർ pw11554/18 പ്രകാരം 3.8 കിലോമീറ്റർ എന്നിങ്ങനെ ആകെ 4.96 കിലോമീറ്ററിനാണ് ട്രെഞ്ചിങ്ങ്/HDD പിറ്റ് വഴി കേബിൾ ഇടുന്നതിന് അനുവദിച്ചിട്ടുള്ളത് എങ്കിലും 2.760 കിലോമീറ്ററിനു മാത്രമാണ് റെസ്റ്റോറേഷൻ ഫീ ഈടാക്കിയിട്ടുള്ളത്. ഈടാക്കേണ്ടിയിരുന്ന റെസ്റ്റോറേഷൻ ഫീ താഴെ ചേർക്കുന്നു.

| | | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവായി ഈടാക്കിയത് |
|---|---|---|---|---|
| 1 | പോളുകൾ സ്ഥാപിക്കുന്നതിനായി റെസ്റ്റൊറേഷൻ ചാർജ് | 7155097.07 | 7155097 | - |
| 2 | കേബിൾ ട്രഞ്ചിങ്ങിന് (എ) 898 m tar road(898 $m^2$@4680.65/$m^2$ | 2101611.85 | 4203223 | 2101612 |
| | (ബി) 834 m earth road (384$m^2$ @329.87/$m^2$) | 137555.79 | 275112 | 137556 |
| 3 | HDD പിറ്റ് വഴി കേബിൾ ഇടൽ – 1.028 km(20 പിറ്റ്) (30$m^2$ @4680.65) | 140419.5 | 140420 | - |
| | | | | |

| | | 9534684 | 11773852 | 2239168 |
|---|---|---|---|---|

3. ഫയൽ പ്രകാരം 4.96 കിലോമീറ്ററിന് ട്രെഞ്ചിങ്ങ്/HDD പിറ്റ് വഴി കേബിൾ ഇടുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എങ്കിലും 2.760 കിലോമീറ്ററിന് മാത്രമേ റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയിട്ടുള്ളൂ. ഇത് പരിശോധിച്ച് ബാക്കിയുള്ള 2.2 കിലോമീറ്ററിന് കൂടി റെസ്റ്റൊറേഷൻ ചാർജ് ഈടാക്കി അറിയിക്കേണ്ടതാണ്.

4. 22.10.2018ലെ സ.ഉ(സാധാ)നം 2701/2018/ തസ്വഭവ പ്രകാരം റെസ്റ്റോറേഷൻ ചാർജിന് മാത്രമാണ് ജി എസ് ടി ബാധകമാക്കേണ്ടതില്ലാത്തത്. 1671 പോളുകൾക്ക് 500/-രൂപ നിരക്കിൽ ഈടാക്കിയ വാർഷിക ഫീസായ 835500/-രൂപയ്ക്ക് GST ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. കുറവായി ഈടാക്കിയ ജി എസ് ടി തുക=835500 x18%=150390/-.

5. 05.06.2018ൽ ബഹുമാനപ്പട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ OFC കേബിളുകൾ ഇടുന്നതിന് RoW(Right of way) എന്ന വിഷയുമായി ബന്ധപ്പെട്ട് റോഡ് റെസ്റ്റോറേഷന്റെ നിരക്കുകളെക്കുറിച്ച് തീരുമാനമെടുത്തിട്ടുള്ളതും ആയത് പ്രകാരം HDD പിറ്റ് വഴി കേബിൾ ഇടുന്നതിന് പൊതുമരാമത്ത് പ്രത്യേകം നിരക്ക് നിശ്ചയിക്കുന്നതാണ് എന്നും തീരുമാനമെടുത്തിട്ടുള്ളതാണ്. HDD പിറ്റ് വഴി കേബിൾ ഇടുന്നതിന് ഇപ്രകാരം നിശ്ചയിച്ച നിരക്ക് പ്രകാരമല്ല നഗരസഭയിൽ റെസ്റ്റോറേഷൻ ഫീസ് ഈടാക്കിയിട്ടുള്ളത്.

6. റോഡ് കട്ടിംഗ് ചാർജുമായി ബന്ധപ്പെട്ട ഫയൽ നം pw-9424/18, Tp2-18056/16, pw-20911/18 എന്നീ ഫയലുകൾ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

ROW(Right of way) പെർമിഷൻ ഇനത്തിൽ 3681375/- രൂപയും റെസ്റ്റോറേഷൻ ഫീസ് ഇനത്തിൽ 2239168/-രൂപയും GST ഇനത്തിൽ 150390/-രൂപയും ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

# 2-2 ലൈസൻസ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കി

വാർഡ് നം 41-ൽ പ്രവർത്തിക്കുന്ന കാർബോറാൻഡം യൂണിവേർസൽ ലിമിറ്റഡ് എന്ന നിർമാണ കമ്പനിക്ക് 7750എച്ച് പി പ്രവർത്തിപ്പിക്കുന്നതിന് രസീത് നം 117010501997 തീ 28-2-2018 പ്രകാരം 3926/- ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നു. കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയതിനുള്ള വിശദീകരണമായി 2019-20 വർഷം 153150/-രൂപ ഈടാക്കിയിട്ടുള്ളതായും മുൻവർഷത്തേത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. ഈടാക്കേണ്ട നികുതിയായ 383500/- (6000+377500) രൂപയിൽ (200 എച്ച് പി വരെ 6000/-രൂപയും തുടർന്നുള്ള ഓരോ എച്ച് പി യ്ക്കും 50/- രൂപയും) ഈടാക്കിയ 3926/-രൂപ കുറച്ച് ബാക്കി 379574/- രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 2-3 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - രൂപ.18054/-

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നു.

| പേര്/ സ്ഥാപനം | 2018-19 ശമ്പളം(രൂ.)/ രസീത് നം. / | തൊഴിൽ നികുതി | | |
|---|---|---|---|---|
| | | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |

| | തീയതി | (രൂ.) | (രൂ.) | ഈടാക്കിയത് (രൂ.) |
|---|---|---|---|---|
| 1. M/s കൊക്ക്യോ ക്യാമ്ലിൻ ലിമിറ്റഡ് . | | | | |
| സമീഷ്, ക്ലർക്ക് | 109872/-<br>118010-116093<br>19.02.2019<br>രണ്ടാം അർദ്ധവർഷം | 1000 | 750 | 250 |
| 2.എസ്എം എൽ ഫിനാൻസ് ലിമിറ്റഡ്, ഇടപ്പള്ളി. | | | | |
| ധനേഷ് കെ.എസ്., അസി. മാനേജർ | 118010500238<br>30.08.2018 | 1000 | 930 | 70 |
| 3. ടോപ്പ് മോസ്റ്റ് ഡെന്റൽ ക്ലിനിക്ക്<br>നിയാസ് കെ.എ. | 51000/-<br>118010117648<br>27.02.2019<br>രണ്ടാം അർദ്ധവർഷം | 450 | 300 | 150 |
| 4. കുമ്മഞ്ചേരി ഹാർഡ്വെയേഴ്സ്, പത്തടിപ്പാലം. ഒന്നാം അർദ്ധവർഷം | | | | |
| എ) മോഹൻ | 108000/-<br>118010 105186<br>03.09.2018 | 1000 | 180 | 820 |
| ബി) ജിയാസ് | 114000/- | 1000 | 180 | 820 |
| സി) റാഫി | 132000/- | 1000 | 180 | 820 |
| ഡി) കരിം | 270000/- | 1000 | 450 | 550 |
| കുമ്മഞ്ചേരി ഹാർഡ്വെയേഴ്സ്, പത്തടിപ്പാലം. രണ്ടാം അർദ്ധവർഷം | | | | |
| എ)മോഹൻ | 108000/-<br>118010 105186<br>03.09.2018 | 1000 | | 820 |
| ബി) ജിയാസ് | 114000/- | 1000 | | 820 |
| സി) റാഫി | 132000/- | 1000 | | 820 |
| ഡി)കരിം | 270000/- | 1000 | | 550 |
| 5. നവ്ഗതി മറൈൻ ഡിസൈൻ ആന്റ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്. | 63792/-<br>118010 500439<br>14.09.2018 | 600 | 450 | 150 |
| 6. ജി.എസ്.എച്ച്. യൂട്ടിലിറ്റീസ് സർവ്വീസസ് പ്രൈവറ്റ് ലി., ഒന്നാം അർദ്ധവർഷം. | | | | |
| എ) സഞ്ജയ് കുമാർ, ഹൗസ് കീപ്പർ | 58926/-<br>118010 501034<br>30.11.2018 | 450 | 300 | 150 |
| ബി) മഹാദേവ് റാം ടെക്നീഷ്യൻ. | 58926/-<br>118010 501034<br>30.11.2018 | 450 | 300 | 150 |
| 7. ഹിൽവാലി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ, തൃക്കാക്കര. | | | | |
| എ) ബിനു ബെസ്റ്റി, അഡ്മിനിസ്ട്രേറ്റീവ് കോ - ഓർഡിനേറ്റർ | 106500/-<br>118010 501946<br>23.03.2019 | 1000 | 750 | 250 |

| | | | | |
|---|---|---|---|---|
| ബി) ജോളി ജോൺ, അക്കൗണ്ട്സ് അസിസ്റ്റന്റ്. | 67800/-<br>118010 501946<br>23.03.2019 | 600 | 450 | 150 |
| സി) വിജയ് ജീവൻ, ഡ്രൈവർ | 65100/-<br>118010 501946<br>23.03.2019 | 600 | 300 | 300 |
| ഡി) വിവേക് പീറ്റർ, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്. | 59400/-<br>118010 501946<br>23.03.2019 | 450 | 300 | 150 |
| ഇ) രഞ്ജിത്ത്, ലൈബ്രേറിയൻ | 90300/-<br>118010 501946<br>23.03.2019 | 750 | 180 | 570 |
| എഫ്) അമൃത ടി. ഓഫീസ് ക്ലർക്ക് | 67500/-<br>118010 501946<br>23.03.2019 | 600 | 450 | 150 |
| ജി)ശിൽപ ശശി ഓഫീസ് ക്ലർക്ക് | 57000/-<br>118010 501946<br>23.03.2019 | 450 | 300 | 150 |
| എച്ച്) രാജേഷ് വി.ആർ. ഡ്രൈവർ. | 78000/-<br>118010 501946<br>23.03.2019 | 750 | 600 | 150 |
| ഐ) നാൻസി ജോർജ്ജ്, എ.പി. ഇൻ നാച്വറൽ സയൻസ്. | 106500/-<br>118010 501946<br>23.03.2019 | 1000 | 750 | 250 |
| 8. സെന്റ് പോൾസ് ഇന്റർ നാഷ്ണൽ സ്കൂൾ, കളമശ്ശേരി. | | | | |
| എ) സിമ്മി ആർ. ടീച്ചർ | 75000/-<br>118010 502052<br>30.03.2019 | 750 | 600 | 150 |
| ബി) ബിനിത തങ്കപ്പൻ, ടീച്ചർ. | 78000/-<br>" " | 750 | 600 | 150 |
| സി) ലിജി ജോസഫ്, ടീച്ചർ. | 78000/-<br>" " | 750 | 600 | 150 |
| ഡി) കവിത എൻ.വി. ടീച്ചർ | 79200/-<br>" " | 750 | 600 | 150 |
| സൂര്യ ഫ്രാൻസീസ് | 76800/-<br>" " | 750 | 600 | 150 |
| ഷീല സൂസൻ ജോൺ, ടീച്ചർ | 78000/-<br>" " | 750 | 600 | 150 |
| ജെസ്സി വർഗ്ഗീസ്, ടീച്ചർ | 75000/-<br>" " | 750 | 600 | 150 |
| ഷംസുദ്ദീൻ എ.ഇ., ഡ്രൈവർ | 77718/-<br>" " | 750 | 600 | 150 |
| ജോണി കെ.വി., ഡ്രൈവർ | 77718/-<br>" " | 750 | 600 | 150 |
| അഭിലാഷ് ജി., ഡ്രൈവർ | 77718/-<br>" " | 750 | 600 | 150 |
| കെ.കെ. ബാബു, ഡ്രൈവർ | 77400/-<br>" " | 750 | 600 | 150 |

| | | | | |
|---|---|---|---|---|
| | " " | | | |
| കെ.വി. പ്രസാദ്, ഡ്രൈവർ | 77400/-" " | 750 | 600 | 150 |
| | | | ആകെ | 10860 |

ISS- SDB സെക്യൂരിറ്റി സർവ്വീസസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതിൽ 7194/-രൂപയുടെ (രസീത് നം. 118010 500974 തീ. 22.10.2018) കുറവ് കാണുന്നു.

തൊഴിൽ നികുതിയിനത്തിൽ കുറവായി ഈടാക്കിയിരിക്കുന്ന തുക 18,054/-രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി നഗരസഭാഫണ്ടിൽ അടവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 25.11.2019 ലെ 37-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

# 2-4 ടെണ്ടർ ഫോറം വില ഈടാക്കിയത് കുറവ്

GO (P) No 429/15/fin dated 28.09.2015 പ്രകാരം 10 ലക്ഷത്തിനു മുകളിൽ ഒരു കോടി രൂപ വരെ അടങ്കൽ വരുന്ന പ്രവൃത്തികൾക്കുള്ള ടെണ്ടർ ഫോറങ്ങൾക്ക് 2500/- രൂപയാണ് ഈടാക്കേണ്ടത്. വിലയോടൊപ്പം 12% GST കൂടി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന രണ്ട് പദ്ധതികളിലുമായി 400 രൂപയും 18% GST യുമാണ് ടെണ്ടർ ഫോറങ്ങൾക്ക് വില ഈടാക്കിയിട്ടുള്ളത്. ബാലൻസ് തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

എ) പദ്ധതി നം -SO 205/18-19, സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ.

| ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനം | അടച്ച തുക (400+18% GST) | രസീത് നം | ഈടാക്കേണ്ട തുക (2500+ 12% GST) | ബാലൻസ് തുക |
|---|---|---|---|---|
| പ്രവീൺ കെ, പാലക്കാട് | 472 | 118010109121/ 08.02.18 | 2800 | 2328 |
| ഹാഷ് സൊല്യൂഷൻസ്, വൈറ്റില | 472 | 118010109120/ 08.02.18 | 2800 | 2328 |
| GNC capture technical systems Kadavanthra | 472 | 118010109119/ 08.02.18 | 2800 | 2328 |
| ആകെ | 1416 | | 8400 | 6984 |

ബി) SO 203/18-19, ഉറവിട മാലിന്യ സംസ്കരണ പ്ലാന്റ്-വിൻഡ്രോ കമ്പോസ്റ്റ് (തുമ്പൂർമുഴി മോഡൽ)

| ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനം | അടച്ച തുക (400+ 18% GST) | രസീത് നം | ഈടാക്കേണ്ട തുക (2500+ 12% GST) | ബാലൻസ് തുക |
|---|---|---|---|---|
| പ്രൊപ്രൈറ്റർ, പ്രകൃതി, ആലുവ | 472 | 118010109703/ 12.11.18 | 2800 | 2328 |
| ആലപ്പി ബയോടെക് | 472 | 118010109698/ 12.11.18 | 2800 | 2328 |

| | | | | |
|---|---|---|---|---|
| ദിനമിത്ര ബയോഗ്യാസ് പ്ലാന്റ് കോട്ടയം | 472 | 118010109704/ 12.11.18 | 2800 | 2328 |
| ആകെ | 1416 | | 8400 | 6984 |

ആകെ 13,968/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-5 പിരിച്ച മുഴുവൻ തുകയും നഗരസഭയിൽ അടവാക്കിയില്ല

2018-19 വേസ്റ്റ് കളക്ഷൻ യൂസർഫീ പിരിക്കുന്നതിനായി ഉപയോഗിച്ച താഴെ പറയുന്ന രസീതുകൾ പ്രകാരം പിരിച്ച മുഴുവൻ തുകയും നഗരസഭയിൽ അടവാക്കിക്കാണുന്നില്ല.

| തീയതി | രസീത് നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ തുക | നഗരസഭ ഫണ്ടിൽ അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 06.09.18 | 263/13117 | K R Bakery HMT Jn | 3000 | 1000 | 2000 |
| 28.03.19 | 347/17333 | Selil Moideen Arya Vaidya Hospital | 1800 | - | 1800 |
| അടക്കാൻ ബാക്കിയുള്ള ആകെ തുക | | | | | 3800 |

നഗരസഭ ഫണ്ടിൽ അടവാക്കാത്ത 3800/-രൂപ ഉത്തരവാദിയായ പ്രോജക്ട് ഓഫീസറിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ തൻവർഷം ഉപയോഗിച്ച 119,175 എന്നീ ക്രമ നമ്പറിലുള്ള രണ്ട് രസീത് ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 21/21.11.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രസീതു ബുക്കുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ബസ് ടെർമിനൽ നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 114/16, 168/17, 366/18 |
| [illegible] | [illegible] |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബസ് ടെർമിനൽ നിർമ്മാണം |
| അടങ്കൽ | ~~രൂ. 3,25,00,000/-~~ |
| കരാർ തുക | രൂ. 3,11,54,500/- |
| കൺസൾട്ടന്റ് ഏജൻസി | M/s കിറ്റ്കോ, എറണാകുളം |
| കരാറുകാർ | M/s.സിറ്റ്കോ അസോസിയേറ്റ്സ്, എറണാകുളം |
| അളവ് പുസ്തകം | 6622, 6855, 6909, 7022, 7107, 7108, 7115, 7116, 7122, 7123,7124 |
| ട്രഷറി ബിൽ | തീയതി 22.03.2018 |

നഗരസഭ കൗൺസിലിന്റെ 30-06-2015 ഒന്നാം നമ്പർ തീരുമാന പ്രകാരമാണ് ബസ് ടെർമിനൽ നിർമ്മാണത്തിന്റെ കൺസൾട്ടന്റ് ഏജന്റായി KITCO യെ നിയമിക്കുകയും അവർ തയ്യാറാക്കിയ 32500000 രൂപയുടെ അടങ്കൽ അംഗീകരിക്കുകയും ചെയ്തത്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| | |
|---|---:|
| ആകെ പ്രവൃത്തി മൂല്യം | 30680233 |
| കൂട്ടുക : എക്സ്ട്രാ ഇനം (ഇലക്ട്രിക്കൽ) | 220315 |
| | 30900548 |
| കുറയ്ക്കുക : ടെണ്ടർ കുറവ് @ 4.14% | 1279283 |
| | 2961265 |
| കൂട്ടുക : എക്സ്ട്രാ ഇനം (സിവിൽ) | 2531578 |
| ആകെ | 32152843 |
| കുറയ്ക്കുക : വാറ്റ് @ 4% | 1286114 |
| ആദായ നികുതി | 643057 |
| ക്ഷേമനിധി വിഹിതം | 321528 |
| ക്ലിയറിംഗ് ചാർജ്ജ് | 3215 |
| കാലതാമസത്തിനുള്ള ഫൈൻ | 100000 |
| 1,2,3,4,5,6,7 പാർട് ബിൽ നൽകിയത് | 24574275 |
| റീടെൻഷൻ തുക | 678922 |
| കരാറുകാരന് നൽകിയ തുക<br>ട്രഷറി ബിൽ തീയതി 22-03-018 | 4545732 |

ഈ പ്രവൃത്തിയുടെ റീടെൻഷൻ തുക 678922 രൂപയിൽ പെർഫോർമൻസ് ഗ്യാരന്റിയിനത്തിൽ പിടിച്ചു വെച്ച 43414 രൂപ കഴിച്ച് ബാക്കി 621168 രൂപ 15-01-19 ലെ ചെക്ക് നമ്പർ 2588465 മുഖേന കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ നടത്തിപ്പിലെ അപാകതകൾ താഴെപ്പറയും പ്രകാരമാണ്.

(1) <u>എക്സ്ട്രാ ഇനമായി ചെയ്ത പ്രവൃത്തിയിൻമേൽ ടെണ്ടർ കുറവ് വരുത്തിയില്ല</u>

ഇ-ടെണ്ടർ നോട്ടീസിലെ വ്യവസ്ഥ പ്രകാരം എക്സ്ട്രാ ഐറ്റത്തിന് പ്രവൃത്തി ചെയ്യുന്ന കരാറുകാരന്റെ അംഗീകൃത ടെണ്ടർ നിരക്ക് മാത്രമേ അംഗീകരിക്കകയുള്ളൂ. അതായത് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കുകൾ പ്രകാരമുള്ള ആകെ തുക പി.എ.സി.യുടെ എത്ര ശതമാനം കുറവാണെന്ന് കണക്കാക്കി അത്രയും ശതമാനം മാത്രമെ എക്സ്ട്രാ ഐറ്റത്തിന്റെ നിരക്കിലും അനുവദിക്കാവൂ. എന്നാൽ ഈ പ്രവൃത്തിയിൽ എക്സ്ട്രാ ഇനമായി ചെയ്ത 2531578 രൂപയുടെ പ്രവൃത്തിക്ക് 4.14% ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. തന്മൂലം 1,04.807 രൂപ കരാറുകാർക്ക് അധികം നൽകാൻ ഇടയായിട്ടുണ്ട്. ഈ തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(2) <u>പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് നഷ്ടപരിഹാരം ഈടാക്കിയിട്ടില്ല.</u>

2012 ലെ PWD മാന്വൽ 2112 പ്രകാരം ഫൈൻ ഈടാക്കിക്കൊണ്ട് പ്രവൃത്തി കാലാവധി നീട്ടി നൽകാവുന്നതാണ്. ആകെ പ്രവൃത്തി കാലാവധിയുടെ പകുതി സമയം വരെ മാത്രമേ അങ്ങനെ നീട്ടി നൽകാൻ കഴിയുകയുള്ളൂ. 01-12-2015 ൽ വർക്ക് ഓർഡർ നൽകിയ ഈ പ്രവൃത്തിയുടെ കാലാവധി ഒരു വർഷമാണ്. അതനുസരിച്ച് 30-11-2016 ൽ പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി 30-06-2017 ൽ മാത്രമാണ് പൂർത്തീകരിച്ചത്. നിയമപ്രകാരം ഫൈൻ അടച്ച് കരാറുകാർ കാലാവധി നീട്ടി വാങ്ങിയിട്ടില്ലാത്തതിനാൽ PWD മാന്വൽ 2116.1 പ്രകാരം പ്രതിവാരം കരാർ തുകയുടെ 0.1% നിരക്കിൽ 28 ആഴ്ചയ്ക്ക് 872326 രൂപ നഷ്ട പരിഹാരം നൽകാൻ അവർക്ക് ബാധ്യതയുണ്ട്. അതിന് പകരം ഫൈനൽ ബില്ലിൽ നിന്നും ഫൈൻ ഇനത്തിൽ 1,00,000 രൂപ മാത്രം ഈടാക്കിയതിനാൽ 772326 രൂപ നഗരസഭയക്ക് നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

(3) <u>ടെണ്ടർ ഫോറത്തിന്റെ വില നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല</u>

07-07-2015 ലെ ടെണ്ടർ നോട്ടീസിൽ ടെണ്ടർ ഫോറത്തിന്റെ വിലയായി 7500 രൂപയും 5% നികുതിയുമാണ് കാണിച്ചിരുന്നത്. ഈ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതിൽ എട്ട് കരാറുകാർ പങ്കെടുത്തതായി കിറ്റ്കോയുടെ 03-08-2015 ലെ 3110/DP-787/PN:2015 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് എട്ട് കരാറുകാരിൽ നിന്നായി ടെണ്ടർ ഫീസിനത്തിൽ കിറ്റ്കോയ്ക്ക് ലഭിച്ച 60000 രൂപ തിരികെ വാങ്ങി നഗരസഭാ ഫണ്ടിലേക്ക് വരവ് വെക്കേണ്ടതാണ്.

(4) <u>പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടില്ല.</u>

2015-16 വർഷം മുതൽ ബഹുവർഷ പ്രോജക്ടായി നടപ്പാക്കി വരുന്ന ഈ പദ്ധതിയിലെ ബസ് ടെർമിനൽ നിർമ്മാണ പ്രവൃത്തി 2017-18 വർഷം പൂർത്തിയായെങ്കിലും ടെർമിനൽ പ്രവർത്തനസജ്ജമായിട്ടില്ല. പദ്ധതിയിൽ വിഭാവനം ചെയ്ത തുക ഏതാണ്ട് മുഴുവനായും ചെലവഴിച്ചിട്ടും ബസ് ടെർമിനൽ ജനങ്ങൾക്ക് പ്രയോജനം ചെയ്യാതെ അവശേഷിക്കുകയാണ്. ബസ് ടെർമിനലിന്റെ പിറക് വശത്ത്, പൊതുജനങ്ങൾ ഒരുതരത്തിലും എത്തിച്ചേരാനിടയില്ലാത്ത ഭാഗത്ത് കടമുറികൾ നിർമ്മിച്ചിരിക്കുന്നത് ഡിസൈനിംഗിൽ വന്ന പിശകാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

# 3-2 അധിക അളവിൽ ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു. രൂപ 16023/-നഷ്ടം

| | |
|---|---|
| ഫയൽ നമ്പർ | എസ്. 3740/17 |
| പ്രവൃത്തിയുടെ | 30 -ാം വാർഡിൽ അമ്പലം മാനാത്തുപാടം |

| | |
|---|---|
| പേര് | റോഡിൽ കാന പുന നിർമ്മാണവും കട്ട വിരിക്കലും |
| അടങ്കൽ | രൂ. 9,06,000 (തനത് ഫണ്ട്) |
| കരാർ തുക | രൂ. 8,26,627 |
| കരാറുകാരൻ | ശ്രീ. മനോജ് പി. |
| എസ്റ്റിമേറ്റ് പി.എ.സി. | രൂ. 9,05,740 |
| കരാർ | നം.124/17-18 തീയതി 09-11-2017 |
| ടെണ്ടർ നിരക്ക് | 08.73 % കുറവ് |
| അളവുപുസ്തകം | 102/17-18 |
| ചെലവ് വിവരം | ചെക്ക് നം.279001തീയതി 08-10-18 രൂ.10,72,388/- |

24-10-017 ലെ PW 2952/17 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത രണ്ട് ഇനങ്ങൾ കരാറുടമ്പടിയിലെ അളവിനേക്കാൾ കൂടുതൽ ചെയ്യേണ്ടി വന്നിട്ടുണ്ട്. ടെണ്ടർ വ്യവസ്ഥകളിലെ മൂന്നാം ഖണ്ഡികയിൽ ഏതെങ്കിലും ഒരു ഐറ്റത്തിന്റെ അളവ് കരാറുടമ്പടിയിലും കൂടുന്ന പക്ഷം അധികരിച്ച അളവിന് നൽകാവുന്ന നിരക്ക് കരാറുകാരൻ ടി പ്രവൃത്തിക്ക് ക്വോട്ട് ചെയ്ത നിരക്കോ എസ്റ്റിമേറ്റ് നിരക്കോ ഏതാണ് കുറവ് എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ ഈയിനങ്ങൾക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത ഉയർന്ന നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ പറയുന്നു.

| നം | ഇനം | എസ്റ്റിമേറ്റ് പ്രകാരം | | ക്വോട്ട് ചെയ്തത് | | ചെയ്ത അളവ് | അനുവദിച്ചത് | | ടെണ്ടർ വ്യവസ്ഥ പ്രകാരം അനുവദിക്കാവുന്നത് | | | അധികം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | അളവ് | നിരക്ക് | നിരക്ക് | കൂട്ട തൽ | | നിരക്ക് | തുക | അളവ് | നിരക്ക് | തുക | |
| 1 | Smooth finishing | 85.90 $m^2$ | 214.29/ $m^2$ | 650 | 303% | 92.54$m^2$ | 650 | 60150 | 85.90 | 650.00 | 55835 | 2892 |
| | | | | | | | | | 6.64 | 214.29 | 1423 | |
| | | | | | | | | | ആകെ | | 57258 | |
| 2 | Steel Reinforce ment for RCC | 1219.50 Kg | 84.35/ Kg | 350 | 315% | 1268.93Kg | 350 | 444125 | 1219.50 | 350.00 | 426825 | 13131 |
| | | | | | | | | | 49.43 | 84.35 | 4169 | |
| | | | | | | | | | ആകെ | | 430994 | |
| | | | | | | | | | | | ആകെ | 16023 |

മേൽപ്പറഞ്ഞ പ്രകാരം കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി അധിക അളവ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം കരാറുകാരന് അധികം നൽകാൻ ഇടയായ 16023/- രൂപ തിരികെ ഈടാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് 21-11-2019 ൽ നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 05/08/2019 & 06/08/2019 | കെ.എസ്.എ-ഇ.കെ.എം (പി.ജി)1367 (10)/2019 തീയതി.21.08.2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | | 27,00,000 | 0 | 27,00,000 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | | 12,40,746 | 0 | 12,40,746 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-6 സ്ഥിര നിക്ഷേപം

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 69,62,613 |
| തൻവർഷം നിക്ഷേപിച്ച് തുക | 0 |

| | |
|---|---|
| ആകെ | 69,62,613 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 69,62,613 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | ക്ലീൻ കേരള 2000 ഇക്വിറ്റി ഷെയറിലെ നിക്ഷേപം സർട്ടിഫിക്കറ്റ് നം .14 തീയതി 26.05.2014 | 21,05,400 |
| 2 | ക്ലീൻ കേരള ഇക്വിറ്റി ഷെയറിലെ നിക്ഷേപം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. തുക നൽകിയത് ഡി.ഡി.നം. 687948 തീയതി 21.04.2016 | 32,39,820 |
| 3 | ക്ലീൻ കേരള ഇക്വിറ്റി ഷെയറിലെ നിക്ഷേപം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. തുക നൽകിയത് ഡി.ഡി.നം. 687942 തീയതി 21.04.2016 | 16,17,393 |
| | ആകെ | 69,62,613 |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

**ഇല്ല**

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക –**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45,06,47,397 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36,13,76,119 |
| വരവിനങ്ങളിലുള്ള നഷ്ടം | 63,35,939 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,93,156 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,86,469 |

(ബി) നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 59,20,543 | | ശ്രീ.അനിൽകുമാർ ബി. സെക്രട്ടറി |
| 2-2 | 3,79,574 | | ശ്രീ. എസ്.ശ്രീകുമാരൻ,സൂപ്രണ്ട് (സെക്രട്ടറി- ഇൻ-ചാർജ്ജ്) |
| 2-3 | 18,054 | | ശ്രീ. എസ്.ശ്രീകുമാരൻ,സൂപ്രണ്ട് (സെക്രട്ടറി- ഇൻ-ചാർജ്ജ്) |
| 2-4 | 13,968 | | ശ്രീ.മാത്യു ജോർജ്ജ്, പ്രൊജക്ട് ഓഫീസർ |
| 2-5 | 3,800 | | ശ്രീ.മാത്യു ജോർജ്ജ്, പ്രൊജക്ട് ഓഫീസർ |
| 3-1 | | 8,77,133 | ശ്രീ. ഷിബു നാൽപ്പാട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 16,023 | ശ്രീ.അനിയൻ കുഞ്ഞ് എൻ.ജി. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 63,35,939 | 8,93,156 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 197000 | ശ്രീ.ബി.അനിൽ കുമാർ,സെക്രട്ടറി |
| 1-37 | 97000 | ശ്രീ.മാത്യു ജോർജ്ജ്, പ്രൊജക്ട് ഓഫീസർ |
| 1-39 | 97759 | ശ്രീ.മാത്യു ജോർജ്ജ്,പ്രൊജക്ട് ഓഫീസർ |
| 1-42 | 110250 | ശ്രീ. എസ്.ശ്രീകുമാരൻ, സൂപ്രണ്ട്/സെക്രട്ടറി ഇൻ ചാർജ് |
| 1-48 | 284460 | ശ്രീമതി. ഹണിമോൾ ജെ.കട്ടക്കയം പട്ടികജാതി വികസന ഓഫീസർ |
| ആകെ | 786469 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-23 | 6098/- |
| 2-1 | 150390/- |
| **ആകെ** | **156488/-** |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | 1-33 |
|---|---|

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി.അനിൽ കുമാർ, സെക്രട്ടറി | സെക്രട്ടറി,<br>കളമശ്ശേരി നഗരസഭ | ലക്ഷ്മിഗോപാലം,<br>നടുവത്ത്ചേരി,<br>ചവറ സൗത്ത് (പി.ഒ.)<br>കൊല്ലം – 691584 |
| ശ്രീകുമാരൻ, സൂപ്രണ്ട്-സെക്രട്ടറി ഇൻ-ചാർജ്ജ് | സൂപ്രണ്ട്,<br>നെയ്യാറ്റിൻകര<br>നഗരസഭ | വടക്കുംകര വീട്<br>ചാത്തലാംപാട്ട്കോണം<br>വെടിവെച്ചാൻകോവിൽ<br>ബാലരാമപുരം പി.ഒ.<br>തിരുവനന്തപുരം |
| ഷിബു നാൽപ്പാട്ട് ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എൻജിനീയർ | നാൽപ്പാട്ട് വീട്<br>ചങ്ങമ്പുഴ നഗർ പി.ഒ.<br>കളമശ്ശേരി – 682033 |
| എൻ.ജി. അനിയൻകുഞ്ഞ്<br>അസിസ്റ്റന്റ് എൻജിനീയർ | സേവനത്തിൽ നിന്ന്<br>വിരമിച്ചു | ലവ്ഡേയ്ൽ,<br>കല്ലുകുഴി ജംഗ്ഷൻ,<br>കടമ്പനാട്ട് പി.ഒ.<br>പത്തനംതിട്ട – 691552 |
| ശ്രീമതി. ഹണിമോൾ<br>ജെ.കട്ടക്കയം<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന<br>ഓഫീസർ<br>കളമശ്ശേരി നഗരസഭ | നെല്ലിക്കുന്നേൽ വീട്<br>കരിപ്പായി സുന്ദരഗിരി<br>റോഡ്<br>കളമശ്ശേരി പി.ഒ.<br>എറണാകുളം |
| ശ്രീ.മാത്യു ജോർജ്ജ്,<br>പ്രൊജക്ട് ഓഫീസർ | പ്രൊജക്ട് ഓഫീസർ,<br>കളമശ്ശേരി നഗരസഭ | കിടുത്താട്ടിൽ വീട്<br>വിള്ളൂർ,<br>വെട്ടിക്കവല പി.ഒ.<br>കൊട്ടാരക്കര,<br>കൊല്ലം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.ഇ(എം1)1106/04/3.02.2005 | |
| 1999-00 | എൽ.എഫ്.ഇ(എം2)1153/05/18.5.2006 | |
| 2000-01 | എൽ.എഫ്.ഇ(എം2)771/07/23.2.2008 | |
| 2001-02 | എൽ.എഫ്.ഇ(എം2)1159/07/25.2.2008 | |
| 2002-03 | എൽ.എഫ്.ഇ(എം2)327/10/20.6.2011 | |
| 2003-04 | എൽ.എഫ്.ഇ(എം2)328/10/02.7.2011 | |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.ഇ(എം2)329/10/02.7.2011 | |
| 2005-06 & 06-07 | എൽ.എഫ്.ഇ(എം2)1990/13/18.11.2013 | |
| 2007-08 | എൽ.എഫ്.ഇ(എം2)727/11/26.12.2011 | |
| 2008-09 | എൽ.എഫ്.ഇ(എം2)1197/11/27.4.2012 | |
| 2009-10 & 2010-11 | എൽ.എഫ്.ഇ(എം2)45/13/13.2.2013 | |
| 2011-12 | എൽ.എഫ്.ഇ(എം2)131/14/13.2.2014 | |
| 2012-13 | എൽ.എഫ്.ഇ(എം2)192/15/09.1.2015 | |
| 2013-14 | എൽ.എഫ്.ഇ(എം2 )646 /2015 07.07.15 | |
| 2014-15 | കെഎസ്.എ.ഇ.കെ.എം(എം2) 1404/2015 26.08.2015 | |
| 2015-16 | കെഎസ്.എ.ഇ.കെ.എം (എം2)69/2017 08.02.2017 | |
| 2016-17 | കെഎസ്.എ.ഇ.കെ.എം (എം2)1780/2017 08.12.2017 | |
| 2017-18 | കെഎസ്.എ.ഇ.കെ.എം (എം2)7/2019 15.03.2019 | |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം**

# അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കളമശ്ശേരി നഗരസഭയുടെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## ന്യൂനതകളുടെ സംഗ്രഹം

1. ഡെപ്പോസിറ്റ് രജിസ്റ്റർ (കോൺട്രാക്ടേഴ്സ് ഇ.എം.ഡി, സപ്ലൈയേഴ്സ് ഇ.എം.ഡി, ടൗൺ ഹാൾ സെക്യൂരിറ്റി ഡെപ്പോസിറ്റ്) കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.
2. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഡി.സി.ബി പത്രികയും അക്കൗണ്ട്സും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4.തൊഴിൽ രഹിത വേതനം ട്രഷറിയിലേക്ക് തിരിച്ചടച്ച 6840/- രൂപയുടെ വിവരം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. 2010 മുതലുള്ള കാലഹരണപ്പെട്ട ചെക്കുകളുടെ വിവരം സ്റ്റെയിൽ ചെക്ക് എന്ന ഇനത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. താഴെ പറയുന്ന അക്കൗണ്ടുകളുടെ വർഷാന്ത്യ നീക്കിയിരിപ്പ് ബാങ്ക് നിക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(1). SBI – തനത് ഫണ്ട് അക്കൗണ്ട് - 2221

(2). ഫെഡറൽ ബാങ്ക് അക്കൗണ്ട് - 1176

(3). SBI - തനത് - 1412

(4). STSB - 16

(5).സിൻഡിക്കേറ്റ് ബാങ്ക് - AUECOS

(6). സിൻഡിക്കേറ്റ് ബാങ്ക് - BSUP

(7). യൂണിയൻ ബാങ്ക് - NULM

7. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ജോയിന്റ് ഡയറക്ടർ

ANNEXURE-1

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **KALAMASSERY MUNICIPALITY** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 295(6) of the Kerala Municipalily Act 1994, Rule No. 60 of Kerala Municipality (Accounts) Rules 2007, and guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Nagarapalika Institutions and the instructions vide GO(Rt) 1413/2018/LSGD, dated, 22.05.2018

In my opinion, the Financial Statement of **KALAMASSERY MUNICIPALITY** for the year 2018-19 subject to the observations in Annexure-2 properly presents the picture of income, expenditure and closing balance.

JOINT DIRECTOR
STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, ERNAKULAM

Defects identified on verification of Annual Financial Statement 2018-19 of KALAMASSERY MUNICIPALITY

1) Deposit Register (Contractor's EMI, Suppliers EMD, Town Hall Security Deposit) not maintained properly.

2) Investment Register is not maintained.

3) DCB statement in respect of Property tax does not agree with Annual Financial Statement.

4) Refund of Rs.6840/- in respect of unemployment allowance is not included in the AFS.

5) Provision for uncashed cheques issued since 2010 is not included in the head of 'stale cheque' in the balance sheet of AFS.

6) Yearly Cash Book Closing Balance in respect of the following bank accounts is not reconciled with Bank Closing Balance.

| | | |
|---|---|---|
| 1 | SBI – Own Fund - account No. | 2221 |
| 2 | Federal Bank - account No. | 1176 |
| 3 | SBI Own Fund -account No. | 1412 |
| 4 | STSB | 16 |
| 5 | Syndicate Bank | AVEGS |
| 6 | ,, | BSUP |
| 7 | Union Bank | NULM |

7) All assets including land is not assesed and included in the Asset Register.

**Joint Director**